Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 സെപ്ററംബർ 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കന്നി 5 | ലക്കം 7

## പുനരൈക്യരജതജൂബിലിസമാപനമഹാമഹം

## "സ്മാരകസ്പെഷ്യൽ"

### 1786 സെപ്തംബറിൽ മിന്നിമറഞ്ഞ പുനരൈക്യതാരം 1930 സെപ്തംബറിൽ പ്രശോഭിതമായി

ആറാം മാർത്തോമ്മാ (ഒന്നാം മാർ ദിവന്ന്യാസിയോസ്) അഭിലഷിച്ച മഹാകാര്യം ബഥനിയുടെ
മാർ ഈവാനിയോസും മാർ തിയോഫിലോസും സഫലമാക്കി



പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തിയോഫിലോസും
എറണാകുളംമെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെ സന്ദർശിച്ച രംഗം.

"പുനരൈക്യപ്രസ്ഥാനത്തിൻെറ തലതൊട്ടപ്പൻ എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനിയെ ഈ ജൂബിലിവേളയിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു് പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കും മറവുമായി ചെയ്തിട്ടുള്ള സേവനം സീമാതീതമത്രേ. പ്രത്യേകിച്ചും അതിൻെറ ആരംഭഘട്ടത്തിൽ വന്ദ്യപിതാവു പ്രസ്ഥാനത്തിൻെറ താങ്ങും തണലും, അല്ല, അതിൻെറ സർവ്വസ്വവുമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിക്കും മാർ തിയോഫിലോസ് തിരുമേനിക്കും അവിടുന്നു നൽകിയ ഹൃദ്യമായ സ്വാഗതം ഇന്നും അതിൻെറ പുതുമയിൽ സ്മരിക്കപ്പെടുന്നുണ്ട്. മാർ സെവേറിയോസ് തിരുമനസ്സുകൊണ്ടു വന്ദ്യപിതാവിൻെറ പൈതൃകമായ വാത്സല്യാതിരേകത്തിൽ മതിമറന്നു പ്രശംസിച്ചിട്ടുള്ളതു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. സ്വന്തം വീട്ടിലെ ഹൃദ്യമായ പ്രതീതിയാണ് എറണാകുളം അരമനയിൽ ചെന്നാലുണ്ടാവുക എന്നു തിരുമേനി പറയുമായിരുന്നു."

(വെരി റവ. മോൺ. ജോൺ കച്ചിറമററം.)

# പുനരൈക്യമഹാരഥന്മാർ

(മോൺ. ജോൺ കച്ചിറമററം)

പ്രശസ്തനായ ആ മഹാശില്പി—മാർ ഇവാനിയോസ്—തന്റെ അമ്പതു കൊല്ലക്കാലത്തെ ജീവിതം ഓളങ്ങളുടെയിടയിൽ പെട്ടുകിടന്ന ചുക്കാനില്ലാത്ത സമുദായവഞ്ചിയെ, ശാന്തിയുടെ തുറമുഖത്തു് അടുപ്പിക്കുന്നതിനുള്ള നിരന്തരയത്നത്തിൽ ചെലവഴിക്കുകയായിരുന്നു. താൻ ബദ്ധപ്പെട്ടു സമ്പാദിച്ച വിലപ്പെട്ട എം. എ. ഡിഗ്രിയുടെ മാഹാത്മ്യത്തെ വിഗണിച്ചുകൊണ്ടു്, സമുദായസേവനത്തിനായി ആത്മാർപ്പണം ചെയ്യുകയും, സന്യാസ പുരോഹിതപദവി സ്വീകരിച്ചു് വ്രതവാഗ്ദാനങ്ങൾ നടത്തുകയും ചെയ്തു. ക്രൈസ്തവലോകത്തിന്റെ മാത്രമല്ല, ഇതരമതസ്ഥരുടേയും സവിശേഷമായ ആദരവിനെ സമാർജ്ജിച്ച ബഥനി പ്രസ്ഥാനം, വിജനമായ പെരുനാട്ടു മലപ്പുറത്തു് സ്ഥാപിച്ചു. സംരക്ഷണയിലിരുന്ന അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി ഭിക്ഷച്ചിരട്ടയുമായി സ്വജനങ്ങളുടെ പക്കലേക്കു് ആ ഗംഭീരപുരുഷൻ നടന്നുചെന്നു. ഉൽബുദ്ധങ്ങളായ പ്രസംഗങ്ങൾ നടത്തിക്കൊണ്ടു സ്വജനമദ്ധ്യത്തിൽ ഒരു കോളിളക്കം തന്നെ ഉളവാക്കുകയും, ആദ്ധ്യാത്മികരംഗത്തു് ഒരു പുതിയ സരണിവെട്ടിത്തുറക്കുകയും ചെയ്തു. തന്റെ ഹൃദയമാകുന്ന മുരളിയിലൂടെ പുറപ്പെട്ട ദിവ്യപ്രേമത്തിന്റെ മധുരഗാനങ്ങൾ യാക്കോബായസമുദായത്തിൽ പുളകങ്ങളെ മുളപ്പിച്ചു. വാശിയിലും വ്യവഹാരത്തിലും തഴമ്പിച്ച ജനതതി ഒരു നവീന പ്രബുദ്ധതയുടെ പൊൻപുലരിയെ ദർശിച്ചു.

വികാരതരളിതങ്ങളായ ഈ അനുഭവങ്ങൾ ക്ഷണഭംഗുരങ്ങളായിരുന്നു. നാഥനില്ലാക്കളരിയിലെ സമരാത്മകമായ സരസ്വതീവിലാസവും, തൊഴുത്തിൽകുത്തും മൂർദ്ധന്യസ്ഥിതിയെ പ്രാപിക്കുകയാണുണ്ടായതു്. പണ്ഡിതനായ പരിവ്രാജകന്റെ പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റെയും പരിപാകഫലം, സത്യത്തിന്റെ ഉറവിടമായ റോമാസഭയുമായുള്ള പുനരൈക്യം ഒന്നുമാത്രമേ ദൈവികമായ ആത്മീയനിർവൃതിക്കു് വഴിയൊരുക്കുകയുള്ളുവെന്ന നിഗമനമായിരുന്നു. സുദീർഘമായ സേവനവേദികൾ കയറിയിറങ്ങി വാർദ്ധക്യത്തിന്റെ പ്രാരംഭദശയിലേക്കു് കാലൂന്നിയിരുന്ന ആ പുരുഷകേസരി ഒരാദ്ധ്യാത്മിക വിപ്ലവപ്രസ്ഥാനത്തിനു അടിസ്ഥാനമിട്ടു.

1930 സെപ്റ്റംബർ ഇരുപതായിരുന്നു അന്നു്. സുമോഹനമായ പ്രഭാതവേള. ബാലാർക്കന്റെ മഞ്ജുളകിരണങ്ങളിൽ കൊല്ലം ഓലിയക്കര മെത്രാസനമന്ദിരം വെട്ടിത്തിളങ്ങുന്നു. ശാന്തമൂകമാണു് വിസ്തൃതമായ ആ പട്ടണം. പാർശ്വത്തുള്ള അലയാഴിയും അക്ഷോഭ്യയാണു്. സുന്ദരമായ ഈ പ്രഭാതവേളയിലാണു് വിശ്വാസത്തേയും ഭക്തിയേയും സ്ഫുടംവച്ചു് ശോധനചെയ്യുന്ന വിശേഷാത്തരരംഗങ്ങൾ അഭിനയിക്കപ്പെട്ടതു്. കക്ഷിവഴക്കിൽപെട്ടു് കുഴഞ്ഞ യാക്കോബായസഭയുടെ പ്രത്യാശയും ഉദ്ധാരകധീമാനുമായി കരുതപ്പെട്ടിരുന്ന ബഥനി സന്യാസിവര്യൻ, നമ്രശിരസ്കനായി, അഞ്ജലീബദ്ധനായി, വിനയാന്വിതമായ സ്വരത്തിൽ, ചരിത്രം സൃഷ്ടിച്ച തന്റെ വിശ്വാസപ്രഖ്യാപനം നിർവ്വഹിക്കുകയാണു്. സന്തതസഹചാരിയും പുണ്യപുരോഹിതശ്രേഷ്ഠനുമായ മാർ തിയോഫിലസു് തിരുമനസ്സുകൊണ്ടും, ഒരു വൈദികനും, ശെമ്മാശനും അൽമായനും, അവരുടെ ശീശ്മയെ പരിത്യജിച്ചുകൊണ്ടു്, ആ മഹാകർമ്മത്തിൽ ഭാഗഭാക്കാകുന്നുണ്ടു്. ബാഹ്യപ്രകൃതത്തിലും ക്രിസ്തുസന്നിഭനായിരുന്ന വിദേശമിഷനറിപ്രഭു ഡോ. ബെൻസിഗർ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടായിരുന്നു രംഗവിധാതാവും പ്രധാന നടനും. സുമാർ 25 കൊല്ലം മുമ്പുനടന്ന ആ വിശ്വാസപ്രഖ്യാപനം, കെട്ടുപിണഞ്ഞ എത്ര എത്ര മനുഷ്യജീവിതത്തിനു് വിശ്വാസദീപം കൊളുത്തിയിട്ടില്ല!

മഹാസംഭവങ്ങൾ സാമാന്യജനങ്ങളിൽ വികാരവിപ്ലവങ്ങൾ ഉല്പാദിപ്പിക്കാറുണ്ടു്. അദ്ധ്വാനഫലത്താലും, അഭ്യസനബലത്താലും മഹാന്മാരായി തീർന്നിട്ടുള്ള മഹാരഥന്മാർ അവയ്ക്കു നേതൃത്വം നൽകുമ്പോൾ അവയുടെ പുരോഗമനം എത്രമാത്രം അഭികാമ്യമായിത്തീരാം! പുനരൈക്യപ്രസ്ഥാനത്തിനു് ആ സുഭഗസൗഭാഗ്യം ലഭിച്ചതു് വലിയ ഈശ്വരാധീനമായിപ്പോയി. ബുദ്ധിരാക്ഷസനും, മതിപ്രകർഷസമ്പന്നനുമായിരുന്ന ആ വലിയ കപ്പിത്താൻ 23 വർഷം പുനരൈക്യനൗകയെ പ്ശരുകൾക്കിടയിൽക്കൂടെ വിജയപൂർവ്വം നയിച്ചു.

സൃഷ്ടിപരമായ പരിപാടികൾ അടിക്കടി ആവിഷ്കരിക്കുകയും, കർമ്മധീരതയോടെ എതിർപ്പുകളെ ജയിച്ചടക്കുകയും, ദുർഘടപ്രശ്നങ്ങൾക്കു തക്ക പ്രതിവിധികൾ സന്ദർഭത്തിനനുയോജ്യമായി നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടു് മഹത്തായ ആ ജീവിതം അനുസ്യൂതം മുന്നേറിക്കൊണ്ടേയിരുന്നു. ദുഷ്കരങ്ങളായ കാര്യങ്ങൾ ആ ധീരോദാത്തന്റെ ഉന്മേഷത്തെ വർദ്ധിപ്പിക്കുകയായിരുന്നു പതിവു്. ക്ലേശക്ലിഷ്ടങ്ങളായ വൻകാര്യങ്ങൾ നറുംപുഞ്ചിരിയോടെ നിർവ്വഹിക്കുന്നതിനു് അർദ്ധരാത്രിക്കു ശേഷവും ആ അദ്ധ്വാനശീലൻ യത്നിച്ചുകൊണ്ടിരുന്നു.

സൂര്യപുരുഷൻ 1932-ൽ മിഷൻപാപ്പായായ 11-ാംപീയൂസിനെ സന്ദർശിക്കുകയും, ഡബ്ലിൻ ദിവ്യകാരുണ്യകോൺഗ്രസ്സിൽ പൗരസ്ത്യനിറപ്പകിട്ടോടെ സംബന്ധിക്കുകയും, യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തുകയും ചെയ്തു. മഹാനായ ജി. കെ. ചെസ്റ്റർട്ടൻ അന്നു വരച്ച തൂലികാചിത്രം ആ പൗരസ്ത്യദിക്കിലെ മഹാപുരുഷനെ ഇന്നും സ്മരണയുടെ വെള്ളിത്തിരയിൽ ഏവർക്കും ദർശിക്കുവാൻ സഹായിക്കുന്ന ഒന്നാണു്. മഹായുദ്ധാനന്തരം നടത്തിയ ആഗോളപര്യടനം ഒരു ജൈത്രയാത്രതന്നെയായിരുന്നു. വത്തിക്കാനിലെത്തി പോപ്പുരാജനു് വണക്കബഹുമാനങ്ങൾ അർപ്പിച്ചു. ഒട്ടാവാ മരിയൻകോൺഗ്രസ്സിൽ സന്നിഹിതനായപ്പോൾ അമേരിക്കൻജനതയുടെ അത്ഭുതശ്രദ്ധയ്ക്കു് ആ മഹാപുരുഷൻ വിഷയമായി. പ്രസിഡന്റു് ട്രൂമാനുമായി അഭിമുഖസംഭാഷണം നടത്തി. സാൻഫ്രാൻസിസ്കോ സർവ്വകലാശാല L. L. D. ഡിഗ്രി നൽകി ആ പണ്ഡിതാഗ്രേസരനെ ബഹുമാനിച്ചു. ആസ്ത്രേലിയൻ ഭൂഖണ്ഡവും ആ മഹാനു ഹൃദ്യമായ സ്വാഗതം അരുളി.

ഇതിനകം സംഭവബഹുലങ്ങളായ 72 നീണ്ട വർഷങ്ങളെ ആ ധീരോദാത്തൻ ചവുട്ടിനീക്കി. ഇതാ പൊന്നൊളിതൂകിയ ജീവിതാന്ത്യം സമാഗതമായി. പലേ വർഷങ്ങളായി തന്റെ ആരോഗ്യത്തെ കരണ്ടുകൊണ്ടിരുന്ന രോഗം മൂർച്ഛിച്ചു. വിദഗ്ദ്ധപരിചരണങ്ങൾ നൽകപ്പെട്ടു. പോപ്പുരാജന്റെ സ്വന്തം പ്രതിനിധി സന്നിഹിതനായിരുന്നു് അന്തിമോപചാരങ്ങൾ നടത്തിക്കൊണ്ടു ക്രിസ്തുവിന്റെ വിശ്വസ്തദാസനെ ആശ്വസിപ്പിച്ചു് ബഹുമാനിച്ചു. ഓട്ടം തികഞ്ഞപ്പോൾ മഹത്തായ ആ ജീവിതത്തിനു് വിരാമമിട്ടു.

മാർ ഇവാനിയോസ് താൻ ജീവിച്ച കാലത്തിന്റെ ഗതിയെ നിയന്ത്രിച്ച കർമ്മധീരനും നിർമ്മാണപടുവുമായിരുന്നു. അങ്ങിൽ ചിറകെട്ടി നിന്നിരുന്ന അമാനുഷികകഴിവുകളെ ആകർഷണീയവും, ആവേശഭരിതവുമായ രംഗവിധാനങ്ങളോടുകൂടെ പ്രദർശിപ്പിച്ചുകൊണ്ടു് ജനസാമാന്യത്തെ കർമ്മോൽസുകരാക്കുന്നതിൽ ആ മഹാത്മാവു് അതിനിപുണനായിരുന്നു. വിജയത്തിന്റെ കൊടുമുടിയിലേക്കു ആ യതിവര്യൻ നിഷ്പ്രയാസം നടന്നുകയറുകയായിരുന്നു. ആ ഗംഭീരപുരുഷനിൽ തങ്ങിനിന്നിരുന്ന അജയ്യമായ ഇച്ഛാശക്തി നേതൃത്വസ്ഥാനത്തേക്കു് പടിപടിയായി ആ അതുല്യവ്യക്തിയെ ഉയർത്തിക്കൊണ്ടിരുന്നു. ഈ ധീരയോദ്ധാവു് ദിവംഗതനായപ്പോൾ മലയാളമനോരമ അവരുടെ മുഖപ്രസംഗത്തിലൂടെ നൽകിയ അഭിനന്ദനം സമുചിതമായിരിക്കുന്നു: "കഴിഞ്ഞ അരശതാബ്ദക്കാലം അദ്ദേഹത്തെ മാറ്റിനിറുത്തുവാനാവാത്ത വണ്ണം അദ്ദേഹം അംഗത്വം വഹിച്ചിരുന്ന ഏതു സമുദായത്തിലും, സ്ഥാപനത്തിലും, സംരംഭങ്ങളിലും പ്രാമാണ്യം വഹിച്ചിരുന്നു...... ഏതു സംരംഭങ്ങളിലും പ്രവേശിച്ചു കഴിഞ്ഞാൽ വിജയം നേടിയേ അടങ്ങൂ എന്ന അദ്ദേഹത്തിന്റെ ഇച്ഛാശക്തിയും പുരുഷത്വവും പ്രദർശിപ്പിച്ചിട്ടുള്ള രംഗങ്ങൾ എത്ര വേണമെങ്കിലും എണ്ണിപ്പറയത്തക്കവണ്ണം അത്ര സുവിദിതങ്ങളാണു്...... മായാത്ത വ്യക്തിമുദ്ര സുറിയാനി സമുദായ ചരിത്രത്തിൽ അദ്ദേഹം പതിച്ചിട്ടുണ്ടു്."

ഏററവും അനുയോജ്യനായ ഒരു പിൻഗാമിയെ മെത്രാനായി അഭിഷേകം ചെയ്യാനുള്ള ഈശ്വരാധീനവും അതുല്യനായ നമ്മുടെ കഥാപുരുഷനു് ലഭിച്ചുവെന്നതു് താൻ നട്ടുനനച്ച പുനരൈക്യപ്രസ്ഥാനവൃക്ഷത്തിനു് കൂടുതൽ ശാഖകൾ വീശുന്നതിനു് മുഖാന്തിരമായിരുന്നു.

ഈ ഗുരൂത്തമന്റെ രണ്ടു ശിഷ്യപ്രധാനന്മാരായിരുന്നു മാർ തിയോഫിലസ്, മാർ സെവേരിയോസ് എന്നീ തിരുമേനിമാർ. സുകൃതാത്മാവായ മാർ തിയോഫിലസ് 1935 വരെ തിരുവല്ലാ രൂപതാശിശുവിനെ പരിരക്ഷിക്കുകയും അതിന്റെ അത്ഭുതകരമായ വളർച്ചയ്ക്കു് അടിസ്ഥാനമിടുകയും ചെയ്തു. ടൗണിലുള്ള ഒരു വാടകക്കെട്ടിടത്തിലാണു് ആ ത്യാഗിവര്യൻ താമസമാരംഭിച്ചതു്. ആദ്യഘട്ടത്തിൽതന്നെ സെമിനാരിസ്ഥാപിച്ചു് വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിച്ചുതുടങ്ങി. സമീപരൂപതകളിൽ നിന്നു് വൈദികർ മിഷൻവേലയ്ക്കായി വന്നുചേർന്നു. കർമ്മലീത്താസന്യാസികൾ പല മിഷൻചുമതലകളും ഏറെറടുത്തു. ഇതിനകം പല വൈദികരും പുനരൈക്യപ്പെടുകയും ചെയ്തു. വടക്കൻ മിഷൻരംഗങ്ങളുടെ ചുമതലക്കായി വൈദികരേയും ഉപദേശിമാരേയും പ്രത്യേകം നിയോഗിച്ചു. ബഥനിസന്യാസാശ്രമവും, മഠവും തിരുവല്ലായിൽ സ്ഥാപിക്കപ്പെട്ടു.

1933-ൽ മാർ തിയോഫിലസ് ഭാഗ്യസ്മരണാർഹനായ 11-ാംപീയൂസ് പാപ്പായെ സന്ദർശിക്കുകയും, പാശ്ചാത്യരാജ്യങ്ങളിൽ പര്യടനം നടത്തുകയുംചെയ്തു. മിഷൻചൈതന്യം നിറഞ്ഞ ഒരു യതിവര്യനാണു് അങ്ങുന്നു് എന്നു് പാശ്ചാത്യരും സാക്ഷിച്ചു. പുതിയ മിഷൻരൂപതയുടെ ബഹുലങ്ങളായ കർമ്മപരിപാടികൾ നിർവ്വഹിക്കുവാനുള്ള ആത്മാർത്ഥമായ യത്നത്തിൽ ആ പുരോഹിതശ്രേഷ്ഠന്റെ ആരോഗ്യം ശിഥിലീഭവിക്കുകയും, വിനാവിളംബം രോഗബാധിതനായിത്തീരുകയും ചെയ്തു. എന്നിട്ടും തന്നിൽ ഇന്നോളം പ്രകടമായി പ്രവർത്തിക്കുന്ന ചിന്ത ക്രിസ്തുവിന്റെ ഏകതൊഴുത്തിലേക്കുള്ള ഭിന്നപക്ഷങ്ങളുടെ പുനരാഗമനമാണു്.

രൂപതാശിശുവിനു് ഇപ്രകാരം സംഭവിച്ച അനാഥത്വം ഏററവും ദുർഭഗമായ ഒന്നായിരുന്നു. മിഷൻപ്രവർത്തനങ്ങളെല്ലാം മുരടിക്കുമെന്ന ഭീക്കായി. പക്ഷെ കത്തോലിക്കാലോകം തീവ്രമായ പ്രാർത്ഥനയാലും, നിർല്ലോഭമായ ധനസഹായംകൊണ്ടും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ഏററവും നവീനഘടകമായ പുനരൈക്യപ്രസ്ഥാനത്തെ പരിപോഷിപ്പിച്ചു. അനാഥയായ രൂപതയ്ക്കുവേണ്ടി ഒരു ഭരണാധിപനെ സഭയുടെ നാഥൻതന്നെ തിരഞ്ഞെടുത്തു നൽകി. അതൊരത്ഭുതമാനസാന്തരമായി ഇന്നും എണ്ണപ്പെട്ടുപോരുന്നു.

ഒരു സാവൂളിന്റെ വൈരാഗ്യത്തോടെ പുനരൈക്യപ്രസ്ഥാനത്തെ ഉന്മൂലനം ചെയ്‌വാൻ നിരണം ഇടവകയുടെ ഭരണാദ്ധ്യക്ഷനായിരുന്ന ജോസഫ് മാർ സെവേരിയോസ് അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്നു. മാർ ഇവാനിയോസു് തിരുമനസ്സിലെ സഭാപരിവർത്തനംമൂലമുണ്ടായ വിടവു നികത്താനായിരുന്നു 1933-ൽ മാർ സെവേരിയോസിനെ മെത്രാനായി അഭിഷേകം ചെയ്തതു്. ഈ സാവൂളിനെയാണു് ദിവ്യരക്ഷകൻ പൗലൂസായി മതക്കിയെടുത്തതു്. ഇതു കൃപാവരത്തിന്റെ ഒരത്ഭുതസിദ്ധിയായിരുന്നുവെന്നതു് തീർച്ചതന്നെ.

1937 നവമ്പർ 29-ാംതിയതി പ്രഭാതവേളയിൽ അദ്ദേഹത്തിന്റെ വസതിയായിരുന്ന പരുമല സെമിനാരിയോടു യാത്രപറഞ്ഞു ആരുമറിയാതുള്ള ഈ പുറപ്പാടു് വലിയ സംശയങ്ങൾക്കിടംകൊടുത്തു. മാത്രമല്ല, സമുദായത്തിൽ ഒരു കോളിളക്കത്തിനും കാരണമായി. എന്നാൽ ആ സത്യാന്വേഷി പട്ടം അരമനയിലെത്തി തന്റെ മഹാഗുരുവിന്റെ മുമ്പിൽ വിശ്വാസപ്രഖ്യാപനം നടത്തി.

1938 ആഗസ്റ്റ് 29 മുതൽ 1955 ജനുവരി 18 വരെയുള്ള 16-ൽപരം വർഷങ്ങൾ ഈ മിഷനറിപ്രഭു അവിശ്രമയത്നംചെയ്തു ക്രിസ്തുനാഥന്റെ ദ്രാക്ഷാവാടി വിസ്തൃതമാക്കുകയും സൗരഭ്യകുസുമസുകൃതങ്ങളെ പരത്തുകയും, ഇടവകകളും മിഷൻകേന്ദ്രങ്ങളും വികസിപ്പിക്കുകയും, സ്കൂളുകളും മഠങ്ങളും ഇതരസ്ഥാപനങ്ങളും ഒന്നിനുപിറകെ മറെറാന്നായി പണിതുയർത്തുകയും, ആയിരങ്ങൾക്കു സത്യവിശ്വാസവെളിച്ചം നൽകുകയും ചെയ്തു. ആ ആദർശസമ്പന്നന്റെ സ്വഭാവസുഭഗതയ്ക്കു് നിദാനങ്ങളായിരുന്ന സമഭാവന, വിനയം, രഞ്ജകമനോഭാവം, സംഭാഷണചാതുര്യം, ജീവിതവിശുദ്ധി എന്നീ സുകൃതങ്ങൾ ആ പാവനചരിതന്റെ വ്യക്തിപ്രാഭവത്തിനു് മാററു വർദ്ധിപ്പിച്ചു. ത്യാഗം ആ പുരുഷസത്തമന്റെ ഉടയാടയും, അദ്ധ്വാനശീലം മേലങ്കിയുമായിരുന്നു.

പരിശുദ്ധസിംഹാസനം ഈ വിശ്വസ്തസേനാനിക്കു് "മെത്രാപ്പോലീത്താ" സ്ഥാനം നൽകി മകുടം ചൂടിക്കുകയും, ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനു് ഒരു സഹായമെത്രാനെ നൽകിക്കൊണ്ടു് ബഹുമാനിക്കുകയുംചെയ്തു. ആ ധീരപുരുഷൻ രോഗബാധിതനായിത്തീർന്നിട്ടും വിശ്രമവേളകളെ അന്വേഷിച്ചിരുന്നില്ല. കൃത്യബഹുലമായ കർമ്മമണ്ഡലങ്ങളിലൂടെ ധാർമ്മികമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് അവസാ

(ശേഷം 15-ാംപേജിൽ)

## പുനരൈക്യമഹാസംഭവത്തിലെ പ്രതിനിധികൾ



മാർ ഈവാനിയോസ്, മാർ തിയോഫിലൂസ്, റവ. ഫാ. ജോൺ ഒ. ഐ. സി., ബ. അലക്സിയോസ് ശെമ്മാശ്, കിളിലേത്തു മി. ചാക്കോ

# കത്തോലിക്കർ യാക്കോബായക്കാരെ എന്തുകൊണ്ടുമാനസാന്തരപ്പെടുത്തുന്നു?

[ഫാദർ തോമസ് മണ്ണൂരാഞ്ചേരി]

ഈ കഴിഞ്ഞ ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കിടയിൽ യാക്കോബായസഭയിൽനിന്നും നാലു മെത്രാന്മാരും രണ്ടു കോർ എപ്പിസ്കോപ്പന്മാരും രണ്ടു റമ്പാന്മാരും ഒട്ടുവളരെ വൈദികരും എൺപതിനായിരത്തോളം ജനങ്ങളും കത്തോലിക്കാസഭയിൽ ചേരുകയുണ്ടായല്ലോ. യാക്കോബായക്കാരും ക്രിസ്ത്യാനികൾ ആയിരിക്കുന്ന സ്ഥിതിക്കു് കത്തോലിക്കർ എന്തിനു് ഈ ക്രിസ്ത്യാനികളെ മാനസാന്തരപ്പെടുത്തുന്നു? അവർക്കു അക്രൈസ്തവരുടെ ഇടയിൽ മതപ്രചരണം നടത്തി, അവരെ മാനസാന്തരപ്പെടുത്തിക്കൂടയോ? എന്നൊരു ചോദ്യം കാതോലിക്കാബാവാ പുറപ്പെടുവിച്ചിട്ടുള്ള ഒരു കല്പനയിൽ ഉന്നയിച്ചുകാണുന്നു. യാക്കോബായസഭയിലെ മെത്രാന്മാരും ഉന്നതനിലയിൽ ഇരുന്ന മററു വൈദികരും അൽമായപ്രമുഖരും മാനസാന്തരപ്പെട്ടതു്, അവർ കത്തോലിക്കാസഭയെപ്പററി പഠിക്കുകയും അന്വേഷിക്കുകയും യാക്കോബായസഭയുടെ യഥാർത്ഥമായ നില എന്തെന്നു് ഗ്രഹിക്കുകയും ചെയ്തതിൻെറ ഫലമായിട്ടായിരുന്നു. സർവ്വജാതികളെയും ക്രിസ്തുവിൻെറ ആട്ടിൻകൂട്ടമാകുന്ന സത്യസഭയിലേക്കു് കൂട്ടിക്കൊണ്ടുവരുന്നതിനു് ക്രിസ്തുവിൽനിന്നും അധികാരം സിദ്ധിച്ച തിരുസഭയ്ക്കു സത്യേകസഭയിൽ വിശ്വസിച്ചു് മാനസാന്തരപ്പെട്ടുവരുന്നവരെ സ്വീകരിക്കാതെ വിട്ടുകളയുവാൻ ഒരിക്കലും സാധിക്കുന്നതല്ലാ. ലോകത്തിലെ അക്രൈസ്തവർക്കു മാത്രമല്ലാ, സകല അകത്തോലിക്കാസഭകൾക്കും കത്തോലിക്കാസഭയുടെ ദൌത്യം അറിയിച്ചുകൊടുക്കേണ്ടതായിട്ടുണ്ടു്. അവരെ വിശ്വാസത്തിൻെറ ഐക്യത്തിലേക്കും സത്യത്തിൻെറ വെളിച്ചത്തിലേക്കും ആനയിക്കാൻ ശ്രമിക്കേണ്ടതു് കത്തോലിക്കാ സഭയുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു. ശീശ്മയിലും ഇടത്തൂട്ടുകളിലും (Heresies) അകപ്പെട്ടു് മാർഗ്ഗഭ്രംശം നേരിട്ടിരിക്കുന്ന അകത്തോലിക്കാസഭകളിലെ അംഗങ്ങളായ ക്രിസ്ത്യാനികളോടു് കത്തോലിക്കാ സഭയ്ക്കു് ഹൃദയപൂർവ്വകമായ സ്നേഹവും സഹതാപവും ആണുള്ളതു്. അവർ ഇടത്തൂട്ടുകാരായിരിക്കുന്നതു്, പക്ഷെ അവരുടെ കുററം കൊണ്ടല്ലായിരിക്കും. എങ്കിലും ശീശ്മകളേയും പതിത മതങ്ങളേയും നിഷ്പക്ഷതയോടെ വീക്ഷിച്ചുകൊണ്ടിരിക്കാൻ കത്തോലിക്കാസഭയ്ക്കു കഴിയുന്നതല്ലാ. ഇടത്തൂട്ടുകളെയും ശീശ്മകളെയും പററിയുള്ള ശരിയായ വിവരങ്ങൾ അകത്തോലിക്കാസഭാംഗങ്ങളെ അറിയിക്കാനും സത്യം എന്തെന്നു് വെളിപ്പെടുത്തിക്കൊടുപ്പാനും കത്തോലിക്കാസഭയ്ക്കു ചുമതലയുണ്ടു്.

ക്രിസ്തുവും അപ്പസ്തോലന്മാരും സഭയിൽ ഭിന്നതയും കുഴപ്പവും ഉണ്ടാക്കുന്ന ഇടത്തൂട്ടുകാരേയും ശീശ്മക്കാരേയും ഏററവും ശക്തിയായ ഭാഷയിൽ അപലപിച്ചിട്ടുണ്ടു്. കള്ളപ്രവാചകന്മാരെ നിങ്ങൾ സൂക്ഷിച്ചുകൊൾവിൻ; അവർ കുഞ്ഞാടിൻെറ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരും; അകമേയോ എന്നാൽ അവർ കടിച്ചുകീറിതിന്നുന്ന ചെന്നായ്ക്കൾ ആകുന്നു (മത്തായി 7-15) എന്നു് ക്രിസ്തുനാഥൻ കല്പിച്ചരുളിയിരിക്കുന്നു. ഇടത്തൂട്ടുകാരുടെ ദുരുപദേശങ്ങൾ കേൾക്കയോ വിശ്വസിക്കുകയോ ചെയ്യരുതെന്നു് വി. പൗലോസ് അപ്പസ്തോലൻ സഗൌരവം അനുശാസിക്കുന്നു. “ഞങ്ങൾ ഉപദേശിച്ചതിനു് വിരുദ്ധമായി സ്വർഗ്ഗത്തിൽനിന്നു് ഒരു ദൈവദൂതൻ വന്നു് സുവിശേഷം അറിയിച്ചാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ.” (ഗലാത്തി. 1-4) അപ്പസ്തോലൻ വീണ്ടും ഇതേവിഷയത്തെക്കുറിച്ചു മുന്നറിവു് നൽകുന്നു: “പ്രിയ സഹോദരന്മാരേ, നിങ്ങൾ പഠിച്ച വിശ്വാസത്തിനു വിപരീതമായി, ഭിന്നതകളും കുഴപ്പങ്ങളും ഉണ്ടാക്കുന്നവരെ കണ്ടുപിടിച്ചു് അവരെ അകററുവിൻ; ഇങ്ങനെയുള്ളവർ നമ്മുടെ കർത്താവായ മിശിഹായെ അല്ലാ, അവരുടെ ഉദരത്തെയാണു് ശുശ്രൂഷിക്കുന്നതു്. അവർ ഭംഗിവാക്കുകളും മധുരഭാഷണങ്ങളും വഴിയായി അനേകം നിഷ്കളങ്കഹൃദയങ്ങളെ വഞ്ചിക്കുന്നു.” (റോമ്മാ 16-17-18) ഇതുപോലെ വി. പത്രോസും, വി. യാക്കോബും, വി. യോഹന്നാനും, വി. യൂദായും അവരുടെ ലേഖനങ്ങളിൽ ഇടത്തൂട്ടുകാരെ കഠിനമായി അപലപിച്ചിട്ടുണ്ടു്. ശ്ലീഹന്മാരുടെ കാലത്തുപോലും സഭയിൽ അനേകം ഇടത്തൂട്ടുകൾ ഉണ്ടായതുകൊണ്ടാണു് മേൽ വിവരിച്ച ലൈഖികലേഖനങ്ങളിൽ ഇടത്തൂട്ടുകാരുടെ കാര്യം പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടുള്ളതു്. ശ്ലീഹന്മാരുടെ കാലത്തെ തുടർന്നും സഭയിൽ അനേകം ഇടത്തൂട്ടുകൾ ഉണ്ടായിട്ടുണ്ടു്. വി. ആഗുസ്തീനോസു പറയുന്നതു തൻെറ കാലത്തിനുമുമ്പു് സഭ എൺപതു ഇടത്തൂട്ടുകളെ പരസ്യമായി ശപിച്ചിട്ടുണ്ടെന്നാണു്.




“കൂനൻ കുരിശു്”
1653 ജനുവരി 3-ാംതിയതിയിലെ ചരിത്രപ്രസിദ്ധമായ സംഭവത്തിൻെറ രംഗം.

യാക്കോബായസഭ, ക്രിസ്തുവിൻെറ സത്യസഭയിൽനിന്നും, അബദ്ധവിശ്വാസം സ്വീകരിക്കുകനിമിത്തം തെററിപ്പോയിട്ടുള്ള ഒരു സഭയാണെങ്കിൽ യാക്കോബായസഭാംഗങ്ങളേയും സത്യസഭയിലേക്കു കൂട്ടിക്കൊണ്ടുവരാൻ ശ്രമിക്കേണ്ടതു് കത്തോലിക്കാസഭയുടെ കടമയാകുന്നു. യാക്കോബായസഭയുടെ ആരംഭം ക്രിസ്ത്വബ്ദം 451-ൽസമ്മേളിച്ചകാൾച്ചെഡോനിയാസൂനഹദോസിൻെറ ശേഷമാണെന്നു് തിരുസ്സഭാചരിത്രം തെളിയിക്കുന്നു. കാൾച്ചെഡോനിയാ സൂനഹദോസിനു് മുമ്പു, യാക്കോബായക്കാർ എന്നു ഒരു കൂട്ടം ക്രിസ്ത്യാനികളെപ്പററി കേട്ടുകേൾവിപോലും ഇല്ലായിരുന്നു.

ക്രിസ്തുവിൻെറ സ്വഭാവത്തെപ്പററി (nature) അക്കാലത്തു് ചില തർക്കങ്ങൾ ഉണ്ടായപ്പോൾ അലക്സാന്ത്രിയാ പാത്രിയർക്കീസായിരുന്ന ഡിയോസ്ക്കോറോസ് ക്രിസ്തുവിൽ ദിവ്യത്വവും മനുഷ്യത്വവും കൂടി കലർന്നു് ഏകസ്വഭാവം മാത്രമായിതീർന്നിരിക്കുകയാണെന്നും, അതിനാൽ ക്രിസ്തുവിൽ ഏക ആളും (person) ഏകസ്വഭാവവും (nature) മാത്രമാണുള്ളതെന്നും പഠിപ്പിക്കുകയുണ്ടായി. ഇതു് അപ്പസ്തോലവിശ്വാസത്തോടു യോജിക്കാത്ത ഒരു നവീനോപദേശമായിരുന്നതുകൊണ്ടു് ഇതിനെപ്പററി തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായി. “ഏകസ്വഭാവവാദം” ക്രമേണ പ്രബലപ്പെട്ടുവരികയും അതു സഭയിൽ വലിയ കുഴപ്പങ്ങൾക്കും അസ്വസ്ഥതയ്ക്കും കാരണമായിത്തീരുകയും ചെയ്തു. അതിനാൽ ഏകസ്വഭാവവാദത്തെപ്പററി പരിചിന്തനംചെയ്തു സത്യവിശ്വാസം ഏതെന്നു് വിധി കല്പിക്കുവാൻവേണ്ടി ക്രിസ്ത്വബ്ദം 451-ൽ ഒരു സാർവ്വത്രികസൂനഹദോസു കാൾച്ചെഡോനിയായിൽ കൂടി. ഈ സൂനഹദോസിൽ അന്ത്യോഖ്യാ പാത്രിയർക്കീസു് ഉൾപ്പെടെ 630 മെത്രാന്മാർ സംബന്ധിച്ചു. അക്കാലത്തു കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന വിശുദ്ധ ലെയോ ഒന്നാമൻ പാപ്പാ ഏകസ്വഭാവവാദത്തിനെതിരായി മിശിഹായുടെ സ്വഭാവത്തെപ്പററിയുള്ള കത്തോലിക്കാസഭയുടെ ശരിയായിട്ടുള്ള ഉപദേശം എന്തെന്നു് വിശദീകരിച്ചുകൊണ്ടുള്ള ഒരുലേഖനം സൂനഹദോസിൽ വായിക്കേണ്ടതിനായി സ്വപ്രതിനിധികൾ മുഖേന കൊടുത്തയച്ചു. പ്രസ്തുതലേഖനത്തിൽ ക്രിസ്തുവിൽ ദിവ്യത്വവും മനുഷ്യത്വവും കലർച്ച കൂടാതെ ഏക ദൈവിക ആളിൽ നിലനില്ക്കുന്നുവെന്നും അതിനാൽ ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആണെന്നും വ്യക്തമാക്കിയിരുന്നു. ഈ ലേഖനം വായിച്ചുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന പിതാക്കന്മാർ “ഇതു സത്യവിശ്വാസമാകുന്നു. ഇതു അപ്പസ്തോലവിശ്വാസമാകുന്നു. സത്യവിശ്വാസികൾ എല്ലാവരും ഇപ്രകാരം വിശ്വസിക്കുന്നു. നാമെല്ലാവരും ഇപ്രകാരം വിശ്വസിക്കുന്നു. പത്രോസ് ലെഓ വഴിയായി സംസാരിച്ചു” എന്നു് ഏകസ്വരത്തിൽവിളിച്ചുപറഞ്ഞു. ഈ ലേഖനത്തെ അടിസ്ഥാനമാക്കി സൂനഹദോസ് “ഏകസ്വഭാവവാദത്തെ” ശപിക്കുകയും ക്രിസ്തുവിൽ ദിവ്യത്വവും മനുഷ്യത്വവും എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നും ഈ സ്വഭാവങ്ങൾ യാതൊരു കലർച്ചയും കൂടാതെ ഏകദൈവിക ആളിൽ നിലനില്ക്കുന്നുവെന്നും പ്രഖ്യാപിച്ചു. എന്നാൽ “ഏകസ്വഭാവവാദികൾ” (ഇവർക്കു പിന്നീടാണു് യാക്കോബായക്കാർ എന്നു പേരുണ്ടായതു്) ഡിയോസ്കോറോസിൻെറ നേതൃത്വത്തിൽ സൂനഹദോസിൻെറ വിധി അനുസരിക്കാതെ ക്രിസ്തുവിൽ ഏകസ്വഭാവം മാത്രമേ ഉള്ളുവെന്നു ശഠിച്ചുകൊണ്ടുനിന്നു. അതിനാൽ സൂനഹദോസ് അവരെ ശപിക്കുകയും സാർവ്വത്രികസഭയുടെ ഐക്യത്തിൽനിന്നു് ബഹിഷ്കരിക്കയും ചെയ്തു.

യാക്കോബായക്കാർ കാൾച്ചെഡോനിയാസൂനഹദോസിൻെറ അധികാരത്തെ നിഷേധിക്കുകയും ആ സൂനഹദോസിൻെറ മുടക്കു അസാധുവാണെന്നു് വാദിക്കയും ആണല്ലോ ചെയ്തുകൊണ്ടിരിക്കുന്നതു്. കാൾച്ചെഡോനിയായ്ക്കുമുമ്പുനടന്നമൂന്നുപൊതുസൂനഹദോസുകളെ മാത്രമേ യാക്കോബായക്കാർ അംഗീകരിക്കുന്നുള്ളു. ഈ മൂന്നു സൂനഹദോസുകൾ, നിഖ്യായും, കോൺസ്റ്റാൻറിനോപ്പോളീസും, എഫേസൂസും ആണു്. ഈ മൂന്നു സൂനഹദോസുകൾക്കു് ഉള്ള പ്രാമാണ്യം കാൾച്ചെഡോനിയായ്ക്കും ഉണ്ടെന്നുള്ളതിനെപ്പററി തർക്കത്തിനു് അവകാശമുള്ളതല്ലാ. മൂന്നാമത്തെ പൊതുസൂനഹദോസ് ആയിരുന്ന എഫേസൂസ് സൂനഹദോസ് നെസ്തോറിയൂസിനെയും അനുയായികളെയും അബദ്ധവിശ്വാസംനിമിത്തം ശപിക്കയും സഭയിൽനിന്നു തള്ളിക്കളയുകയും ചെയ്തു. ഈ കാരണത്താൽ നെസ്തോറിയന്മാർ എഫേസൂസ് സൂനഹദോസിനെ നിഷേധിക്കുകയും നിഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ എന്നിങ്ങനെ രണ്ടു പൊതുസൂനഹദോസുകൾ മാത്രമേ നടന്നിട്ടുള്ളുവെന്നു വാദിക്കയും ചെയ്തുവരുന്നു. ഇതുപോലെ യാക്കോബായക്കാർ കാൾച്ചെഡോനിയാ സൂനഹദോസിനെനിഷേധിക്കുന്നതു്, ആ സൂനഹദോസ് അവരെ മുടക്കുകയും അവരുടെ മേൽ ശാപവിധി പ്രസ്താവിക്കയും ചെയ്തതുകൊണ്ടാണു്.



**കേരളത്തെ കണ്ണീരിലാഴ്ത്തിയ രംഗം.**
1953 ജൂലൈ 15-ാംനു ദിവംഗതനായ മർ ഈവാനിയോസ് തിരുമനസ്സിലെ മൃതദേഹം സംസ്കരിക്കുന്നതിനു് തയാറാക്കി മദ്ബ്ഹായിൽ സ്ഥാപിച്ചിരിക്കുന്നു.

പൗരസ്ത്യസഭാവിഭാഗങ്ങളുടെ കൂട്ടത്തിൽ ഏററം പ്രമുഖസ്ഥാനം അർഹിക്കുന്നഗ്രീക്കുസഭയും, പ്രൊട്ടസ്റ്റൻറു സഭാവിഭാഗങ്ങളുടെ കൂട്ടത്തിൽ പ്രമുഖസ്ഥാനം അർഹിക്കുന്ന ആംഗ്ലിക്കൻസഭയും കാൾച്ചെഡോനിയാ സൂനഹദോസിനെ മാത്രമല്ലാ, പ്രാചീനസഭയിലെ എട്ടു പൊതുസൂനഹദോസുകളെയും അംഗീകരിക്കുന്നുണ്ടു്. കാൾച്ചെഡോനിയായെ യാക്കോബായക്കാർ സ്വീകരിക്കുന്നില്ലെങ്കിലും ഭൂരിപക്ഷം ക്രിസ്തീയസഭകളും കാൾച്ചെഡോനിയാ സൂനഹദോസ് നിയമാനുസരണം നടത്തപ്പെട്ട ഒരു പൊതുസൂനഹദോസ് ആയിരുന്നുവെന്നു

# വിത്തും സൂക്തിയും

(വിദ്വാൻ സി. കെ. ചന്ദ്രശേഖരൻനായർ, പള്ളിപ്രം)

(കേക)

സത്തുക്കളുദ്ഘോഷിക്കും സൂക്തികൾ, ഗുണമേറും
വിത്തിനോടൊക്കും, പക്ഷേ, ഫലമോ പലവിധം!
കർഷകൻ പാകും വിത്തു വീണിടും, വഴിയിലും,
കല്പരപ്പിലും, വളമണ്ണിലും, മുൾക്കാട്ടിലും.
പാതയിൽപ്പതിക്കുന്ന ബീജങ്ങളജ്ഞാനിതൻ
കാതിൽവന്നലയ്ക്കുന്ന നിസ്സാലവാക്കിന്നൊക്കും;
പക്ഷികൾ ഭക്ഷിച്ചിട്ടും, ദുഷ്ടന്മാർ ഭത്സിച്ചിട്ടും,
നിഷ്ഫലമായിത്തന്നെ തീരുന്നിതവ രണ്ടും!
ഏറെമണ്ണില്ലായ്കയാൽ വേഗമുദ്ഗമിക്കുന്നു
പാറതൻ തലങ്ങളിൽ തങ്ങുന്ന തൂവിത്തുകൾ;
വേരുകൾ പൂഴിത്തട്ടിലാഴത്തിൽ താഴായ്കയാൽ
നേരിയ വെയിലേററും വാടിപ്പോമവയെല്ലാം.
സദാചസ്സുകളേവം ചിലർ തൻ ഹൃദയത്തി-
ലുദ്ഭമിപ്പിച്ചീടുന്നു നശ്വരവിശ്വാസങ്ങൾ.
എങ്കിലുമവയൊട്ടു കർമ്മത്തിൽ പകത്തുമ്പോൾ
സങ്കടം കണികണ്ടാൽ കൈവിടുമുടൻതന്നെ
മുൾച്ചെടിപ്പടപ്പിൻെറ മദ്ധ്യത്തിൽ നാമ്പെന്തുന്ന
നെൽച്ചെടി വളന്നാലും പൊങ്ങില്ല, ഞെങ്ങിപ്പോകും.
അതുപോൽ ചില ഹൃത്തിൽ നല്ല വാക്കുകൾമൂലം
പുതുജീവിതത്തിൻെറ പൊന്മുളകിളന്നാലും,
ചുററുപാടുകളേറും ചതിയും കൊതിയും കൊ-
ണ്ടേററുപോയിടും പാടേ സങ്കല്പസങ്കേതങ്ങൾ!
വയലിൻ വളമേറും മണ്ണിൽ വീണിടും മണി
വളരും മേന്മേ, ലേറെമേനിയിൽ വിളവേകും.
അക്കണക്കുപദേശം സജ്ജനങ്ങളിലേററു-
മുൾക്കടവിശ്വാസവും, ഭക്തിയും വിരക്തിയും!!!

സമ്മതിക്കുന്നസ്ഥിതിക്ക്, ആ സൂനഹദോസിൻെറ അധികാരവും പ്രാമാണ്യവും യാതൊരു കാരണവശാലും നിഷേധിക്കത്തക്കതല്ലെന്നു സിദ്ധിക്കുന്നു. കാൾച്ചെഡോനിയാ സൂനഹദോസ് നിയമാനുസരണം നടത്തപ്പെട്ട ഒരു പൊതുസൂനഹദോസ് ആയിരുന്നതുകൊണ്ടു യാക്കോബായക്കാർക്ക് എതിരായി ആ സൂനഹദോസ് പ്രസ്താവിച്ചിട്ടുള്ള വിധി യാതൊരു കാരണവശാലും ദുർബലപ്പെടുത്തത്തക്കതല്ലല്ലോ. ഈ കാരണത്താൽ കാതോലിക്കാബാവായും പാത്രിയർക്കീസും ഉൾപ്പെടെയുള്ള യാക്കോബായക്കാരുടെ സകല വൈദികമേലദ്ധ്യക്ഷന്മാരും മുടക്കിൽ ഉൾപ്പെട്ടവരാണെന്നുള്ളതു് തക്കമററ കാര്യമാകുന്നു.

നമ്മുടെ കർത്താവ് തൻെറ അപ്പസ്തോലന്മാർക്ക് “നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും” എന്നു് കല്പിച്ചു നൽകിയ അധികാരം പ്രയോഗിച്ചുകൊണ്ടാണ് അപ്പസ്തോലന്മാരുടെ പിൻഗാമികളായ 630 മെത്രാന്മാർ സമ്മേളിച്ചിരുന്ന കാൾച്ചെഡോനിയാ സൂനഹദോസ് യാക്കോബായക്കാരെ മുടക്കിയതു്. ഈ മുടക്കിനെ അനുസരിക്കാതെ എതിർത്തുനില്ക്കുന്നവർ ക്രിസ്തുവിൻെറ അധികാരത്തോടു എതിർക്കയും മത്സരിക്കയും ആണു് ചെയ്യുന്നതു്. ക്രിസ്തുവിൻെറ അധികാരത്തെ ഇപ്രകാരം ധിക്കരിച്ച്, ക്രിസ്തുവിനാൽ സ്ഥാപിതമായ സത്യൈകസഭയ്ക്കു് എതിരായി ക്രിസ്തീയസഭകൾ എന്ന പേരിൽ ഇടത്തുടിലും ശീശ്മകളിലും അകപ്പെടുന്നവർ നിർമ്മിക്കുന്ന പുതിയ പുതിയ സഭകളെപ്പററി നാം എന്താണു് പറയേണ്ടതു്? യാക്കോബായക്കാർ ഈ അടുത്ത കാലത്താണല്ലോ “ഓർത്തഡോക്സ് സഭ” എന്ന പേരിൽ ഒരു പുതിയ സഭ സ്ഥാപിച്ചിട്ടുള്ളതു്. ഈ വിധം കത്തോലിക്കാസഭയ്ക്കെതിരായി അണിനിരന്നുകൊണ്ടിരിക്കുന്ന അനേകം അകത്തോലിക്കാസഭകളെ ഭൂമുഖത്തു നമുക്കു കാണാൻ കഴിയും. ആത്മരക്ഷ പ്രാപിക്കുന്നതിനു് “ക്രിസ്തീയസഭകൾ” എന്ന പേരോടുകൂടിയ ഏതെങ്കിലും ഒരു സഭയിൽ അംഗമായി ചേർന്നാൽ മതിയാകുമോ എന്നതു് അകത്തോലിക്കാസഭാംഗങ്ങളുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്ന ഒരു മുഖ്യപ്രശ്നമാകുന്നു. ഇങ്ങനെയുള്ള അകത്തോലിക്കാസഭകളെപ്പററി സുപ്രസിദ്ധ വേദശാസ്ത്രപണ്ഡിതനായ വി. ആഗസ്തീനോസ് ഇപ്രകാരം പ്രസ്താവിക്കുന്നു. “കത്തോലിക്കാസഭയ്ക്കു പുറമേ, ഒരുവനു് ബഹുമാനം ഉണ്ടായേക്കാം. അവിടെ കൂദാശകൾ ഉണ്ടായേക്കാം. അവിടെ ഏവൻഗേലിയോൻ ഉണ്ടായിരിക്കാം. അവിടെ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ വിശ്വസിക്കയും പ്രസംഗിക്കുകയും ചെയ്തേക്കാം. എന്നാൽ രക്ഷ എന്നതു കത്തോലിക്കാസഭയിൽക്കൂടി മാത്രമേ സിദ്ധിക്കുകയുള്ളു.”

ആംഗ്ലിക്കൻ സഭയിലെ മഹാചിന്തകന്മാരും പണ്ഡിതന്മാരും ആയി ശോഭിച്ചിരുന്ന ന്യൂമാൻ, മാനിംഗ്, റോബർട്ട് ബെൻസൻ, അർനോൾഡ് ലൺ, വേർണൻ ജോൺസൻ, ഡോക്ടർ ഓർച്ചാർഡ് ചെസ്റ്റർട്ടൻ മുതലായി ആയിരക്കണക്കിനു് മഹാന്മാർ പ്രോട്ടസ്റ്റൻറുമതം ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ ചേരുകയുണ്ടായല്ലോ. അവർ കത്തോലിക്കാസഭയിൽ ചേർന്നതു ക്രിസ്തുവിൻെറ സത്യൈകസഭ കത്തോലിക്കാസഭയാണെന്നും പ്രോട്ടസ്റ്റൻറു



മഹാവന്ദ്യ ദിവ്യശ്രീ ജോസഫ് മാർ സെവേരിയോസ് മെത്രാപ്പോലീത്താ
പുനരൈക്യം 29-11-1937 —മരണം 18-1-1954

മതം വഴിയായി തങ്ങൾക്കു ആത്മരക്ഷ പ്രാപിക്കാൻ കഴിയുന്നതല്ലെന്നും വിശ്വസിച്ചതുകൊണ്ടു മാത്രമാണ്. ഈ മഹാന്മാർ തങ്ങളുടെ ജന്മഭവനമായ പ്രോട്ടസ്റ്റൻറുമതത്തെ ഉപേക്ഷിച്ച് വളരെയധികം ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് കത്തോലിക്കാസഭയിൽ വന്നുചേർന്നതു് ആത്മരക്ഷയെ കരുതിമാത്രമാണെന്നുള്ളതിൽ സംശയമില്ലല്ലൊ.

യാക്കോബായക്കാർ ക്രിസ്ത്യാനികളായിരിക്കവേ, അവരെ എന്തിനു് കത്തോലിക്കർ മാനസാന്തരപ്പെടുത്തുന്നു എന്ന ചോദ്യമാണല്ലോ കാതോലിക്കാബാവാ പുറപ്പെടുവിച്ചിട്ടുള്ളതു്. പുത്തൻകൂർ മെത്രാന്മാരുടെ കൂട്ടത്തിൽ സുപ്രസിദ്ധനായിരുന്ന ആറാം മാർ തോമ്മാ (ഒന്നാമത്തെ മാർ ദിവന്നാസ്യോസ്); കരിയാററി മല്പാൻവഴി തന്നെയും തൻെറ കീഴുള്ള ജനത്തെയും കത്തോലിക്കാസഭയിലേക്കു ചേർക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു റോമ്മിലേക്കു് ഒരു ലേഖനം അയച്ചുകൊടുത്തു. ആ ലേഖനത്തിൽ “കത്തോലിക്കാവിശ്വാസം വഴിയായിട്ടല്ലാതെ യാതൊരു മനുഷ്യനും സ്വർഗ്ഗപ്രാപ്തിയുണ്ടാകുന്നതല്ലെന്നു തനിക്കു ബോദ്ധ്യമാണെന്നും തന്നേയും തൻെറ കീഴുള്ള ജനങ്ങളേയും കത്തോലിക്കാസഭയിൽ ചേർക്കണമെന്നും തങ്ങൾ ഉൾപ്പെട്ടിരുന്ന ഫറോവൻശിക്ഷയിൽനിന്നും തങ്ങളെ മോചിക്കണമെന്നും” അപേക്ഷിച്ചിരുന്നു. “കത്തോലിക്കാസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഞാനും എൻെറ ജനങ്ങളും അനുസരിക്കയും വിശ്വസിക്കയും ചെയ്തുകൊള്ളാമെന്നു സർവ്വശക്തനായ ദൈവത്തെ സാക്ഷിയാക്കി സത്യം ചെയ്തുകൊള്ളുന്നു” എന്നുകൂടെയും ആ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പുത്തൻകൂർ വിശ്വാസം തെററാണെന്നും അതു ശീശ്മയാണെന്നും, കത്തോലിക്കാസഭമാത്രമാണ് ശരിയായ രക്ഷാമാർഗ്ഗവും സത്യമായിട്ടുള്ള ഏകസഭയുമെന്നും പുത്തൻകൂററുകാർ (യാക്കോബായക്കാർ) വിശ്വസിച്ചിരുന്നുവെന്നു് മേൽ പ്രസ്താവിച്ച ലേഖനം നിസ്സംശയമായി തെളിയിക്കുന്നുണ്ട്.

കത്തോലിക്കർ യാക്കോബായക്കാരുടെ ഇടയിൽ മാനസാന്തരവേല നടത്തുന്നതു് അവർ അബദ്ധവിശ്വാസത്തിലും ശീശ്മയിലും ഉൾപ്പെട്ടിരിക്കുന്നുവെന്നും യാക്കോബായവിശ്വാസംമൂലം അവർക്കു രക്ഷ പ്രാപിക്കാൻ കഴിയുന്നതല്ലെന്നും ഉള്ള ഉത്തമബോദ്ധ്യം നിമിത്തമാണ്. 1653-ൽ കൂനൻകുരിശു സത്യം നടക്കുന്നതുവരെ മലങ്കരനസ്രാണികൾ എല്ലാവരും ഒരേ സത്യവിശ്വാസം അനുസരിച്ചിരുന്നതാണെന്നും കൂനൻകുരിശു സത്യത്തിനുശേഷമാണ് മലങ്കരസഭയിൽ ഒരു പിളപ്പുണ്ടായതെന്നും മലങ്കരസഭാചരിത്രം വിളിച്ചറിയിക്കുന്നുണ്ട്. കത്തോലിക്കരും യാക്കോബായക്കാരും ഒരേ സമുദായഗാത്രത്തിൽ അംഗങ്ങളായിരുന്നവരും അവർ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിച്ചിരുന്നവരും ആകയാലാണു് കത്തോലിക്കർ സ്വസഹോദരങ്ങളായ യാക്കോബായക്കാരെ അവരുടെ മാതൃഭവനത്തിലേക്കു് ക്ഷണിച്ചുകൊണ്ടിരിക്കുന്നതു്. ഇതിൽ കാതോലിക്കാബാവായ്ക്കോ യാക്കോബായക്കാരിൽ ആർക്കെങ്കിലുമോ ന്യായമായി പ്രതിഷേധിക്കാനോ നീരസം ഭാവിക്കാനോ അവകാശമുള്ളതല്ലാ

അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാർ ഇടത്തുടുകാർക്കു് എതിരായുള്ള തർക്കങ്ങളിൽ തങ്ങളുടെ ഭാഗത്തേക്കു് അനുകൂലമായി ചൂണ്ടിക്കാണിച്ചിരുന്ന ഏററം ബലവത്തായ ന്യായം ആ കാലഘട്ടംവരെ റോമ്മാസിംഹാസനത്തിൽ അമ്പതു മാർപ്പാപ്പാമാർ തുടർച്ചയായി വാണുകഴിഞ്ഞുവെന്നതാണ്. എന്നാൽ ഇന്നാകട്ടെ വി. പത്രോസിൻെറ സിംഹാസനത്തിൽ അമ്പതല്ലാ, 262 മാർപ്പാപ്പാമാർ തുടർച്ചയായി വാണുകഴിഞ്ഞിരിക്കുന്നുവെന്നതു് എത്രയോ ബലവത്തായ ഒരു ന്യായമായി കാണിക്കാൻ കഴിയുന്നതാണ്. വി. ആഗസ്തീനോസ് ഡൊനാത്തിസ്റ്റുരോടു പറഞ്ഞ അതേ വാക്കുതന്നെ എത്രയും സ്നേഹപൂർവ്വം യാക്കോബായക്കാരോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു: “എൻെറ സഹോദരന്മാരേ, നിങ്ങൾ മുന്തിരിവൃക്ഷത്തോടു യോജിപ്പിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുടെ അടുക്കലേക്കു വരുവിൻ; നിങ്ങൾ മുന്തിരിവൃക്ഷത്തിൽനിന്നും വെട്ടിനീക്കപ്പെട്ടു കിടക്കുന്നതായി കാണുന്നതിൽ ഞങ്ങൾ അതിയായി ദുഃഖിക്കുന്നു. പത്രോസിൻെറ സിംഹാസനത്തിൽ വാണ മെത്രാന്മാരുടെ സംഖ്യ നിങ്ങൾ എണ്ണിനോക്കുവിൻ; ഈ പിതാക്കന്മാരുടെ സുദീർഘമായ പട്ടികയിൽ ഓരോ മെത്രാനും മറെറാരാളുടെ പിന്നാലെ തുടർച്ചയായി വാണുകൊണ്ടിരിക്കുന്നതു് നിങ്ങൾ കാണുവിൻ; നരകത്തിൻെറ അഹങ്കാരമേറിയ വാതിൽ ജയിച്ചു കീഴ്പെടുത്താത്ത പാറ ഇതാകുന്നു.”

അതിനാൽ യാക്കോബായസഹോദരങ്ങളേ, നിങ്ങൾ യാക്കോബായസഭയെ വിട്ടുപേക്ഷിച്ചിട്ട് സത്യൈകസഭയായ കത്തോലിക്കാസഭയുടെ അധികാരത്തിനു കീഴ്പ്പെട്ടു്, സത്യവിശ്വാസികളായി. മിശിഹായുടെ സഭാശരീരത്തിൻെറ അംഗങ്ങളായി, ആത്മരക്ഷയ്ക്കു് അവകാശികളായി തീരുവിൻ എന്നു് നിങ്ങളേവരോടും ക്രിസ്തുവിൻെറ സ്നേഹത്തെപ്രതി വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

—o—

സി. കെ. ലോനപ്പൻ & ബ്രദേഴ്സ്
★ ആഭരണവ്യാപാരം ★
ബ്രോഡ്വേ — (ഫോൺ 157) — എറണാകുളം

# എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും പുനരൈക്യപ്രസ്ഥാനവും

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

ഇരുപത്തിയാറു വർഷങ്ങൾക്കുമുമ്പു നടന്ന ആ സംഭവം ഇന്നെന്നപോലെ എന്റെ സ്മൃതിമണ്ഡലത്തിൽ ഉദയംചെയ്യുന്നു. പുനരൈക്യപ്രസ്ഥാനശിശു അന്നു ഭൂജാതം ചെയ്തിട്ടില്ല. ബഥനിയാകുന്ന അമ്മയുടെ ഉദരത്തിൽ കിടന്നുകൊണ്ട് സൂര്യപ്രകാശം കാണുന്നതിനുവേണ്ടി വെമ്പൽ കൊള്ളുകയാണ് ആ ശിശു. കേരളത്തിന്റെ ഒരററം മുതൽ മറേറ അററംവരെ കാട്ടുതീപോലെ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു "ബഥനി റോമായിൽചേരുവാൻ തുടങ്ങുന്നു" എന്ന വാർത്ത. ആ പിഞ്ചുപൈതലിന്റെ നിർമ്മലകോമളവദനം ഒരു നോക്കുകണ്ട് ആനന്ദമടയുന്നതിനും, ആ പൊന്നോമനക്കുഞ്ഞിനെ കരങ്ങളിലേന്തി താലോലിക്കുന്നതിനുമുള്ള സുവർണ്ണാവസരം പ്രതീക്ഷിച്ചു കാത്തിരിക്കുകയാണ് അനേകലക്ഷങ്ങൾ. പക്ഷേ, സൂര്യപ്രകാശം കാണുന്നതിനുമുമ്പുതന്നെ ആ ശിശുവിനെ തേജോവധം ചെയ്യുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കയാണ് ഒരു കൂട്ടർ: ജനിച്ചുകഴിഞ്ഞാൽ സകല പരിചരണങ്ങളും നൽകി ശിശുവിനെ ശുശ്രൂഷിക്കുവാനും വളർത്തുവാനും തങ്ങൾ സന്നദ്ധരാകുമെന്നു ദൃഢനിശ്ചയം ചെയ്തിരിക്കുന്നു മറെറാരു കൂട്ടർ. ശിശുവിന്റെ ആകൃതിയും പ്രകൃതിയും കണ്ടശേഷം കാര്യം നിശ്ചയിക്കാം എന്നു കരുതി പ്രതീക്ഷാപൂർവ്വം കാത്തിരിക്കയാണ് ഇനിയുമൊരുകൂട്ടർ. ശിശു ജനിച്ചാലും ശരി, അതിനു ദീർഘായുസ്സുണ്ടാകയില്ലെന്നു മുൻകൂട്ടി ജാതകം കുറിച്ചുകഴിഞ്ഞിരിക്കുന്നു വേറൊരു കൂട്ടർ. എന്നുവേണ്ടാ പരസ്പരവിപരീതങ്ങളായ ആശയങ്ങളും, പ്രതീക്ഷകളും, പ്രസ്താവനകളും തമ്മിലുള്ള സംഘട്ടനങ്ങളും വിഘട്ടനങ്ങളും ശക്തിമത്തായി നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് അത്.

മാർത്തോമ്മാസഭാംഗങ്ങളും മാരാമൺസ്വദേശികളുമായ ഞാനുൾപ്പെടെയുള്ള ഏതാനും യുവാക്കന്മാർ സത്യാന്വേഷണപരിശ്രമത്തിൽ മുഴുകിയിരിക്കുകയാണ്. ലോകത്തിൽ ക്രിസ്തു സ്ഥാപിച്ച സത്യൈകസഭ മാർത്തോമ്മാസഭയോ, യാക്കോബായസഭയോ, അതോ കത്തോലിക്കാസഭയോ? ഇതായിരുന്നു ഉത്തരം കണ്ടുപിടിക്കുന്നതിനുവേണ്ടി ഞങ്ങളെ ഭേമിച്ചുകൊണ്ടിരുന്ന ഏകപ്രശ്നം. പല ദുർഘടഘട്ടങ്ങളേയും തരണം ചെയ്യേണ്ടിവന്നു, സത്യാന്വേഷണവീഥിയിൽ ഞങ്ങൾക്ക്. മതപരമായ നിരവധി പുസ്തകങ്ങൾ ഞങ്ങൾ വായിച്ചു. അനേകവർഷങ്ങൾ പ്രാർത്ഥനാപൂർവ്വം ചിന്തിച്ചു. പണ്ഡിതന്മാരായ ഒട്ടനേകരോടു ചോദിച്ചു സംശയനിവാരണം വരുത്തി. അക്കൂട്ടത്തിൽ ചങ്ങനാശേരി രൂപതാ വേദപ്രചാരഡയറക്ടരായിരുന്ന വെരി റവ. ഫാദർ ഡോമിനിക്കു തോട്ടാശ്ശേരി അവർകളുടെ പാവനനാമധേയം ഒരുകാലത്തും വിസ്മരിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. അവസാനം ഞങ്ങൾക്കു സത്യംബോദ്ധ്യപ്പെട്ടു; ലോകത്തിൽ ക്രിസ്തു സ്ഥാപിച്ച ഏകസഭ കത്തോലിക്കാസഭ മാത്രമെന്നു്. ഞങ്ങളുടെ മനസ്സാക്ഷി ഞങ്ങളെ ഭേമിച്ചു മാർത്തോമ്മാസഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിക്കണമെന്നു്. പക്ഷേ, ഒരു കടമ ഞങ്ങൾക്കു നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്തുകൊണ്ടു ഞങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നു? അതിനുപ്രേരകമായിത്തീർന്ന കാരണങ്ങൾ ഏവ? ഇവയെല്ലാം ഞങ്ങളുടെ മാർത്തോമ്മാസഹോദരങ്ങളെ പരസ്യമായി അറിയിക്കണം.



തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട്
മാർ ഗ്രീഗോറിയോസ് തിരുമേനി

അതിനുവേണ്ടി ഞങ്ങൾ അഞ്ചു യുവാക്കന്മാർകൂടി അന്നു പ്രസിദ്ധപ്പെടുത്തി "മാർത്തോമ്മാ സഭാംഗങ്ങളുടെ ഗാഢമായ പര്യാലോചനയ്ക്കുവേണ്ടി സമർപ്പിക്കുന്ന പ്രത്യക്ഷപത്രം" എന്ന പേരിൽ ഒരു ലഘുലേഖ. സത്യാന്വേഷണഫലമായി ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്ന വിശ്വാസം വേദാനുസരണമല്ലെന്നു രണ്ടു മാസത്തിനകം തെളിയിച്ചുതരാത്ത പക്ഷം മാർത്തോമ്മാസഭയെ ഉപേക്ഷിച്ചു ഞങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതാണെന്ന് അതിന്റെ അവസാനം തുറന്നു പ്രസ്താവിച്ചിരുന്നു. പ്രസ്തുതലഘുലേഖയ്ക്കു മറുപടിയെന്നോണം മാർത്തോമ്മാസഭയിലെ ഒരു പണ്ഡിതനായ മി. കെ. എൻ. ദാനിയേൽ "പ്രത്യക്ഷപത്രനിരൂപണം" എന്ന ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. പക്ഷേ. ഞങ്ങളുടെ മനസ്സാക്ഷിയെ അല്പമെങ്കിലും തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായിത്തീർന്നില്ല പ്രസ്തുത പുസ്തകം. തൽഫലമായി "പ്രത്യക്ഷപത്രവും ദാനിയേൽ നിരൂപണവും" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിക്കൊണ്ടും മാർത്തോമ്മാസഭയോടു യാത്ര പറഞ്ഞുകൊണ്ടും കേരളത്തിലെ അകത്തോലിക്കരായ സകലരേയും കത്തോലിക്കാ സഭയിലേക്ക് ക്ഷണിച്ചുകൊണ്ടും ഞങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു. അന്നു മാരാമണ്ണുവെച്ച് റവ. ഫാദർ എബ്രഹാം വടക്കേയിൽ ബി. എ. പിഎച്ച് ഡി. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ മഹായോഗത്തിൽ ഞങ്ങളെ അനുമോദിച്ചുകൊണ്ട് വെരി റവ. ഫാദർ ഡോമിനിക്ക് തോട്ടാശ്ശേരി എം. എ. എൽ. ടി., റവ. ഫാദർ എബ്രഹാം മാരേട്ട്, ശ്രീമാന്മാരായ പി. ജെ. സെബാസ്റ്റ്യൻ ബി. എ. ബി. എൽ., നൈനാൻ വറുഗീസ് വില്ലോത്ത് എന്നിവർ പ്രസംഗിച്ചു. ശ്രീമാൻ നൈനാൻ വറുഗീസിന്റെ ഉജ്ജ്വലതരമായ പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ ഇപ്പോഴും ഓർക്കുന്നു: "പ്രിയപ്പെട്ട യുവാക്കന്മാരേ, ഇന്നേദിവസം കത്തോലിക്കാസഭയെ ആശ്ലേഷിച്ച നിങ്ങളുടെ ശിരസ്സിൽ പൂക്കൾകൊണ്ടുണ്ടാക്കിയ ഒരു കിരീടം പ്രസ്തുതസഭ ധരിപ്പിക്കുമെന്നു നിങ്ങൾ സ്വപ്നേപി വിചാരിക്കേണ്ടാ. പിന്നെയോ, നിങ്ങൾ ഓരോരുത്തരുടേയും കഴുത്തിൽ ഭാരമേറിയ ഓരോ കുരിശായിരിക്കും കത്തോലിക്കാസഭാമാതാവ് അണിയിക്കുന്നതു്." അതേ, ഞങ്ങൾക്ക് അന്നു ലഭിച്ച കുരിശിന്റെ ഭാരം ഇക്കഴിഞ്ഞ ഇരുപത്തിയാറു വർഷങ്ങളായി ഞങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്നു. ഇനിയും മരണപര്യന്തം വഹിക്കുകയുംചെയ്യും. പക്ഷേ സങ്കടത്തോടും നിരാശയോടുംകൂടെയല്ല; പിന്നെയോ, സന്തോഷത്തോടും പ്രത്യാശയോടുംകൂടെ.

x x x

വളരെ മുമ്പുതന്നെ ഞങ്ങൾ കേട്ടിരുന്നു അകത്തോലിക്കരുടെ പുനരൈക്യത്തിൽ അതീവതാല്പര്യം പ്രകടിപ്പിക്കുകയും അതിനുവേണ്ടി തന്നാൽ കഴിവുള്ളതെല്ലാം പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെപ്പററി. അദ്ദേഹത്തെ ഒരുനോക്കു കാണുന്നതിനും അനുഗ്രഹാശിസ്സുകൾ പ്രാപിക്കുന്നതിനുമായി കത്തോലിക്കാ പുനരൈക്യാനന്തരം ഞങ്ങൾ എറണാകുളത്തേക്കു യാത്ര തിരിച്ചു. അരമനയിലെത്തി ആ അഭിവന്ദ്യതിരുമേനിയെ ഞങ്ങൾ കണ്ടു കൈമുത്തി. പ്രത്യക്ഷപത്രക്കാരായ "പഞ്ചപാണ്ഡവന്മാർ" ആണ് ഞങ്ങൾ എന്നറിഞ്ഞ് വന്ദ്യതിരുമേനി അത്യധികം സന്തോഷിക്കുകയും ഞങ്ങളെ അനുമോദിക്കുകയുംചെയ്തു. പുനരൈക്യസംബന്ധമായ ഒട്ടനേകം കാര്യങ്ങൾ കല്പിച്ചുചോദിച്ചു. അക്കൂട്ടത്തിൽ ചോദിക്കുകയാണ്: "ബഥനിയുടെ പുനരൈക്യം എങ്ങനെയിരിക്കുന്നു" എന്നു്. ഞങ്ങൾ മറുപടി പറഞ്ഞു: "ബഥനിത്തിരുമേനിയും മററും അടുത്തുതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിക്കും. അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണ്. പക്ഷേ മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലല്ല അന്ത്യോഖ്യാ റഹ്മാനിപാത്രിയർക്കീസിന്റെ കീഴിലായിരിക്കുമെന്നാണു കേൾക്കുന്നതു്."

അഭിവന്ദ്യ തിരുമേനിയുടെ മുഖഭാവത്തിനു പെട്ടെന്നുണ്ടായ ഒരു മാററം ഞങ്ങൾ ദർശിച്ചു. കസേരയിൽനിന്നും വന്ദ്യതിരുമേനി ചാടിയെഴുന്നേററ് ഉറച്ച സ്വരത്തിൽ പറയുകയാണ്: "ഒരിക്കലും പാടില്ല. യാതൊരഭിവൃദ്ധിയുമുണ്ടാകയില്ല. അന്ത്യോഖ്യരുടെ മനഃസ്ഥിതി എനിക്കറിയാം. മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൽതന്നെ ബഥനി പുനരൈക്യപ്പെടണം. എന്നാൽ മാത്രമേ അതിനഭിവൃദ്ധിയുണ്ടാകയുള്ളു." അല്പബുദ്ധികളായ ഞങ്ങൾ അത്ഭുതപ്പെട്ടു. കത്തോലിക്കാസഭയിൽ ചേർന്നാൽ പോരേ? ആരുടെ കീഴിലായാൽ എന്തു നഷ്ടം? പക്ഷേ പിന്നീടു ഞങ്ങൾക്കു മനസ്സിലായി, ചരിത്രപണ്ഡിതനും വിദഗ്ദ്ധവീക്ഷണനുമായ അഭിവന്ദ്യതിരുമേനി പറഞ്ഞതിന്റെ അർത്ഥം. അന്ത്യോഖ്യാപാത്രിയർക്കീസിന്റെ (കത്തോലിക്ക്) കീഴിലായിരുന്നു പുനരൈക്യപ്രസ്ഥാനമെങ്കിൽ ഇക്കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയിൽ പത്തിലൊന്നുപോലും ഈ പ്രസ്ഥാനത്തിനുണ്ടാകുമായിരുന്നില്ല എന്നുള്ളതു നിസ്തർക്കമത്രേ. മുന്നൂറു വർഷക്കാലം അന്ത്യോഖ്യാപാത്രിയർക്കീസന്മാരുടെ ഭരണനുകത്തിൻകീഴിൽ നിലനിന്നുപോരുന്ന കേരളത്തിലെ യാക്കോബായ സഭയ്ക്കു ഉണ്ടായിട്ടുള്ള നിരവധി അനുഭവങ്ങളും അതിന്റെ ആധുനികസ്ഥിതിയും ഈ വാസ്തവം വിളിച്ചുപറയുന്നു.

റഹ്മാനിപാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലുള്ള കത്തോലിക്കാ പുനരൈക്യത്തിനുവേണ്ടി എഴുത്തുകുത്തുകൾ നടത്തുവാൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയേയും ബഥനിയുടെ മാർ ഈവാനിയോസ് ആദിയായ ഇതര മെത്രാന്മാരേയും പ്രേരിപ്പിച്ചതിനുള്ള പ്രധാനകാരണം തങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന റീത്തുതന്നെ തുടർന്നു ഉപയോഗിക്കുവാനുള്ള സൗകര്യം ലഭിക്കുമെന്നുള്ള വിശ്വാസമായിരുന്നു. . ഏതെങ്കിലും പാത്രിയർക്കീസിന്റെ അധികാരത്തിൻകീഴിൽക്കൂടെയല്ലാതെ മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുവാൻ സാധിക്കുമെന്നോ, മലങ്കരയിലേക്കു ഒരു പുതിയ റീത്തിനുള്ള അനുവാദം റോമിൽനിന്നും ലഭിക്കുമെന്നോ ഉള്ള വിചാരം അവർക്ക് അന്നില്ലായിരുന്നു. പ്രസ്തുത വിഷയത്തെപ്പററി അറിവുള്ള പണ്ഡിതന്മാരുടെ അഭിപ്രായവും നിർദ്ദേശവും അനുസരിച്ചാണ് പിന്നീടു റോമിലേക്കു എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങിയതും ആഗ്രഹാനുസാരമുള്ള അനുവാദം ലഭിച്ചതും. തന്മൂലമത്രെ ആരേയും അത്ഭുതപരതന്ത്രരാക്കിത്തീർക്കുമാറുള്ള ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി ഇക്കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിനുള്ളിൽ പുനരൈക്യപ്രസ്ഥാനത്തിനു സിദ്ധിച്ചുകഴിഞ്ഞിട്ടുള്ളതും.

x x x

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാദുർഭാവത്തിനു മുമ്പുതന്നെ കേരളത്തിലെ അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടി എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചിട്ടുള്ള നിസ്തന്ദ്രസേവനങ്ങൾ ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല. അതിരൂപതാതിർത്തിയിലുള്ള അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനായി 1921-ൽ "വേദപ്രചാരസംഘം" അവിടുന്നു സ്ഥാപിച്ചു. പ്രസ്തുതസംഘത്തിന്റെ ആഭിമുഖ്യത്തിൽ വൈദികരും അവൈദികരുമായ മിഷ്യനറിമാർ കോതമംഗലം, മൂവാററുപുഴ, തൃപ്പൂണിത്തുറ, ആലുവാ, പെരുമ്പാവൂർ, അങ്കമാലി, അകപ്പറമ്പ് ആദിയായ അകത്തോലിക്കാകേന്ദ്രങ്ങളിൽ പ്രസംഗങ്ങളാലും പ്രസിദ്ധീകരണങ്ങളാലുമുള്ള മിഷ്യൻപ്രവർത്തനങ്ങൾ ശക്തിയുക്തം നടത്തിക്കൊണ്ടിരുന്നു. തൽഫലമായി ഒട്ടനേകം അകത്തോലിക്കർ അക്കാലത്തുതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുവെന്നു മാത്രമല്ല, പുനരൈക്യപ്രസ്ഥാനപ്രചരണാ

FAMOUS FOR
All kinds of Leather goods
Handbags, Shoes, Chapals Etc.
Mayor Leather Works
M. O. ROAD, TRICHUR

ത്തിനുള്ള കളം അവിടങ്ങളിലെല്ലാം സജ്ജമാക്കുകയും ചെയ്തു. തന്റെ മുൻഗാമിയായിരുന്ന മാർ ളൂയിസ് പഴയപറമ്പിൽ തിരുമനസ്സുകൊണ്ട് രചിച്ചിട്ടുള്ള "യാക്കോബായക്കാരാദിയായ അകത്തോലിക്കരുടെ മാനസ്സാന്തരത്തിനായുള്ള പ്രാർത്ഥന" അതിരൂപതയിലുള്ള എല്ലാ പള്ളികളിലും, കന്യാകാമഠങ്ങളിലും, ഇതര സ്ഥാപനങ്ങളിലും പ്രതിദിനം ചൊല്ലുന്നതിനുള്ള നിർദ്ദേശങ്ങൾ അഭിവന്ദ്യ തിരുമേനി നൽകുകയുണ്ടായി. അതുമല്ലാതെ പുനരൈക്യപ്രസ്ഥാനം ആരംഭിക്കുന്നതിനു മൂന്നു വർഷങ്ങൾക്കുമുമ്പ് (1927-ൽ) വന്ദ്യതിരുമേനിയുടെ രക്ഷാധികാരത്തിൽ എറണാകുളത്തുനിന്നും ആരംഭിച്ച "സത്യദീപം" പത്രത്തിൽ പുനരൈക്യസംബന്ധമായ ഒട്ടനേകം ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. തിരുമനസ്സിലെ നിർദ്ദേശമനുസരിച്ചു പ്രസ്തുതപത്രം സത്യാന്വേഷികളായ അകത്തോലിക്കർക്ക് സൗജന്യമായിത്തന്നെ അയച്ചുകൊണ്ടുമിരുന്നു. മാർത്തോമ്മാസഭാംഗമായ മി. കെ. എൻ. ദാനിയേൽ പാപ്പാധിപത്യമെന്നപേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതു അക്കാലത്തായിരുന്നു. പ്രസ്തുതപുസ്തകത്തിനു മറുപടിയായും, മി. ഡാനിയേലിന്റെ നിരവധി കൃത്രിമങ്ങൾ വിശദമാക്കിയും, പാപ്പാധിപത്യസ്ഥാപനത്തിന് ആധാരമായുള്ള ഒട്ടനേകം രേഖകൾ പ്രസ്പഷ്ടമാക്കിയും മോൺസിഞ്ഞോർ നടുവത്തുശ്ശേരി ആദിയായ നിരവധി പണ്ഡിതന്മാരുടെ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ തുടർച്ചയായി പ്രസ്തുതപത്രത്തിൽ പ്രസിദ്ധപ്പെടുത്തി. പ്രസ്തുതലേഖനങ്ങൾ വായിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച സത്യാന്വേഷികളായ അകത്തോലിക്കരിൽ ഭൂരിപക്ഷവും "പാപ്പാധിപത്യം" ദൈവസ്ഥാപിതമാണെന്നു സമ്മതിക്കുകയും പ്രസ്തുതാധിപത്യത്തിന് കീഴിൽ തങ്ങളുടെ തലകളെ കുനിക്കുകയും ചെയ്തു. കത്തോലിക്കാസഭാശ്ലേഷത്തിന് ഈ ലേഖകനേയും "സത്യദീപം" കാര്യമായി സഹായിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം കൃതജ്ഞതാപൂർവ്വം ഈ അവസരത്തിൽ സ്മരിച്ചുകൊള്ളുന്നു. ഇക്കഴിഞ്ഞ ഇരുപത്തിയെട്ടു വർഷങ്ങളായി അകത്തോലിക്കാസഹോദരങ്ങൾക്കു സത്യാന്വേഷണവീഥിയിൽ വേണ്ടതു മാർഗ്ഗനിർദ്ദേശം നൽകി കത്തോലിക്കാസഭാതുറമുഖത്തു എത്തുന്നതിന് സഹായിച്ചിട്ടുള്ള കേരളത്തിലെ കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ ഒന്നാംസ്ഥാനം "സത്യദീപം" കരസ്ഥമാക്കിയിരിക്കുന്നു എന്ന വാസ്തവവും ഇത്തരുണത്തിൽ തുറന്നുപ്രസ്താവിച്ചുകൊള്ളുന്നു. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു അകത്തോലിക്കരുടെ പുനരൈക്യത്തിലുള്ള അതിയായ താല്പര്യവും, അവിടുത്തെ നിരന്തരമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളുമാണ് "സത്യദീപ"ത്തിന്റെ ഏതാദൃശവിജയത്തിനുള്ള പ്രധാനകാരണമെന്നതിൽ തെല്ലും സംശയമില്ല.

* * *

ബഥനിയുടെ പുനരൈക്യത്തെ അത്യാകാംക്ഷയോടുകൂടെ നോക്കിപ്പാർത്തിരുന്ന മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ട് 1930 സെപ്റ്റംബർ 20-ാംനു- പ്രസ്തുതപുനരൈക്യം നടന്നുകഴിഞ്ഞുവെന്നു അറിഞ്ഞ ഉടൻതന്നെ ബഥനിത്തിരുമേനിമാരെ ഹൃദയപൂർവ്വം അനുമോദിച്ചും പുനരൈക്യപ്രസ്ഥാനത്തിനു സകല വിജയങ്ങളും ആശംസിച്ചും, പുനരൈക്യപ്പെട്ട വന്ദ്യതിരുമേനിമാരെ എറണാകുളത്തേക്കു ക്ഷണിച്ചുംകൊണ്ടുള്ള ഒരു കത്ത് അയക്കയുണ്ടായി. അതനുസരിച്ച് പുനരൈക്യത്തിന് ശേഷം ഒരാഴ്ച കഴിഞ്ഞു മാർ ഈവാനിയോസ് തിരുമേനിയും, മാർ തിയോഫിലോസ് തിരുമേനിയും എറണാകുളത്തിനു എഴുന്നെള്ളി മെത്രാപ്പോലീത്താതിരുമേനിയെ സന്ദർശിച്ചു. സ്വന്തം സഹോദരന്മാരെയെന്നോണം പുനരൈക്യപ്പെട്ട തിരുമേനിമാരെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സ്വീകരിക്കുകയും കുശലപ്രശ്നങ്ങൾ നടത്തുകയും ചെയ്തു.

മെത്രാപ്പോലീത്താതിരുമേനിയുടെ അദ്ധ്യക്ഷതയിൽ എറണാകുളത്തുവച്ച് നടന്ന അനുമോദനയോഗത്തിൽ മാർ ഈവാനിയോസ് തിരുമേനി ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു:-



തിരുവല്ലാമെത്രാൻ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി

"ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ തോമ്മാശ്ലീഹാ കേരളത്തിൽ വന്നു ഏഴു പള്ളികൾ സ്ഥാപിക്കുകയും അങ്ങനെ സുവിശേഷവെളിച്ചം കേരളത്തിൽ പ്രകാശിപ്പിക്കുകയും ചെയ്തു. ആദ്യക്രിസ്ത്യാനികളുടെ സന്താനങ്ങളായ നസ്രാണികൾ ഏകോദരസഹോദരങ്ങളായി അനേകനൂററാണ്ടുകൾ ജീവിച്ചശേഷം, ആത്മികവും വിശ്വാസസംബന്ധവുമായ കാരണങ്ങളാലല്ല, പ്രത്യുത, ദേശീയചിന്തനങ്ങളാൽ മാത്രം പ്രേരിതരായി അസന്തുപ്തിപ്പെടുകയും കൂനൻകുരിശു സത്യംവഴി ഭിന്നിക്കുകയും മററും ചെയ്ത സംഗതികൾ ചരിത്രപ്രസിദ്ധമാണല്ലോ. അങ്ങനെ ഭിന്നിച്ചവരിൽ ഒരു ഭാഗം വേഗത്തിൽ പുനരൈക്യപ്പെടുകയും ദൈവാനുഗ്രഹത്താൽ കാലക്രമത്തിൽ അവർക്കു ഏതദ്ദേശീയ മേലദ്ധ്യക്ഷന്മാരെ ലഭിക്കുകയും ചെയ്തു. തിരുസിംഹാസനത്തിലെ വിസിററർ അപ്പസ്തോലിക്ക തിരുമനസ്സുകൊണ്ട് സുറിയാനി കത്തോലിക്കരുടെ ഹൈരാർക്കി പുനസ്ഥാപനം പ്രഖ്യാപനം ചെയ്തതു് നാം ഇപ്പോൾ നില്ക്കുന്ന ഈ പ്രസംഗപീഠത്തിൽവച്ചുതന്നെയാണെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. ഭിന്നിച്ചവരിൽ വേറൊരു ഭാഗം വാശിപിടിച്ച് ആ നിലയിൽത്തന്നെ നിന്നു. ഈ ജനവിഭാഗം കാലക്രമത്തിൽ അന്ത്യോഖ്യാ യാക്കോബായ മേലധികാരത്തിനു കീഴ്പ്പെടുകയും അവരുടെ റീത്തു സ്വീകരിക്കുകയും ചെയ്തു. കൂനൻകുരിശു സത്യം മുതല്ക്കുണ്ടായ ഭിന്നിപ്പിനുള്ള കാരണങ്ങൾ ഏതായിരുന്നുവോ ആ കാരണങ്ങൾ ഇപ്പോൾ നീങ്ങിയിരിക്കുന്നു. അതിനാൽ "പുത്തൻകൂറുകാർ" എന്ന പേരിൽ പിരിഞ്ഞുപോയ ജനവിഭാഗത്തിന് ഇനിയും പിരിഞ്ഞുനില്ക്കേണ്ട ആവശ്യം ഇല്ലാതായിരിക്കുന്നു. ഇന്ന റീത്തു വേണമെന്നുള്ള മനഃസ്ഥിതി, കേവലം ഒരു sentiment — രുചിഭേദം — ആണെങ്കിലും രണ്ടു മൂന്നു നൂററാണ്ടുകളുടെ ഉപയോഗത്താൽ അതിൽ ഉറച്ചുപോയവർക്ക് അതു ഉപേക്ഷിച്ചു വേറൊന്നു സ്വീകരിക്കുവാൻ പ്രയാസമായിരിക്കും.

ഈ പ്രതിബന്ധത്തെ അകററി പുനരൈക്യം സാധിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള ബോധത്താൽ നാം അതിനായി അത്യന്തം ശ്രമിച്ചുവന്നു. നമ്മുടെ കൂട്ടമേലദ്ധ്യക്ഷന്മാരും വൈദികരും ജനങ്ങളും ഒന്നിച്ച് പുനരൈക്യപ്പെടണമെന്നായിരുന്നു നമ്മുടെ അതീവമായ ആഗ്രഹം. ഇക്കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലം നാം അതിനായി സർവ്വഥാ പരിശ്രമിക്കുകയും ചെയ്തു. നാമും നമ്മുടെ സഹോദരനായ നി. വ. ദിവ്യശ്രീ മാർ തിയോഫിലോസ് എപ്പിസ്കോപ്പായും തനിച്ച് ഈ പ്രസ്ഥാനം സ്വീകരിക്കണമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല. നാം മററു മേലദ്ധ്യക്ഷന്മാരോട് ഇതിനെക്കുറിച്ച് ആലോചിക്കുകയും കത്തെടപാടുകളെല്ലാം അവരെ കാണിക്കുകയും അവരുടെ കാല്ക്കൽ വീണു കണ്ണുനീരോടുകൂടെ അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ഞങ്ങൾക്കു ലഭിച്ച ഈ സൗഭാഗ്യം അവർക്കും ലഭിക്കുന്നതിനു കുറെക്കാലം കൂടെ താമസിക്കണമെന്നതായിരിക്കാം ദൈവനിശ്ചയം. എന്നാൽ ഞങ്ങൾ അത്രയും താമസിക്കുന്നതു ദൈവഹിതത്തിനു ചേരാത്തതാണെന്നുള്ള ദൃഢബോധത്താൽ മാത്രമാണു നാമും തിയോഫിലോസ് തിരുമേനിയും ഞങ്ങളോടുകൂടെയുള്ള മററുള്ളവരും കത്തോലിക്കാസഭാപ്രവേശനം ചെയ്തിട്ടുള്ളതു്. അതിനാൽ ഞങ്ങളുടെ ഈ പ്രസ്ഥാനം സ്വാർത്ഥപരമായ ഏതെങ്കിലും ഉദ്ദേശത്തെ ലക്ഷ്യമാക്കിയിട്ടുള്ളതായോ മറേറാ പരിഗണിക്കേണ്ടതല്ലെന്നു നാം ദൈവസന്നിധിയിൽ നിന്നുകൊണ്ടു തുറന്നു പറഞ്ഞുകൊള്ളുന്നു. പഴയ കൂർ സമുദായം ജ്യേഷ്ഠസഹോദരന്റെയും പുത്തൻകൂർ സമുദായം ഇളയ സഹോദരന്റെയും സ്ഥാനം വഹിക്കുന്നെന്നും ജ്യേഷ്ഠസഹോദരൻ നിസ്സാരമായ ചില കാരണങ്ങളാൽ പിരിഞ്ഞു നില്ക്കുന്ന ഇളയ സഹോദരനെ സകലവിധ പരിശ്രമങ്ങളും ചെയ്തു തിരിച്ചുകൊണ്ടുവന്നു തിരുസഭയുടെ ഐക്യത്തിൽ ചേർക്കേണ്ടതാണെന്നും പറയണമെന്നില്ലല്ലോ. ഇതിനായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്നു നാം അപേക്ഷിക്കയും അതു വഴി പുത്തൻകൂർ സമുദായം മുഴുവനും കർത്താവിന്റെ തിരുഹൃദയത്തിലേക്കു ആനയിക്കപ്പെടുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു."

* * *

എറണാകുളത്തുനിന്നും ലഭിച്ച സ്വീകരണങ്ങൾക്കും സല്ക്കാരങ്ങൾക്കുംശേഷം തിരുവല്ലായിൽ മടങ്ങിയെത്തിയ ഉടൻതന്നെ മെത്രാപ്പോലീത്താ തിരുമേനിക്ക് കൃതജ്ഞതാസൂചകമായ ഒരു കത്ത് മാർ ഈവാനിയോസ് തിരുമേനി അയച്ചുകൊടുത്തു. മെത്രാപ്പോലീത്താ തിരുമേനി പ്രദർശിപ്പിച്ച ഹൃദയവിശാലതയും, സ്നേഹപ്രകടനങ്ങളും, പുനരൈക്യപ്രസ്ഥാനത്തിലുള്ള താല്പര്യവും മാർ ഈവാനിയോസ് തിരുമേനിയെ എത്രമാത്രം ആകർഷിച്ചുവെന്ന് പ്രസ്തുതകത്തിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ആ കത്തിലെ ആദ്യഭാഗം ചുവടെ ചേർത്തുകൊള്ളുന്നു:-

"Your Grace,

It was such a joy, an unspeakable joy, and a great privilege for me and for His Lordship Mar Theophilos to have come into such intimate contact with Your Grace's affectionate person. While we were at Ernakulam we felt that we had such a dear father in Your Grace and we were extremely sorry to leave Ernakulam. We both are very grateful for all that Your Grace has done to us........."

ബഥനിത്തിരുമേനിമാരെ സന്ദർശിച്ചു വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നതിനുവേണ്ടി അധികം താമസിയാതെതന്നെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് തിരുവല്ലായ്ക്കു എഴുന്നെള്ളുകയും, അതിരൂപതവകയായി ഒരു നല്ല സംഖ്യ തിരുമേനിമാർക്കു സംഭാവനനൽകുകയുംചെയ്തു. അനന്തരം അതിരൂപതയിലുള്ള എല്ലാ പള്ളികൾക്കും അയച്ച കല്പനയിൽ പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി പ്രത്യേകം പ്രതിപാദിച്ചിരുന്നു. ആ കല്പനയിലെ ഒരുഭാഗം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"ഈയിടെ നാം നമ്മുടെ വന്ദ്യസഹോദരന്മാരായ ബഥനി മെത്രാനച്ചന്മാരേയും അവരുടെ സ്ഥാപനങ്ങളേയും സന്ദർശിക്കയുണ്ടായി. സത്യവിശ്വാസത്തെപ്രതി സമസ്തവും ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേർന്ന ഇവർ ഓരോതരത്തിലുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഇപ്പോഴും അനുഭവിച്ചുപോരുന്നു. പാർപ്പുസൗകര്യം മതിയാകാതേയും കാലക്ഷേപമാർഗ്ഗമില്ലാതേയും ഇവർ അത്യന്തം അരിഷ്ടിക്കുന്നുണ്ടെന്നു നാം കാണുകയുണ്ടായി. ഇവരുടെ കത്തോലിക്കാ സഭാപ്രവേശനത്തിൽ നമ്മൾ സന്തോഷിക്കുന്നതോടുകൂടെ ഇവരെ ഈ വിഷമഘട്ടത്തിൽ നാം യഥാശക്തി സഹായിക്കാതേയും നിവൃത്തിയില്ല. ഈ നോമ്പുകാലത്തിൽ നമ്മുടെ സുഖഭോഗങ്ങളെ കഴിയുന്നതും കുറച്ചു പണച്ചെലവു ചുരുക്കി ഓരോരുത്തരുടെ സ്ഥിതിയനുസരിച്ച് ഓരോ തുക അവർക്കുവേണ്ടി നമ്മെ ഏല്പിച്ചാൽ നാം അതു തക്കസമയത്തിൽ അവർക്കു എത്തിച്ചുകൊടുക്കുന്നതാണ്. അവർക്കു സകലവിധ സന്തുഷ്ടിയും സമാധാനവും വേഗമുണ്ടാകുന്നതിനും ശേഷമുള്ള


# മലബന്ധവും മററു രോഗങ്ങളും

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിന്റെ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്ട്രബിൾ-അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ട് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിന്റേയും വായുവിന്റേയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്ക് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങൾക്ക് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദുർനീരുകൾ കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേർന്നുനിന്നുകൊണ്ട് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞ് പോവുക, രക്തംകലർന്ന് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പൂർവ്വാധികം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏമ്പക്കം, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദുഷ്ടും മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

## മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജഠരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ട് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറ്, കടല, മോര്, മുളക് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണ്.

ദ്രാക്ഷാഘൃതം 5/8 (അരത്തൂക്കാൽ) റാ. കുപ്പി 1ക്ക് 4-0-0

5ക. മുതൽ മേലുള്ളതിനു് രജിസ്റ്റേർഡു പാർസലായി (പോസ്റ്റുൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണ്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

## കാളൻ, നെല്ലായി.

യാക്കോബായക്കാരായിരുന്നവർ അവരുടെ ദുഷ്ടാന്തത്തെ പിന്തുടരുന്നതിനും പ്രത്യേകശുഷ്കാന്തിയോടുകൂടെ നിങ്ങൾ അപേക്ഷിക്കണമെന്നു നാം ഏററവും താല്പര്യപ്പെടുന്നു."

അഭിവന്ദ്യതിരുമേനിയുടെ കല്പനയനുസരിച്ച് എറണാകുളം അതിരൂപതയിലുള്ള എല്ലാ ഇടവകകളിൽനിന്നും പുനരൈക്യപ്രസ്ഥാനത്തിനു കാര്യമാംവിധം സാമ്പത്തികസഹായം ലഭിക്കയുണ്ടായിട്ടുണ്ട്. വൈദികന്മാരായി ആജീവനാന്തം പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി ജോലിചെയ്യുന്നതിനു സമർത്ഥന്മാരും സൽസ്വഭാവികളുമായ ഒട്ടനേകം യു

---

വിശുദ്ധ പത്താം പീയൂസിന്റെ മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ മകന്റെ സുഖക്കേടിനു ആശ്വാസം നൽകിയതിനു ഉപകാരസ്മരണ.

കൊച്ചുവക്കി പുളുക്കേരി
മണ്ണൻതുരുത്ത്

---

വാക്കന്മാരേയും അഭിവന്ദ്യതിരുമേനി അതിരൂപതയിൽനിന്നും അയക്കയുണ്ടായിട്ടുണ്ട്. ഇതുമെന്യേ പ്രാരംഭകാലത്തു ത്യാഗവീരന്മാരും പണ്ഡിതന്മാരുമായ ഏതാനും വൈദികന്മാരേയും താൽക്കാലികസേവനത്തിനായി തിരുവല്ല, തിരുവനന്തപുരം രൂപതാതിരൂപതകളിലേക്കു അയച്ചുകൊടുത്തു. അവരോരോരുത്തരും നിർവ്വഹിച്ചിട്ടുള്ള മഹനീയസേവനങ്ങൾ പുനരൈക്യപ്രസ്ഥാനചരിത്രത്തിന്റെ പുറങ്ങളിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. മാർ ഈവാനിയോസ്, മാർ തിയോഫിലോസ്, മാർ സെവേരിയോസ് എന്നീ വന്ദ്യതിരുമേനിമാർ ഒരു ജ്യേഷ്ഠസഹോദരനെന്നോണം പരിഗണിച്ച് എല്ലാ കാര്യങ്ങളിലും മെത്രാപ്പോലീത്താ തിരുമേനിയോടു ആലോചനചോദിച്ചുകൊണ്ടിരുന്നു. സർ സി. പി. യുടെ മതപീഡനകാലത്തെത്തുടർന്നുണ്ടായ ഓരോ പ്രധാന കാലഘട്ടങ്ങളിലും എന്തെങ്കിലും പ്രവർത്തിക്കുന്നതിനുമുമ്പായി മാർ ഈവാനിയോസ് തിരുമേനി എറണാകുളത്തെത്തി മെത്രാപ്പോലീത്താ തിരുമേനിയുടെ ആലോചനചോദിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുക പതിവായിരുന്നു. ഓരോ അവസരത്തിലും മാർ ഈവാനിയോസ് തിരുമേനിയുടെ കുശാഗ്രബുദ്ധിയേയും, പ്രവർത്തനസാമർത്ഥ്യത്തേയും നിയന്ത്രിച്ചുകൊണ്ടിരുന്നതു മാർ അഗസ്റ്റിൻ തിരുമേനിയുടെ വിവേകപൂർവ്വകമായ മാർഗ്ഗനിർദ്ദേശങ്ങളായിരുന്നു. പുനരൈക്യം പ്രാപിച്ച വൈദികന്മാരും അൽമേനികളും എറണാകുളം അരമനയിലെത്തിയാൽ അഭിവന്ദ്യതിരുമേനി എന്തുമാത്രം സ്നേഹത്തോടും വാത്സല്യത്തോടുംകൂടെ അവരെ സ്വീകരിക്കുകയും സല്ക്കരിക്കുകയും ആത്മാർത്ഥമായി അവരുമായി ഒരു സ്നേഹിതനെപ്പോലെ സംസാരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നുള്ളതിനു ഈ ലേഖകനും അനുഭവസാക്ഷിയാണ്. അതെ, പുനരൈക്യപ്രസ്ഥാനചരിത്രത്തിന്റെ പുറങ്ങളിൽ അഭിവന്ദ്യതിരുമേനിയുടെ പാവനനാമധേയവും, അവിടുന്നു നിർവ്വഹിച്ചിട്ടുള്ള നിസ്തുലസേവനങ്ങളും, നൽകിയിട്ടുള്ള നിരവധി സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തങ്കാക്ഷരങ്ങളിൽ രേഖപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അഭിവന്ദ്യതിരുമേനിക്കു ആയുസ്സും ആരോഗ്യവും സർവ്വശക്തനായ ജഗന്നിയന്താവു നൽകട്ടെയെന്നു പ്രാർത്ഥിക്കുകയല്ലാതെ അസ്മാദൃശന്മാർ ഇത്തരുണത്തിൽ എന്തുചെയ്യേണ്ടു!

# പുനരൈക്യം

[പി. ഒ. ജോൺ, തിരുവല്ല]

ഏററവും ഇമ്പകരമായ ഒരു സ്മരണ. 1930 സെപ്ററംബർ 20-ാംനു- ശനിയാഴ്ച. ആധുനിക ക്രൈസ്തവചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സുദിനം. അതിനുമുമ്പ് ഉദ്ദേശം മൂന്നുറുസംവത്സരക്കാലം യാക്കോബായസഹോദരങ്ങളെ മാതൃസഭയിൽനിന്നു വേർതിരിച്ചു ബന്ധിച്ചിരുന്ന മട്ടാഞ്ചേരിയിലെ ബലമായ ആലാത്തുകയർ അന്നാണ് രണ്ടായി പൊട്ടിച്ചതും, ആ സഹോദരങ്ങളുടെ മാതൃസഭയിലേക്കുള്ള പ്രയാണമാർഗ്ഗം എത്രയും സുഗമവും സുസ്പഷ്ടവുമാക്കിത്തീർത്തതും. അന്നാണ് യാക്കോബായസഭയിലെ രണ്ടു മേലദ്ധ്യക്ഷന്മാർ, കുറെ അനുയായികളോടുകൂടെ കത്തോലിക്കാസഭാപ്രവേശം ചെയ്തതു്.

കേരളത്തിൽ ക്രൈസ്തവസഭ സ്ഥാപിച്ചതു ക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരാളായ മാർ തോമ്മാശ്ലീഹായാണെന്നുള്ളതു തർക്കമററ ഒരു വസ്തുതയാണ്. ആ വന്ദ്യപിതാവു് സ്ഥാപിച്ച സഭ ഗുരുതരമായ ഭേദങ്ങൾ കൂടാതെ പതിനാറു നൂററാണ്ടുകാലം നിലനിന്നു. അതിന്റെ അവസാനഘട്ടത്തിലാണ് പോർച്ചുഗീസ് വൈദികരും സഭാമേലദ്ധ്യക്ഷന്മാരും ഇൻഡ്യയിൽ വിശിഷ്യ കേരളത്തിൽവന്നു അവരുടെ സഭാഭരണം ഏറെറടുത്തതു്. കാലക്രമത്തിൽ അസ്വസ്ഥതകളും കലഹങ്ങളും അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ടു. ഒരുവിഭാഗമാളുകൾ ഒരു സമരാവസ്ഥയിൽ ചെന്നെത്തി. അവർ മട്ടാഞ്ചേരിയിൽ ഒന്നിച്ചുകൂടുകയും അവിടെയുള്ള കൂനൻകുരിശിൽ ആലാത്തുകയററിട്ടു്, ഓരോരുത്തർ അതിന്മേൽ പിടിച്ചുകൊണ്ടു്, പറങ്കികളോടു തങ്ങൾക്കു യാതൊരു വേഴ്ചയും വേണ്ടായെന്നു പ്രതിജ്ഞചെയ്യുകയുംചെയ്തു. തുടർന്നുണ്ടായ ചില ദാരുണസംഭവങ്ങളുടെ ഫലമായി അതുവരെ ഒന്നായി നിലനിന്നിരുന്ന സഭ, അന്നു രണ്ടായി പിരിഞ്ഞു. മാതൃസഭയിൽനിന്നു പിരിഞ്ഞുപോയവർ പില്ക്കാലത്തു അന്ത്യോഖ്യാ സിംഹാസനത്തോടു സഖ്യത്തിൽ ഏർപ്പെട്ടു. അങ്ങനെ കേരളത്തിൽ മലങ്കരയാക്കോബായ സുറിയാനി സഭ സംജാതമായി. അതിനെ തുടർന്നു്, മാതൃസഭയോടു പുനരൈക്യപ്പെടുന്നതിനു് അനേകശ്രമങ്ങൾ പിതാക്കന്മാർ നടത്തിയിട്ടുണ്ട്. എന്നാൽ 1930-ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വിശ്വാസപ്രഖ്യാപനം ചെയ്തു് കത്തോലിക്കാസഭയോടു ഐക്യപ്പെട്ടപ്പോഴാണ് അവ സഫലമായതു്. ആ വന്ദ്യതാതൻ മട്ടാഞ്ചേരിയിലെത്തി, കൂനൻകുരിശിനെനോക്കി ചെയ്ത പ്രലപനം ഏററവും ഹൃദയസ്പൃക്കമായിരുന്നു. തദവസരത്തിൽ കണ്ണുനീർ വാർത്തുകൊണ്ടു് ആ മഹാൻ പുനരൈക്യപ്രസ്ഥാനം കൂനൻകുരിശുസത്യത്തിന്റെ നേരെയുള്ള വെല്ലുവിളിയായി പ്രഖ്യാപിക്കയും ചെയ്തു.

ആരംഭകാലത്തു നവീകരണക്കാരെന്നും ഇന്നു മാർത്തോമ്മാക്കാരെന്നും അറിയപ്പെടുന്ന സഭ ഏതാണ്ടു 120 കൊല്ലംമുമ്പു് യാക്കോബായസഭയോടു മത്സരിച്ചുണ്ടായതാണ്. ഇന്നു ശ്രീ കെ. എൻ. ദാനിയേൽ സ്വസമുദായ പരമാദ്ധ്യക്ഷന്റെ അധികാരത്തേയും അവകാശങ്ങളേയും ചോദ്യംചെയ്തുകൊണ്ടു്, അതിന്മേൽ ഒരു തീരുമാനം കണ്ടെത്തുവാൻ നീതിന്യായക്കോടതിയെ അഭയംപ്രാപിച്ചിരിക്കുന്നുവെങ്കിൽ, ഉദ്ദേശം മുപ്പതുകൊല്ലംമുമ്പു് അദ്ദേഹം ബന്ധപ്പെട്ടതു മാർപ്പാപ്പായുടെ പരമാധികാരത്തെ തകർക്കുവാനായിരുന്നു. അതിനെ അവഹേളിച്ചുകൊണ്ടു് അനവധി പ്രസ്താവനകളും തർക്കങ്ങളും അദ്ദേഹം പുറപ്പെടുവിച്ചു. അതും ഒരു വ്യവഹാരത്തിൽ കലാശിച്ചു. കത്തോലിക്കാസഭയെ കേരളത്തിൽനിന്നു ഉച്ചാടനം ചെയ്യാമെന്നും, ആ സഭയിലേക്കുള്ള പ്രവാഹം തടയാമെന്നും അദ്ദേഹം വ്യാമോഹിച്ചെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. മാർപ്പാപ്പായുടെ പരമാധികാരം ദുർബലപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചില്ലെന്നു മാത്രമല്ല, കത്തോലിക്കാസഭയെക്കുറിച്ചു ശരിയായ വിവരമില്ലാതിരുന്ന ചിലർക്കു്, അതിന്റെ അപ്രമാദിത്വത്തെപ്പററിയും ശ്രേഷ്ഠതയെപ്പററിയും വേണ്ടത്ര വിജ്ഞാനം സമ്പാദിച്ചുകൊടുക്കുവാൻ ആ സംരംഭം ധാരാളം പ്രചോദനവും നൽകി. ഈ ലേഖകനുതന്നേയും കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാൻ ഒരു പുതിയ വെളിച്ചം സിദ്ധിച്ചതു ആ അവസരത്തിലായിരുന്നു.

(ശേഷം 10-ാംപേജിൽ)



റൈററ് റവ. മോൺ. ചേപ്പുട്ട
പ്ലീപ്പോസ് റമ്പാൻ

# പുനരൈക്യ രജതജൂബിലിമഹാമഹം

## തിരുമൂലപുരം 'മാർ ഈവാനിയോസ് നഗർ'

### 1955 സെപ്റ്റംബർ 11—21

### കാര്യപരിപാടി

**1955 സെപ്തംബർ 11-ാം തീയതി**

കേരളത്തിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പുനരൈക്യവിജയത്തിനായുള്ള നൊവേനപ്രാർത്ഥന ആരംഭിക്കുന്നു. വൈകുന്നേരം 5 മണിക്കു് "മാർ ഈവാനിയോസ് നഗറി"ൽ പതാക ഉയർത്തൽ റൈററ് റവ. മാർ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു്.

**17-ാം തീയതി ശനിയാഴ്ച**

വൈകുന്നേരം 5 മണിക്കു് പുതിയ ദൈവാലയത്തിന്റെ "കല്ലിടീൽ" ശുശ്രൂഷ.

**18-ാം തീയതി ഞായറാഴ്ച**

രാവിലെ 5 മണിക്കു് മാർ ഈവാനിയോസ് തിരുമനസ്സിലെ ആത്മശാന്തിക്കായി മൂന്നിന്മേൽ കർബാന. 6-30 നു് നവീനദേവാലയക്കൂദാശ—വി. കർബാന. 11 മണിക്കു് മാർ ദീയസ്കോറോസ് തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ പുതിയ ദേവാലയത്തിൽ മാററിസ്ഥാപിക്കുന്നു. ഉച്ചകഴിഞ്ഞു് 2 മണിക്കു് മാർ സെവേരിയോസ് തിരുമനസ്സിലെ കബറിടത്തുങ്കൽ ധൂപപ്രാർത്ഥന. 2-15 നു് പ്രസംഗം— പാലാമെത്രാൻ റൈററ് റവ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു്. 2-30 നു് തിരുവല്ലാ മദ്ബഹാ ദേവാലയത്തിൽനിന്നു് തിരുമൂലപുരം "മാർ ഈവാനിയോസ് നഗറി"ലേക്കു് വമ്പിച്ച റാലി. 3-45 നു് ജൂബിലിപ്പന്തലിൽ വി. കർബാനയുടെ വാഴ്വു്. 4-നു് ജൂബിലിപൊതുസമ്മേളനം. അദ്ധ്യക്ഷൻ:- വരാപ്പുഴ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു്. പ്രാസംഗികന്മാർ:- വെരി റവ. ഫാദർ ഫ്രാൻസിസ് സാലസ് സി. ഡി., എം. എ., ശ്രീ ജോർജ് വറുഗീസ് കണ്ണന്താനം ബി. എ., ബി. എൽ., ശ്രീ പി ഒ. ജോൺ ബി. എസ്സി., ശ്രീ കെ. ജി. ചാക്കോ കിളിലേത്തു്.

**19-ാം തീയതി തിങ്കളാഴ്ച**

കത്തോലിക്കാപ്രവർത്തനദിനം. 6-30 നു് മാർ ദീയസ്കോറസ് തിരുമനസ്സിലെ ആത്മശാന്തിക്കായി മൂന്നിന്മേൽ കർബാന. 8-30 നു് ഭക്തസംഘടനകൾക്കായുള്ള ആഘോഷമായ വി. കർബാനയും സംഘാംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും. 10-നു് ലീജിയൻ അംഗങ്ങളുടെ പൊതുസമ്മേളനം. അദ്ധ്യക്ഷൻ:- വെരി റവ. ഫാദർ സി. ടി. കരുവിള (തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറർ) പ്രസംഗം:- മിസ്സ് സാറാ പോത്തൻ ബി. എ. ബി. എൽ. അഡ്വൊക്കേററു്, എറണാകുളം, ശ്രീ സി. എസ്സ്. ജോൺ സെബാസ്റ്റ്യൻ ബി. എ. (ആലപ്പുഴ ക്യൂരിയാ പ്രസിഡൻറു്) 3-30 നു് മലങ്കര കത്തോലിക്കാ കോൺഗ്രസ്സിന്റെയും ഭക്തസംഘടനകളുടേയും പൊതുസമ്മേളനം. അദ്ധ്യക്ഷൻ:- ശ്രീ പി ജെ. സെബാസ്റ്റ്യൻ ബി. എ; ബി. എൽ., എം. എൽ. എ. (അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറു്) പ്രാസംഗികന്മാർ:- ശ്രീ എൻ. ജി. ഫലിപ്പ്, (ക്യൂരിയാ പ്രസിഡൻറു് തിരുവനന്തപുരം), ശ്രീ എൻ. ജെ. ജോർജ് എം. എ; എൽ. ടി., ശ്രീ സി. എസ്സ്. ജോൺ സെബാസ്റ്റ്യൻ ബി. എ.

**20-ാം തീയതി ചൊവ്വാഴ്ച**

ബാലദിനം. 8 മണിക്കു് പുനരൈക്യപ്രസ്ഥാനവിജയത്തിനായുള്ള മൂന്നിന്മേൽ കർബാന. കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം. 10-നു് കുട്ടികളുടെ പൊതുസമ്മേളനം. അദ്ധ്യക്ഷൻ:- റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ട് (ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ) പ്രാസംഗികന്മാർ:- വെരി റവ. കോർഎപ്പിസ്കോപ്പാ ലൂക്കോസ് നെടുയുഴത്തിൽ, വെരി റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് (മിഷൻ സെമ്മിനാരി റെക്ടർ, പാലാ), കുട്ടികളുടെ പ്രഭാഷണം. 3-30 നു് ദിവ്യകാരുണ്യപ്രദക്ഷിണം, തിരുമൂലപുരം ബഥനിമഠത്തിൽനിന്നു തിരുമൂലപുരം ഇടവകദേവാലയത്തിലേക്കു്. പ്രധാനകാർമ്മികൻ:- റൈററ് റവ. മാർ തോമസ് തറയിൽ (കോട്ടയം മെത്രാൻ)

**21-ാം തീയതി ബുധനാഴ്ച**

ആരാധനാദിനം. 5-30 നു് മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ആത്മശാന്തിക്കായുള്ള മൂന്നുമ്മേൽ കർബാന. 6-30 മുതൽ 13 മണിയാരാധന. വൈകിട്ട് 5-നു് ജൂബിലിസമാപനപ്രസംഗം—റൈററ് റവ. മോൺ. മാത്യു നെടുങ്ങാട്ട് (വികാരിജനറാൾ, തിരുവല്ലാ)

N. B. 17, 18, 19 എന്നീ തീയതികളിൽ വൈകുന്നേരം 7-30 നു് പ്രസംഗങ്ങളും, സിനിമാപ്രദർശനവും, മററു കലാപ്രകടനങ്ങളും ഉണ്ടായിരിക്കുന്നതാണ്. പ്രാസംഗികന്മാർ:- റൈററ് റവ. മോൺ. പീലിപ്പോസ് റമ്പാൻ, വെരി റവ. ഫാദർ ഫ്രാൻസിസ് കാളാശ്ശേരി എം. എസ്സി. (വൈസ് പ്രിൻസിപ്പാൾ എസ്. ബി. കോളേജ്, ചങ്ങനാശ്ശേരി), റവ. ഫാദർ ഫിലിപ്പ് ഇരട്ടമാക്കിൽ ബി. എ. ബി. ടി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ ERNAKULAM, SEPTEMBER 21 ‖ No. 7


# പുനരൈക്യജൂബിലി

കേരളസഭാചരിത്രത്തിൽ 1653 ജനുവരി 3-ാംനു ഒരു സ്മരണീയ ദിനമാണു്; ശോകാത്മകമായ സ്മരണ. അന്നാണു് കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ സ്വന്തറീത്തിലുള്ള സുറിയാനിമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി ചെയ്ത യത്നങ്ങളെല്ലാം വിഫലമാക്കപ്പെട്ട എന്നുള്ള നിരാശയിൽ, അതിനുകാരണക്കാരായ വിദേശീയ പാതിരിമാരോടുള്ള പകവീട്ടലെന്നവണ്ണം, കൊച്ചിയിൽവച്ചു കൂനൻകുരിശിനെ തൊട്ടു സത്യം ചെയ്തതു്, അവരുടെ ഭരണത്തിനു ഒരിക്കലും കീഴ്പ്പെടുകയില്ലെന്നു്. ഈ വാശിയാൽ അന്ധരാക്കപ്പെട്ട ഏതാനും സമുദായനേതാക്കന്മാർ മേയ്മാസം 22-ാംതീയതി ആലങ്ങാട്ടുവച്ചു കൂടിയ യോഗത്തിൽ നിർഭാഗ്യവശാൽ കൂടുതൽ ഗർഹണീയമായ ഒരബദ്ധത്തിൽ ചെന്നുചാടി. വഞ്ചിതരായ അവർ അനധികൃതമായി, നിയമവിരുദ്ധമായി 12 പട്ടക്കാർ കൂടി കൈവച്ചു ഒരു മെത്രാനെ വാഴിക്കുന്ന പ്രഹസനമഭിനയിച്ചു. ഇതായിരുന്നു കേരളസഭയിലെ ശീദ്മത്തിനു ബീജാവാപം ചെയ്ത സംഭവം. ശീദ്മവിഭാഗം അതിന്റെ വാശിയെ പുലർത്തുന്നതിനു ഒടുവിൽ അന്തിയോക്കിയായിലെ യാക്കോബായസഭയുമായി ബന്ധം സ്ഥാപിച്ചു. പുത്തൻകൂർ ശീശ്മ ഇവിടെ സമാരംഭിച്ചു.

ശീദ്മം പുനരൈക്യപ്രശ്നം ആവിർഭവിപ്പിച്ചു. മാതൃസഭയുമായി മാന്യമായി പുനരൈക്യപ്പെടുന്നതിനുള്ള സാഹസികവും ശ്രമകരവുമായ പരിശ്രമങ്ങളുടെ നീണ്ടചരിത്രമാണു് 1930 സെപ്റ്റംബർ 20-ാംതീയതി ശോഭനമായ ഒരു പുതിയ ഉഷസ്സിനെ ദർശിക്കുന്നതു്. അതിനിടയിൽ സഭാസേവനത്തിനുവേണ്ടി, പുനരൈക്യസാഫല്യത്തിനുവേണ്ടി ജീവൻപോലും ഹോമിച്ച ത്യാഗിവര്യന്മാർ നിരവധിയാണു്. പ്രതിലോമസാഹചര്യങ്ങൾ അവരുടെ പരിശ്രമങ്ങളെ വിഫലമാക്കിയെന്നതിൽ ഖേദിക്കുകയല്ലാതെ എന്തുചെയ്യാം. 1786 സെപ്റ്റംബർ 9-ാംനു ഗോവയിൽവച്ചു ദിവംഗതനായ കരിയാററിൽ മാർ യൗസേപ്പു മെത്രാപ്പോലീത്താ തിരുമനസ്സിലെ വിയോഗം ഇക്കൂട്ടത്തിൽ അത്യഗാധമായ ഹൃദയവ്യഥയോടുകൂടി കേരളക്രിസ്ത്യാനികൾ എന്നെന്നും അനുസ്മരിക്കുന്ന ഒരു ദാരുണസംഭവമാണു്.

സഭാനൗകയുടെ പുനരൈക്യഗതിയെ വിഘാതപ്പെടുത്തുന്നതിനു അനുസ്യൂതം ആഞ്ഞടിച്ചുകൊണ്ടിരുന്ന തിരമാലകളെ നിയന്ത്രിച്ചു മാതൃസഭാസങ്കേതത്തിലേക്കു അതിനെ അടുപ്പിച്ചു മാലുമി വര്യനാണു് 1953 ജൂലൈ 15-ാംതീയതി ദിവംഗതനായ മാർ ഈവാനിയോസ് തിരുമേനി. 1930 സെപ്റ്റംബർ 20-ാംനു നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യത്തിന്റെ സൂത്രധാരനും, അതിന്റെ പ്രണേതാവും, തുടർന്നു ശ്രേയാന്മുഖമായ അതിന്റെ ജൈത്രയാത്രയുടെ നേതാവും തിരുമേനിതന്നെ ആയിരുന്നു. ആ മഹാസംഭവത്തിന്റെ രജതജൂബിലി സമാപനമഹാമഹമാണു് നാമിപ്പോൾ ആഘോഷിക്കുന്നതു്. ജൂബിലിയാഘോഷം നടക്കുന്ന ഈ മഹാവസരത്തിൽ നാമനുസ്മരിക്കേണ്ട കർത്തവ്യങ്ങളേയും ഏറെറടുക്കേണ്ട പ്രവർത്തനങ്ങളേയും സംബന്ധിച്ച ബാദ്ധ്യതകൾ ഒരുതരത്തിലും അവഗണിക്കപ്പെടാവുന്നവയല്ല. സത്യദീപത്തിന്റെ വിനീതസേവനങ്ങൾ മഹത്തായ ഈ കാര്യത്തിനുവേണ്ടി സർവ്വോപരി നീക്കിവയ്ക്കപ്പെട്ടിരിക്കുകയാണു് എന്നു ഒരിക്കൽക്കൂടി പ്രഖ്യാപിക്കുവാൻ ഞങ്ങൾക്കതിയായ ആനന്ദമുണ്ടു്. മാതൃസഭയിൽനിന്നും അകന്നുനില്ക്കുന്ന ഓരോ വ്യക്തിയുടേയും പാദസേവനത്തിനു— സത്യദീപത്തിന്റെ പ്രകാശത്തിൽ ഓരോ അടിയും മാതൃസഭയുടെനേർക്കു മുന്നോട്ടുവയ്ക്കത്തക്കവണ്ണം സഹായിക്കുന്നതിനു—അതു സദാപി വെമ്പൽ കൊള്ളുകയാണു്. ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന സത്യദീപമായ ക്രിസ്തു ഈ പരിശ്രമങ്ങൾ സഫലങ്ങളാക്കുമാറാകട്ടെ.

ചിരപ്രതീക്ഷിതമായ പുനരൈക്യം സഫലമാക്കിയ ദൈവത്തിന്റെ അനന്തമായ കൃപാവരത്തിനു ആദ്യമായി കൃതജ്ഞത പറയാം. നിരവധി ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചു ഈ പ്രസ്ഥാനത്തെ വിജയത്തിലേക്കു നയിച്ച മഹാരഥന്മാരെ ആദരപൂർവ്വം അനുസ്മരിക്കാം. മാതൃസഭയിൽനിന്നും അകന്നിരിക്കുന്ന ഓരോരുത്തരും പുനരൈക്യപ്പെട്ടു "ഏകതൊഴുത്തും ഏകഇടയനുമായി"ത്തീരുന്നതിനു്— പുനരൈക്യം സമ്പൂർണ്ണവിജയത്തിലെത്തുന്നതിനു് നമ്മുടെ സകല കഴിവുകളേയും നമുക്കു പ്രയോഗിക്കാം. പുനരൈക്യപ്രസ്ഥാനം വിജയിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### പൗരസ്ത്യ ശീശ്മസഭകളെ മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു

ഇററലിയിൽ റോം നഗരത്തിനടുത്തു ഗ്രോട്ടാഫെരാത്താ എന്ന സ്ഥലത്തു ഗ്രീക്കു സഭ വക ഒരു കത്തോലിക്കാ സന്യാസഭവനമുണ്ടു്. അതിന്റെ സ്ഥാപകനും പ്രഥമ ആബട്ടും വിശുദ്ധനായ നീലൂസ് എന്നദ്ദേഹമാണു്. വി. നീലൂസിനെ തുടർന്നു ആബട്ടായിതീർന്നതു വിശുദ്ധ ബത്തലോമ്യൂ ആയിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന്റെ 9-ാംശതാബ്ദപൂർത്തി ഈയിടെ ആഘോഷിക്കുകയുണ്ടായി. ഈ അവസരം പ്രമാണിച്ചു ആശ്രമത്തിന്റെ ഇപ്പോഴത്തെ ആബട്ടായ ഡോം ഇസിഡോർ ക്രോസിനു 12-ാംപീയൂസ് മാർപ്പാപ്പാ സ്വഹസ്തലിഖിതമായ ഒരു സന്ദേശം അയച്ചുകൊടുത്തു. പൗരസ്ത്യശീശ്മസഭകളിൽ പെട്ടുകിടക്കുന്ന അവിടുത്തെ വാത്സല്യഭാജനങ്ങളെ പൈതൃകമായ സ്നേഹത്തോടും ആവേശത്തോടും കൂടി ആഹ്വാനം ചെയ്യുന്ന കന്നാണതു്. പരിശുദ്ധ സിംഹാസനവുമായി പുനരൈക്യപ്പെടുന്നതുകൊണ്ടു് അവരിപ്പോൾ കാര്യമായിവിലമതിക്കുന്ന നന്മയായതൊന്നും നഷ്ടപ്പെടുകയില്ലെന്നു അവർക്കു പരിശുദ്ധ പിതാവു ഉറപ്പു നൽകുന്നു. അവിടുന്നു ഇപ്രകാരം പ്രസ്താവിച്ചു:—

"പരിശുദ്ധറോമാസിംഹാസനവുമായി പുനരൈക്യപ്പെടുകയും, അവശ്യാവശ്യവും ഏററം അഭിലഷിതവുമായ പ്രസ്തുതബന്ധത്തെ വീണ്ടെടുക്കുകയും ചെയ്യുന്നതുകൊണ്ടു് യഥാർത്ഥത്തിൽ പൗരസ്ത്യജനങ്ങൾക്കു ഒന്നും ഭയപ്പെടാനില്ല. അവരുടെ വിശുദ്ധ കർമ്മങ്ങളുടെ മഹനീയതയും, മനോഹരതയും ഒട്ടും ബലികഴിക്കേണ്ടതില്ല; പൈതൃകാവകാശമായി അവർക്കു കൈവന്നിരിക്കുന്ന പരിപാവനമായ ശിക്ഷണരീതികളിൽനിന്നു അവർ വ്യതിചലിക്കേണ്ടതുമില്ല. തീർച്ചയായും അത്യധികമായ സംരക്ഷണവും മഹത്വവും അവയ്ക്കു ലഭിക്കുകയും ചെയ്യും. തിരുസഭാമാതാവിന്റെ നിരവധി അരുമസന്താനങ്ങളെ ഏറെനാളായി മാതൃസഭയിൽനിന്നു ബഹുദൂരം അകററിനിർത്തിയിരിക്കുന്ന മുൻവിധികളെല്ലാം ദൈവകൃപാവരം മൂലം എന്തുകൊണ്ടു സത്യത്തിനു വഴിമാറുന്നില്ല?"

തുടർന്നു തിരുമേനി ഗ്രോട്ടാഫെരാത്താ ആബിയുടെ ചരിത്രത്തേയും, വിശുദ്ധ ബത്തലോമ്യൂ അദ്ദേഹത്തിന്റെ നിസ്തന്ദ്രപരിശ്രമംവഴി പൗരസ്ത്യസന്യാസമുറകൾ പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിച്ച സംഭവങ്ങളേയും വിവരിച്ച ശേഷം പറയുന്നു:—

"നീണ്ട നിരവധി നൂററാണ്ടുകൾക്കുശേഷം ഇന്നും തിരുസഭയിൽ അതിന്റെ രക്ഷാകരമായ ഫലങ്ങൾ പ്രസ്പഷ്ടമായി പരിലസിക്കുന്നുണ്ടു്. നിങ്ങളുടെ ആശ്രമത്തിന്റെ ആരംഭത്തേയും വിശുദ്ധ ബത്തലോമ്യൂവിന്റെ കാലത്തേയും അനുസ്മരിക്കുമ്പോളെല്ലാം, പുരാതനനൂററാണ്ടുകളുടെ ദുർഘട്ടങ്ങളിൽപെട്ടു നഷ്ടപ്പെട്ടുപോയ ആ വിശിഷ്ടവസ്തുവെ നമ്മുടെ ആകുലപൂർണ്ണവും ആവേശഭരിതവുമായ ഹൃദയം തീർച്ചയായും അത്യാകാംക്ഷിക്കുകയാണു്. അഭിപ്രായവ്യത്യാസംമൂലം പങ്കിലമാക്കപ്പെടാത്ത ആ സനാതന ഐക്യത്തെയാണു് നാമിവിടെ വിവക്ഷിക്കുന്നതു്. ഗ്രീക്കുസഭ അന്നു റോമാസഭയിൽനിന്നു പിരിഞ്ഞുപോയിരുന്നില്ല. ക്രിസ്തുവിന്റെ വികാരിയുടെ ഭരണത്തിലും നിയന്ത്രണത്തിലും ഏകതൊഴുത്തിൽ ഗാഢമായി അവർ ഐക്യപ്പെട്ടിരുന്നു.

"വിശുദ്ധ ബത്തലോമ്യൂ തന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നിങ്ങളുടെ സ്ഥാപകപിതാവും നിയമദാതാവുമായ പുണ്യദേഹം നമ്മുടെ ഈ പ്രിയപ്പെട്ട നഗരത്തിനു സമീപം അഭയം തേടിയതു സൗഭാഗ്യകരമായ ഒരു സംഭവമായിരുന്നു. എന്തുകൊണ്ടെന്നാൽ അതുവഴിയായി, പിരിഞ്ഞുപോയ എല്ലാ സഹോദരന്മാരേയും കുഞ്ഞുമക്കളേയും വീണ്ടും യോജിപ്പിക്കുന്നതിനു പററിയ ഒരു സ്ഥലവും ആശ്രമവും സജ്ജീകരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അന്നു മുതൽ റോമാമാർപ്പാപ്പാമാരുടെ സംരക്ഷണത്തിൽ നിങ്ങളുടെ സ്ഥാപനത്തിനു അത്ഭുതാവഹമായ വളർച്ചയുണ്ടായി. റോമാസഭയുടെ വിശ്വാസത്തിലുള്ള ദൃഢതയും ഗ്രീക്കുസഭയുടെ വൈദികഭാഷയും കർമ്മാനുഷ്ഠാനക്രമവും ഒന്നുചേർന്നു നമ്മുടെ ഈ പുതിയ തലമുറയിൽപോലും പ്രശസ്തമായ ആ പുരാതനഐക്യത്തിനു അതു നിതരാം പ്രകടമായ സാക്ഷ്യം വഹിക്കുന്നു." ഐക്യത്തിന്റെ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനുള്ള ആഹ്വാനത്തോടുകൂടിയാണു് പരിശുദ്ധ പിതാവു എഴുത്തവസാനിപ്പിച്ചിരിക്കുന്നതു്.

കേരളത്തിലെ ചിരപ്രതീക്ഷിതമായ പുനരൈക്യസംരംഭം തൃപ്തികരവും അഭിമാനാവഹവുമായ വിധത്തിൽ സമാരംഭിക്കപ്പെട്ടതിന്റെ രജതജൂബിലി സമാഘോഷിക്കുന്ന ഈ സുവർണ്ണാവസരത്തിൽ അഭിപ്രായവ്യത്യാസങ്ങളോ ദുർവ്വാശിയോ തെററിദ്ധാരണകളോമൂലം മാതൃസഭയുടെ ഐക്യവലയത്തിൽനിന്നകന്നു നിൽക്കുന്ന അജഗണങ്ങളുടെനേർക്കു ക്രിസ്തുവിന്റെ വികാരിയും സഭയുടെ പ്രധാന ഇടയനുമായ പരിശുദ്ധ മാർപ്പാപ്പായ്ക്കുള്ള മനോഭാവം എന്താണെന്നു ഗ്രഹിക്കുന്നതിനും അവിടുത്തെ പൈതൃകമായ ആഹ്വാനവും അഭിലാഷവും എന്താണെന്നു ശ്രവിക്കുന്നതിനും മാർപ്പാപ്പായുടെ ഈ ലേഖനം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

## തിരുനാൾമംഗളം



ചങ്ങനാശ്ശേരിമെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനി
(തിരുനാൾ സെപ്റ്റംബർ 21)

## 25 കൊല്ലത്തെ പുരോഗതി

ഇപ്പോൾ രജതജൂബിലി ആഘോഷിക്കുന്ന പുനരൈക്യപ്രസ്ഥാനം കഴിഞ്ഞ 25 കൊല്ലംകൊണ്ടു നേടിയിട്ടുള്ള പുരോഗതിയെ മനസ്സിലാക്കുന്നതിനു പ്രസ്തുത ഹയരാക്കിയുടെ സ്ഥിതിവിവരക്കണക്കു സഹായിക്കുന്നതാണു്:—

| | തിരുവനന്തപുരം അതിരൂപത | തിരുവല്ല രൂപത |
|---|---|---|
| ഇടവകപ്പള്ളികൾ | 110 | 83 |
| മിഷൻ സ്റ്റേഷനുകൾ | 85 | 35 |
| മൈനർ സെമ്മിനാരി | 1 | 1 |
| ” സെമ്മിനാരിക്കാർ | 24 | 21 |
| വൈദികർ | 74 | 65 |
| വൈദികവിദ്യാർത്ഥികൾ | 31 | 26 |
| ആശ്രമങ്ങൾ | 3 | 1 |
| സന്യാസികൾ | 20 | 10 |
| കന്യകാമഠങ്ങൾ | 12 | 6 |
| കന്യകകൾ | 122 | 55 |
| അനാഥശാലകൾ | 2 | 2 |
| പ്രൈമറിസ്കൂളുകൾ | 50 | 21 |
| മിഡിൽസ്കൂളുകൾ | 10 | 9 |
| ഹൈസ്കൂളുകൾ | 8 | 7 |
| കോളേജ് | 1 | |
| അച്ചടിശാല | 1 | 1 |
| ആശുപത്രികൾ | 1 | 1 |
| ലീജിയൻ ഓഫ് മേരി പ്രസീദിയാ | 110 | 45 |
| വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ | 3 | 12 |
| വിശ്വാസികൾ | 58,000 | 19,000 |

അത്ഭുതാവഹമായ ഈ അഭിവൃദ്ധിയിൽ ദൈവകരം പ്രവർത്തിക്കുന്നുവെന്നാണു് മുൻവിധി കൂടാതെ ഈ വസ്തുതയെ വീക്ഷിക്കുമ്പോൾ തെളിവാകുന്നതു്. ഈ പുരോഗതി അവികലം തുടരുന്നതിനുഇടയാകട്ടെയെന്നു ഈ ജൂബിലിയവസരത്തിൽ പ്രാർത്ഥിക്കാം.

## ദൈവത്തിന്റെ അദൃശ്യവ്യാപാരങ്ങൾ

[എ. പീലിപ്പോസ് എം. എ. ബി. എൽ.]

മഹോന്നതങ്ങളിൽ വസിക്കുന്നവനായ ദൈവമേ, അങ്ങേ അദൃശ്യവ്യാപാരങ്ങളിൽ ഒന്നായ ഈ മലങ്കരപുനരൈക്യപ്രസ്ഥാനം, 25 വർഷം തികയുന്ന അതിന്റെ ജൂബിലിവർഷത്തിൽ എത്താൻ ഇടയായതിൽ സന്തോഷത്തിന്റെ കണ്ണുനീരുകൾ തുളുമ്പിക്കൊണ്ടു് ഞങ്ങൾ അങ്ങേ സ്തുതിക്കുന്നു. സകല മഹത്വവും അങ്ങേക്കാകുന്നു. ഒരു മുപ്പത്തഞ്ചുവർഷം മുൻപു് ഇങ്ങനെയൊരു പുനരൈക്യം നടക്കുവാൻ പോകുന്നു എന്നു് ആരു വിചാരിച്ചിരുന്നു. അനേകവർഷങ്ങളായി യാക്കോബായശീശ്മയിൽ ആണ്ടുകിടന്ന ഒരു വിഭാഗത്തെ ഈജിപ്തിലെ നരകമാകുന്ന കഠിനശീശ്മയിൽനിന്നും വേർപെടുത്തി, ചെങ്കടലും മരുഭൂമിയും കടത്തി "ഈ പച്ചമേച്ചിൽസ്ഥലങ്ങളിലേക്കു" അവരെ അങ്ങു കൊണ്ടുവരുമെന്നു്, ആ ഭാഗ്യം അനുഭവിക്കുന്നവരിൽ ആരുംതന്നെ ഒരു മുപ്പത്തഞ്ചുവർഷം മുമ്പു് വിചാരിച്ചിരുന്നതല്ല. അതിനുള്ള സാഹചര്യങ്ങൾ അങ്ങേ അഗാധജ്ഞാനത്തിൽ അങ്ങു സൃഷ്ടിച്ചു. അവരെ നടത്തുന്നതിനു്, മോശയെ അങ്ങു എഴുന്നേല്പിച്ചതുപോലെ മാർ ഈവാനിയോസിനേയും എഴുന്നേല്പിച്ചു. വേണ്ട അനുഗ്രഹങ്ങൾ എല്ലാം അദ്ദേഹത്തിനു കൊടുത്തു. പുനരൈക്യപ്പെട്ട എല്ലാവരുമേ! വരുവിൻ! നമുക്കു ദൈവത്തെ സ്തുതിക്കാം! ദൈവത്തിൽ ആശ്രയിക്കുന്നവർ ലജ്ജിക്കപ്പെടുകയില്ലെന്ന ദാവീദിന്റെ പ്രവചനവും, ഇസ്രായേലിൽനിന്നും ഒരു ചെറിയ വിഭാഗത്തെ ദൈവം തനിക്കായി ശേഷിപ്പിക്കും എന്നു് പഴയനിയമത്തിലെ ദീർഘദർശിമാർ പറഞ്ഞിട്ടുള്ളതിനേയും സ്മരിച്ചുകൊണ്ടു് നമുക്കു ദൈവത്തെ സ്തുതിക്കാം.

മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ ഒരു സങ്കല്പസഭയെ സ്ഥാപിച്ചു എന്നും, ശീശ്മ അതിനെ വന്നുമൂടിയെന്നും, അതിനെ ഉയിപ്പിക്കാൻ ഒരു അബ്രാഹാംമല്ലാനെ

അയച്ച എന്നും മററുമുള്ള മനുഷ്യോപദേശങ്ങൾ ഒന്നും നമുക്ക് സ്വീകരിച്ചിട്ടാവശ്യമില്ല. പിതാക്കന്മാർക്ക് ഒരിക്കൽ നൽകപ്പെട്ട ആ അപ്പസ്തോലവിശ്വാസം നമ്മുടേതാകുന്നു. അതു പത്രോസാകുന്നപാറമേൽ സ്ഥാപിച്ചിരിക്കുന്നു. പത്രോസിന്റെ പിൻഗാമികൾ നമ്മെ ഭരിക്കുന്നു. സഭയുടെ നിലനില്പിനു നാം ഒരു കോടതിയിലും കയറേണ്ട ആവശ്യമില്ല. പത്രോസും പിൻഗാമികളും അതിന്റെ നിലനില്പിനെ കാത്തുകൊള്ളും. എന്നാൽ നമ്മുടെ വ്യക്തിപരമായ കുറവുകളും പാപങ്ങളും അനവധിയാകുന്നു. അവയെക്കുറിച്ചു നമുക്കു കരയാം. സീറാക്യൂസിലെ "കരയുന്ന മാതാവിനോട്"കൂടി നമ്മുടെ പാപങ്ങൾക്കായി നമുക്കു കരയാം; പുണ്യപ്രവൃത്തികൾ ചെയ്യാം. മിശിഹായുടെ രക്തത്തിന്റെ ഫലമായ കുമ്പസാരമാകുന്ന പരിശുദ്ധകൂദാശവഴി നമ്മെ ദിവസവും കഴുകുവാനും, മിശിഹായുടെ തിരുശരീരം ദിവസവും ഭക്ഷിക്കുവാനുമുള്ള സൗകര്യം ദൈവം നമുക്കു തന്നിരിക്കുന്നു. ഈ വഴികളിൽക്കൂടി നമ്മുടെ ജീവിതത്തെ വ്യാപരിപ്പിച്ചു പുണ്യപ്പെടുത്തിക്കൊണ്ടു ഇരുട്ടിൽ ഇരിക്കുന്ന നമ്മുടെ രക്തത്തിന്റെ രക്തവും, മാംസത്തിന്റെ മാംസവുമാകുന്ന നമ്മുടെ നിർഭാഗ്യരായ സഹോദരരെ, സ്നേഹത്തിൽ ആകർഷിച്ചു നാം അനുഭവിക്കുന്ന ആത്മീയസന്തോഷവും സമാധാനവും അവർക്കും കൊടുക്കുവാൻ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

22 വ്യാ: വി. മൗരീത്തിയോസും കൂട്ടരും
23 വെ: വി. ലീനോസ്
24 ശ: മനോഗുണമാതാവ്
25 ഞാ: പന്തക്കുസ്ത 17-ാം ഞായർ
26 തി: വി. കുപ്രിയാനോസും കൂട്ടരും
27 ചൊ: വി. കസ്മോസും കൂട്ടരും
28 ബു: വെഞ്ചസ്ലാവോസ്

(12-ാംപേജ് തുടർച്ച)

താവൈദികരെ കേരളത്തിലേക്കയച്ചു. അവർ ഇവിടെവന്നു സ്ഥിതിഗതികൾ ആരാഞ്ഞറിഞ്ഞശേഷം അവരിൽ പ്രധാനി—അപ്പസ്തോലിക്ക് കൊമ്മിസറി—ആയ ജോസഫ് സെബസ്ത്യാനി 1658-ൽ റോമിൽപോയി മാർപ്പാപ്പായെ വിവരങ്ങൾ ധരിപ്പിച്ചശേഷം മെത്രാൻപട്ടമേററുകൊണ്ടു 1661-ൽ തിരിയെവന്നു. അദ്ദേഹം വടക്കൻപ്രദേശങ്ങളിൽ ഭിന്നതയിലിരുന്ന പലരേയും യോജിപ്പിച്ചെങ്കിലും ഒരു പ്രബലകക്ഷി ഇതിൽ സഹകരിക്കാതെ ഭിന്നിച്ചു മാറിനിന്നിരുന്നു.

ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ രാഷ്ട്രീയശക്തി ക്ഷയിക്കയും പ്രോട്ടസ്റ്റൻറുകാരായ ഡച്ചുകാരുടെ ശക്തി വർദ്ധിക്കയും ചെയ്തതിനെത്തുടർന്നു കൊച്ചിക്കോട്ട ലന്തക്കാർ കൈക്കലാക്കീട്ട്, വിദേശികളെല്ലാവരും നാടുവിട്ടുകൊള്ളുന്നതിനു ആജ്ഞാപിച്ചു. അതിനാൽ 1663-ൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ സിറിയൻ കത്തോലിക്കരുടെ മെത്രാനായി വാഴിച്ചശേഷം സെബസ്ത്യാനിമെത്രാൻ റോമിലേക്കു മടങ്ങിപ്പോകേണ്ടിവന്നതുകൊണ്ടു തെക്കൻപ്രദേശങ്ങളിൽ സഞ്ചരിക്കുന്നതിനും അവിടെയുള്ള ഭിന്നകക്ഷികളെ യോജിപ്പിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചില്ല.

ഭിന്നകക്ഷിയിലെ പ്രധാനികളായ കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടേയും മററും ഉപദേശമനുസരിച്ച് അർക്കദിയാക്കോൻ, സാധുവായ പട്ടം സ്വീകരിക്കുന്നതിനു നടത്തിയ ശ്രമഫലമായി 1665-ൽ ശീമയിൽനിന്നു മാർ ഗ്രിഗോറിയോസ് എന്നൊരു യാക്കോബായ മെത്രാനെ വരുത്തി. ഇദ്ദേഹമാണു വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഗ്രിഗോറിയോസ്. ആ പള്ളിക്കാർ മേടം 14-ാംനു തോറും പെരുന്നാളാഘോഷിച്ചു ഇദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടിവരുന്നു. ഭിന്നിച്ചുനില്ക്കുന്ന സുറിയാനിക്കാരെ യാക്കോബായവിശ്വാസം പഠിപ്പിച്ചതു ഇദ്ദേഹമാണ്.

ഇതുമുതല്ക്കാണു ക്രമേണ, ഇപ്പോൾ യാക്കോബായ കൈവശമിരിക്കുന്ന പള്ളികളിൽ പ്രതിമകളും ഹാനാൻവെള്ളം വയ്ക്കുന്ന പാത്രങ്ങളും മററും മാററി യാക്കോബായാചാരം രൂപപ്പെടുന്നതു്. പൂർവ്വികയാക്കോബായ പള്ളികൾ ഇപ്പോഴും അവയുടെ നഷ്ടശിഷ്ടങ്ങൾ ഉള്ളിൽ സംഗ്രഹിച്ച്, ഇതിനു സാക്ഷ്യംവഹിച്ചുകൊണ്ടു നിലകൊള്ളുന്നുണ്ട്. ഈ പുതിയ വിശ്വാസം സ്വീകരിച്ച സുറിയാനിക്കാർ "പുത്തൻകൂററു"കാരും പൂർവ്വികവിശ്വാസം പാലിച്ചിരുന്ന കത്തോലിക്കാ സുറിയാനിക്കാർ "പഴയകൂററു"കാരുമായി അന്നുമുതൽ അറിയപ്പെടുന്നു.

(തുടരും)

---

വി. പത്താം പീയൂസിന്റെയും വി. അന്തോനീസിന്റേയും വി. റീത്തായുടേയും സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

എന്നു ജോസ് അറക്കൽ,
പെരുമാന്നൂർ

---

# "തിരുമൂലപുര"ത്തിന്റെ പ്രതിധ്വനി

[ഫാ. യൗനാൻ O. I. C.]

പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി സെപ്ററമ്പറിൽ ആഘോഷിക്കുകയാണ് തിരുമൂലപുരത്തുവച്ച്. പുനരൈക്യത്തിന്റെ പിള്ളത്തൊട്ടി എന്ന പേരിൽ ഈ സ്ഥലം അറിയപ്പെടുന്നു. കാഴ്ചയ്ക്കു ഭംഗിയില്ലാത്ത ഒരു ചെററക്കുടിലിൽ പുനരൈക്യപ്രസ്ഥാനം ഉടലെടുത്തു. പുനരൈക്യതരുവിനെ നട്ടുപിടിപ്പിക്കുന്നതിനു് ഇവിടെ താമസിച്ചുകൊണ്ടു മഹാനായ മാർ ഈവാനിയോസ് തിരുമേനി നിരവധി ബുദ്ധിമുട്ടുകൾ സഹിച്ചു. ഈ വൃക്ഷത്തെ പിഴുതെറിയുവാൻ കൊടുംകാററുകൾ അടിച്ചിട്ടുണ്ട്. ദൈവകരുണയാൽ പരാജയം ഭവിച്ചില്ല. ദൈവപരിപാലനാവിശേഷമെന്നേ പറയേണ്ടു ഇന്നി സ്ഥലം സന്ദർശിക്കുന്ന വിശ്വാസികൾ ആനന്ദത്തിലാറാടുന്നു. പുനരൈക്യജൂബിലിസ്മാരകമായി നവീനമായ ഒരു മനോഹരദേവാലയം പണിതീർന്നിരിക്കുന്നു. അത്യുന്നത കർദ്ദിനാൾ ടിസറൻറ് തിരുമനസ്സുകൊണ്ടായിരുന്നു ഇതിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചതു്. ജൂബിലി മഹോത്സവവേളയിൽ പുതിയ പള്ളിയുടെ വെഞ്ചരിപ്പും നടത്തുന്നതാണ്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി വസിച്ചിരുന്ന ചെറിയ കെട്ടിടം ഇപ്പോഴും ഇവിടെ ഉണ്ട്. കൂടാതെ പഴയ ചാപ്പലും അങ്കണത്തിൽ സെൻറു തോമസ്സ് ഹൈസ്ക്കൂളും സ്ഥിതിചെയ്യുന്നു. ദിവംഗമിച്ച ദീയസ്കോറസ്സ തിരുമേനിയുടെ കബറിടവും ഇവിടെയാണ്. പുനരൈക്യത്തിനുശേഷം മാർ ദീയസ്കോറസ് തിരുമേനി ജീവിതാന്ത്യം പ്രാർത്ഥനയിൽ ചെലവഴിച്ചതും ഭാഗ്യചരമം പ്രാപിച്ചതും ഇവിടെത്തന്നെ. ഇപ്പോൾ തിരുമൂലപുരം ഇടവകയിൽ അമ്പതു വീട്ടുകാരോളം ഉണ്ട്. പരിശുദ്ധമാതാവിന്റെ നാമത്തിലാണ് ഇടവകപ്പള്ളി. സൺഡേസ്കൂൾ, സൊഡാലിററി, ലീജിയൻ ഓഫ് മേരി, സെ: വിൻസെൻറു ഡി പോൾ കോൺഫറൻസു എന്നീ ഭക്തസംഘടനകൾ ഇടവകയുടെ ഭൂഷണങ്ങളാണ്. ഭംഗിയായി നടക്കുന്നു. തിരുവല്ലാരൂപതയുടെ ബിഷപ്പ് സഖറിയാസ് മാർ അത്തനാസിയോസ്സ തിരുമനസ്സുകൊണ്ടു ഈ ഇടവകയിലെ ഒരംഗമാണ്. തിരുമനസ്സിലെ പിതൃസഹോദരനായ റവ. ഫാദർ മാത്യൂസ് പോളച്ചിറക്കൽ ഇടവകവികാരിയും. പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരം ഇടവകയുടെ വളത്തപ്പനെന്നോണം പെ. ബ. മോൺ. ജോൺ കച്ചിറമററം B. A. L. T. അവർകൾ ഈ സ്ഥലത്തു് താമസവുമാണ്. സെൻറ് തോമസ്സ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ബോർഡിംഗ് റക്ടർ, ഭക്തസഖ്യങ്ങളുടെ ഡയറക്ടർ, അരമന കച്ചേരി ഉദ്യോഗം ആദിയായ ഭാരമേറിയ ചുമതലകൾ അദ്ദേഹം പ്രശസ്തമായി നിർവ്വഹിച്ചുവരുന്നു. പുനരൈക്യരജതജൂബിലി ഭംഗിയായി കൊണ്ടാടുവാൻ അവിശ്രമപരിശ്രമം ചെയ്യുന്നവരിൽ പ്രമുഖൻ അദ്ദേഹംതന്നെ.

ചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കാം. കൂനൻകുരിശു സത്യം നടന്നു. 1653-ൽ സഭ രണ്ടായി പിളർന്നു. കൂനൻകുരിശുസത്യത്തിന്റെ ഓർമ്മയോ രജതജൂബിലിയോ കനകജൂബിലിയോ ആരും ആഘോഷിച്ചിട്ടില്ല. ആഘോഷിക്കയുമില്ല. അതിനു കാരണമുണ്ട്. അതാഘോഷിക്കുവാൻ കൊള്ളുകയില്ല. വളരെ നിർഭാഗ്യകരമായിപ്പോയി ആ സംഭവം. ഇനിയും അതുപോലൊന്നു സംഭവിക്കാതിരിക്കട്ടെ.

കാലങ്ങൾ ചിറകു വിരിച്ചു പറന്നു. മറയ്ക്കുവാനോ മറക്കുവാനോ ആവാത്ത ഒരു പാവനരംഗം. ആവിഷ്കൃതമതത്തിന്റെ തൂവെളിച്ചത്തിലായി അഞ്ചാത്മാക്കൾ. പുണ്യശ്ലോകനായ ബെൻസിഗർ തിരുമേനി കൊല്ലത്തരമനയിൽ വച്ച് മാതൃവക്ഷസ്സിലേക്കു ഇവരെ സ്വീകരിച്ചു. രണ്ടു തിരുമേനിമാർ മൂന്നു അനുയായികളോടുകൂടി സമാരംഭിച്ച പ്രസ്ഥാനം ഇന്നു ഒരു ലക്ഷത്തോളം ആളുകളെ ഉൾക്കൊള്ളുന്നു. നിരവധി സ്ഥാപനങ്ങളുമുണ്ട്. പുനരൈക്യപ്രസ്ഥാനം സമാരംഭിച്ച സുദിനം 1930 സെപ്ററമ്പർ 20-ാംതീയതിയാണ്. പുനരൈക്യപ്പെട്ടവർക്കാകമാനം ആമോദദായകമായ ഒരവസരമാണല്ലോ രജതജൂബിലിയാഘോഷദിനങ്ങൾ. തിരുസഭ നിത്യസത്യത്തിന്റെ ശ്രീകോവിലിലേക്കു ഏവരേയും നയിക്കുന്ന മഹദ്സ്ഥാപനമാണ്.

പരമകാരുണികനായ ദൈവം തിരുസഭവഴിയായി— പുനരൈക്യം വഴിയായി തങ്ങൾക്കു ചെയ്തിട്ടുള്ള നന്മകളും കരുണകളുമോർത്തു അവിടുത്തെ നേരെ കൃതജ്ഞതാസ്തോത്രങ്ങൾ പാടുന്നതിനും നല്ലിടയന്റെ ആലയിലേക്കു, വഴി തെററിപ്പോയവരെ മാടിവിളിക്കുന്നതിനും ദിവംഗതരായ തിരുമേനിമാർക്കു ആത്മശാന്തി പ്രാർത്ഥിക്കുന്നതിനും പരേതരായ എല്ലാ വൈദികർക്കും വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനും ഈ അവസരം പുനരൈക്യപ്പെട്ടവർ ഉപയോഗിക്കണം. മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിച്ച് ഭാരതത്തെ ക്രിസ്തുവിനു നേടുവാൻ ഒരുക്കമാണെന്നു ഓരോ വ്യക്തിയും ശപഥം ചെയ്യണം. പ്രാർത്ഥന, ത്യാഗം, സംഭാവന, പ്രബോധനമാദിയായവകൾകൊണ്ട് പുനരൈക്യശിശുവിനെ താലോലിച്ചുവളർത്തിയ കേരളത്തിലെ എല്ലാതിരുമേനിമാരോടും വൈദികരോടുംമററുമുള്ളകടപ്പാടു പുനരൈക്യപ്പെട്ടവർക്കു എങ്ങനെമറക്കുവാൻകഴിയും. നിത്യനഗരത്തോടു—തിരുസിംഹാസനത്തോടു—ഉള്ള ഭക്തിയിൽ പുനരൈക്യവിശ്വാസികൾ അദ്വിതീയരായിരിക്കണം. സുഭഗസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഹർഷപരവശനായി സ്വാഗതം ചൊല്ലിക്കൊണ്ട് റീത്തിനു് അനുമതിയും ആശീർവാദവും നൽകിയതും ഇന്നു ഭാഗ്യമോടെ തിരുസഭാവഞ്ചിയെ നയിക്കുന്ന മാർപ്പാപ്പാ മലങ്കര സുറിയാനിറീത്തിനു പൊഴിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളും സ്മരണയിൽ ആഞ്ഞടിച്ചു പ്രാർത്ഥിക്കട്ടെ. നന്ദിപ്രകാശിപ്പിക്കട്ടെ. പുനരൈക്യതരു നട്ടുപിടിപ്പിച്ച മാർ ഈവാനിയോസ് തിരുമേനിയും അദ്ദേഹത്തിന്റെ അനുയായികളായ മാർ സെവേരിയോസ് തിരുമേനിയും മാർ ദീയസ്കോറസ്സ തിരുമേനിയും വന്ദ്യനായ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചനും ഇന്നു സ്വർഗ്ഗത്തിലിരുന്നുകൊണ്ടു ഈ ജൂബിലിമഹോത്സവത്തെ വീക്ഷിച്ചനുഗ്രഹിക്കുകയാണ്. ആദ്യത്തെ അഞ്ചന്മാരെ സത്യപ്രതിജ്ഞചെയ്തു തിരുസഭയിൽ ചേർത്ത ദിവംഗതനായ ബെൻസിഗർ തിരുമേനി സ്വർഗ്ഗത്തിലിരുന്നു ആനന്ദഗീതി ആലപിക്കുകയാണ്, ഈ വൃക്ഷം പടർന്നു പന്തലിച്ചു നില്ക്കുന്നതു കണ്ടിട്ട്. തിരുവല്ലാ ആർച്ച് ബിഷപ്പ് മാർ സെവേരിയോസ് തിരുമേനി വളരെ ആഗ്രഹിച്ചിരുന്നതാണ് ജൂബിലി മോടിയായി നടത്തുവാൻ. ജൂബിലിസ്മാരകമായ പള്ളി കൂടെക്കൂടെ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ ശില്പികൾക്കു കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അവിചാരിതമായി തിരുമേനി കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. പുനരൈക്യപ്രസ്ഥാനപതാക വിജയശ്രീയുടെ പരമസീമയിലെത്തി സാമോദം പാറിപ്പറക്കുന്നതു് കൺകുളിർക്കെ കണ്ടതിന്റെ ശേഷമാണ് തിരുമേനിമാർ ദിവംഗതരായതു്. ധീമതികളായ രണ്ടു വിശ്രുത പ്രേമമേഷപാലകർ ഇന്നു ഭരിക്കുന്നു. ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തിന്റെ പരിപോഷണാർത്ഥം ഇപ്പോൾ പാശ്ചാത്യപര്യടനത്തിലിരിക്കുന്നു. തിരുമനസ്സുകൊണ്ട് സസുഖം സെക്രട്ടറിയോടൊത്തു തിരിച്ചെത്തുവാനും വിദേശപര്യടനം വിജയത്തിൽ കലാശിക്കുവാനും നമുക്കു പ്രാർത്ഥിക്കാം. തിരുവനന്തപുരം അതിരൂപതയെ ഇപ്പോൾ ക്ഷേമമോടെ ഭരിക്കുന്നതു് അഡ്മിനിസ്ട്രേ

ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

30-6-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,000 രൂപാ |
| കരുതൽ ധനം ... | 14,00,000 രൂപാ |
| ആകെ ഡിപ്പോസിററ് ... | 6,09,79,000 രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | 1,23,98,000 രൂപാ |
| ഗവമ്മെൻറു കടപ്പത്രങ്ങളിലുള്ള നിക്ഷേപം | 1,60,49,000 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC2096

ററർ പെ. ബ. സി. ററി. കുരുവിള അച്ചനാണ്. വന്ദ്യ ദിവ്യശ്രീമാനായ ചേപ്പാട്ട പീലിപ്പോസ് റമ്പാന്റെ നിസ്വാർത്ഥസേവനങ്ങളും, തിരുവനന്തപുരം അതിരൂപതയ്ക്കൊരനുഗ്രഹം തന്നെ. മാർ സെവേറിയോസ് തിരുമേനിക്കു സഹായമായിനിന്നു ശ്രുപതസ്സു ആത്മാർത്ഥമായ കഴിവുകളും സേവനങ്ങളും അനുഷ്ഠിച്ച അവിസ്മരണീയനായ പെ. ബ. മോൺ. മാത്യു നെടുങ്ങാട്ടുവർകൾ ഈ അവസരത്തിൽ വികാരി ജനറാളായി നിയമിതനായിരിക്കുന്നതും ഭാഗ്യാതിരേകം തന്നെ. ഭരണാധിപന്മാർക്കുവേണ്ടി പ്രാർത്ഥിക്കാനും ജൂബിലിയവസരം പ്രയോജകീഭവിക്കട്ടെ. തിരുസഭാമാതാവിന്റെ സദ്യശസ്സിനെ ദിഗന്തമെങ്ങും പ്രകാശിപ്പിക്കുന്നതിനും അജപാലകനും ആലയുമില്ലാതലയുന്ന അനേകായിരങ്ങൾ മാതൃവക്ഷസ്സിൽ അഭയം പ്രാപിക്കുന്നതിനും ആയുരന്തം പരിശ്രമിച്ച പാവനചരിതരായ വന്ദ്യതാതരുടെ സ്മരണ ആത്മജരുടെ ഹൃദയങ്ങളെ ഇളക്കി ബാഹ്യപ്രകടനങ്ങൾക്കും വിധേയരാക്കുന്നെങ്കിൽ അതു സ്വാഭാവികമത്രേ. പുനരൈക്യപ്രസ്ഥാനമേ, നീ വിജയിപ്പൂതാക!

# കണ്ണുകൾ തുറക്കുവിൻ

(ഫാദർ പി. ഇരട്ടമാക്കീൽ ബി. ഏ., ബി. ററി.)

“സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾപോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ട്.” വി. മത്തായി 28: 18—20

ദിവ്യഗുരുവിന്റെ ഈ അന്ത്യസന്ദേശവും അധികാരദാനവും സ്വീകരിച്ച അപ്പസ്തോലന്മാർ ലോകത്തിന്റെ നാലുഭാഗങ്ങളിലേക്കും സുവിശേഷപ്രചരണാർത്ഥം പുറപ്പെട്ടു. ക്രിസ്തു നൽകിയതും അപ്പസ്തോലന്മാർ പ്രചരിപ്പിച്ചതുമായ സുവിശേഷവെളിച്ചത്തിലേക്കു ആനയിക്കപ്പെട്ട വിശ്വാസികളുടെ സമൂഹത്തിനു് പ്രഥമമായി "സഭ" എന്നു പേരുണ്ടായി. ഇതിലെ അംഗങ്ങൾ ഒരേ വിശ്വാസത്തിലും ഭരണാധികാരത്തിലും നിലനിന്നുവന്നു. പക്ഷെ നിരന്തരമായ മതപീഡനങ്ങളിൽക്കൂടി മൂന്നു നൂററാണ്ടുകൾ മുമ്പോട്ടു നീങ്ങിയപ്പോൾ മത്സരങ്ങളും ഭിന്നതകളും ദുരുപദേശങ്ങളും പൊട്ടിപ്പുറപ്പെട്ടതിന്റെ ഫലമായി ക്രിസ്തുവർഷം 325-ൽ നിഖ്യായിൽ സമ്മേളിച്ച സാർവ്വത്രികസൂനഹദോസിലെ പിതാക്കന്മാർ പ്രസിദ്ധമായ "നിഖ്യാ വിശ്വാസപ്രമാണം" എഴുതിയുറപ്പിച്ചു. "ഏകവും, വിശുദ്ധവും, കാതോലികവും, അപ്പസ്തോലികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നവർ ധീരധീരം പ്രഖ്യാപിച്ചു

എങ്കിലും ഭിന്നതകളും വേദവിപരീതങ്ങളുമാകുന്ന കൊടുങ്കാററു സഭാതരുവിനെ ആഞ്ഞടിച്ചുകൊണ്ടിരുന്നു. ഈ കൊടുങ്കാററു, ഉണങ്ങിയതും പഴുത്തതുമായ ഇലകളെ എന്നപോലെ, ശീശ്മയേയും പാഷണ്ഡതയേയും ദൂരീകരിക്കുകയും, സഭ കൂടുതൽ ബലത്തോടും ഉറപ്പോടും തഴച്ചുവളരുന്നതിനു് കാരണമാകുകയും ചെയ്തു. ലോകത്തിൽ പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചും ഇന്നു നാം കാണുന്ന അനേകം ക്രൈസ്തവവിഭാഗങ്ങളുടെ സ്ഥിതി ഏററവും പരിതാപകരമായി പരിണമിച്ചിരിക്കുന്നതു് ഏതൊരു ചിന്താശീലനാണ് കാണുവാനും ഗ്രഹിക്കുവാനും സാധിക്കാത്തതു്! സഭാപരമായ ഐക്യത്തിനും സമാധാനത്തിനും സകല അകത്തോലിക്കാവിഭാഗങ്ങളും നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ആംസ്റ്റർഡാം, ഇവാൻസ്റ്റൺ മുതലായ സ്ഥലങ്ങളിൽ നടന്ന അഖിലസഭാസമ്മേളനങ്ങൾക്കു ഇതുവരേയും ശാശ്വത ഏകീകരണമാർഗ്ഗം കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല.

കേരളക്രൈസ്തവമണ്ഡലത്തിലെ അദ്വിതീയനേതാക്കന്മാർക്കു്, അനേകം തലമുറകളായി നിരന്തരം പരിശ്രമിച്ചിട്ടും ഫലപ്രാപ്തിയിലെത്തി സമാധാനം ലഭിക്കുവാൻ സാധിക്കാതെ പോയെങ്കിലും ദിവംഗതനായ മാർ ഈവാനിയോസ് തിരുമേനിക്കു സത്യസഭയുടെ അംഗമായി ആത്മസമാധാനം അനുഭവിക്കുവാൻ സാധിച്ചു. അതു് 1930 സെപ്ററംബർ 20-ാംനു കത്തോലിക്കാസഭയുടെ പരമാധികാരത്തെ സ്വീകരിച്ചു് ആ സഭയുമായി പുനരൈക്യപ്പെട്ടപ്പോഴാണു്. അതിനുശേഷം ഇക്കഴിഞ്ഞ 25 സംവത്സരങ്ങൾക്കിടയിൽ ആ ധന്യാത്മാവു് വെട്ടിത്തുറന്ന "പുനരൈക്യ" വീഥിയിൽക്കൂടി സത്യസഭയിലേക്കു പ്രവേശിച്ച അഞ്ചു് അതിവന്ദ്യ തിരുമേനിമാരെയും 200-ൽപ്പരം വൈദികരെയും ഒരുലക്ഷത്തിലധികം വിശ്വാസികളേയും കേരളത്തിൽ നമുക്കു കാണുവാൻ കഴിയും. വിജയശ്രീലാളിതമായ പുനരൈക്യപ്രസ്ഥാനം അതിന്റെ രജതജൂബിലി ആഘോഷിക്കുന്നു. ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനവും, പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയവും, നമ്മുടെ ആത്മരക്ഷയിലുള്ള ചുമതലയും, സഭാസമാധാനത്തിനുള്ള ശരിയായ മാർഗ്ഗവും കാണുവാൻ കണ്ണുകൾ തുറക്കുവിൻ!



**ജൂബിലിസ്മാരകമായ സെൻറ് മേരീസ് ദേവാലയം, തിരുമൂലപുരം**

പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിയായ തിരുമൂലപുരത്തു് പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറിയായ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ച ഈ സ്മാരകദേവാലയം ജൂബിലിയവസരത്തിൽ പണി പൂർത്തിയാക്കി കൂദാശചെയ്യപ്പെടുന്നു.

(7-ാംപേജ് തുടർച്ച)

ഞാൻ പുനരൈക്യപ്പെട്ടതു എന്തുകൊണ്ടെന്നു ജിജ്ഞാസുക്കളായ ചിലർ പലപ്രാവശ്യം എന്നോടു ചോദ്യം ചെയ്തിട്ടുണ്ട്. സംശയനിവാരണത്തിനാണ് അവർ എന്നെ സമീപിച്ചതെന്നു ഇന്നും ഞാൻ കരുതുന്നില്ല. എന്റെ അജ്ഞത മനസ്സിലാക്കി, എന്നെ പരിഹസിക്കുവാൻ അവസരം തേടുകയല്ലായിരുന്നുവോ അവർ ചെയ്തതു് എന്നു സംശയിക്കുന്നു. ഈ ലേഖനത്തിൽ അതിനൊരു മറുപടി പറയാതെ ഗത്യന്തരമില്ല. ഞാനൊരു ക്രിസ്ത്യാനി ആയിരിക്കുന്നതു്, ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണ്. എന്നാൽ ഞാൻ കത്തോലിക്കനായിരിക്കുന്നതു്, വി. പത്രോസിന്റെ പരമാധികാരവും അപ്പസ്തോലികപിന്തുടർച്ചയും അംഗീകരിക്കുന്നതുകൊണ്ടും വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം ഉണ്ടെന്നു വിശ്വസിക്കുന്നതുകൊണ്ടും ആകുന്നു. തിരുവെഴുത്തുകളെ പരിശോധിക്കുവാൻ എനിക്കു ദൈവദത്തമായ അവകാശമുണ്ടു്. പക്ഷെ അവയെ യഥേഷ്ടം വ്യാഖ്യാനിക്കുവാൻ എനിക്കു അർഹതയില്ല. ചിലർ എന്നെ അന്ധവിശ്വാസിയെന്നും മൂഢവിശ്വാസിയെന്നും വിളിച്ചേക്കാം. അവരുടെ ആരോപണങ്ങൾക്കു ഒരു മൺകട്ടയുടെ വിലപോലും ഞാൻ കല്പിക്കുന്നില്ല. എന്റെ അഭിപ്രായത്തിൽ, താത്വികമായ എന്റെ എല്ലാ സംശയങ്ങളും തീർത്തുതരേണ്ട ചുമതല സഭയ്ക്കാണുള്ളതു്.

ക്രൈസ്തവരെല്ലാം കത്തോലിക്കാതിരുസ്സഭയുടെ കൊടിക്കീഴിൽ വന്നുചേരണം. "ഒരിടയനും ഒരു തൊഴുത്തും" എന്ന തത്വം എല്ലാവരും അംഗീകരിക്കണം. അതാണ് നമ്മുടെ ആവശ്യവും ലക്ഷ്യവും. അവരേവരും മനസ്സിലാക്കേണ്ട ഒരു വലിയ രഹസ്യം ഉണ്ടു്. പൂർവ്വപിതാക്കന്മാരായ അനേകം വിശുദ്ധന്മാരുടെ മാതാവായ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നവർ അപരിചിതമായ ഒരു സ്ഥലത്തേക്കല്ല പ്രവേശിക്കുന്നതു്. അവരുടെ പിതാവിന്റെ ഭവനത്തിലേക്കു തിരിച്ചുചെല്ലുകയത്രെ ചെയ്യുന്നതു്. അതുമൂലം അവരുടെ പിതാമഹന്മാർ ആരാധിച്ച സ്ഥലത്തുതന്നെ അവരും ആരാധിക്കയും, അവർ മുട്ടുകുത്തിയ ബലിപീഠത്തിനു മുമ്പിൽ അവരും മുട്ടുകുത്തുകയും, അവർ കൈക്കൊണ്ട കൂദാശകൾ അവരും കൈക്കൊള്ളുകയും, അവർ ബഹുമാനിച്ച ഗുരുക്കന്മാരുടെ അധികാരത്തെ അവരും ബഹുമാനിക്കയും അത്രെ ചെയ്യുന്നതു്. ഈ നില പ്രാപിക്കുന്നതിനെയാണ് പുനരൈക്യം എന്നു ഞാൻ വിവക്ഷിക്കുന്നതു്.

ഈ അവസരത്തിൽ ധൂർത്തപുത്രന്റെ ചിത്രമാണ് എന്റെ മനോരഥത്തിൽ ദൃശ്യമാകുന്നതു്. അവന്റെ പിതാവു് പഴഞ്ചനാണ്, അദ്ദേഹത്തിനു പരിഷ്കാരമില്ല, സംസ്കാരമില്ല, വിജ്ഞാനമില്ല. അവനു സ്വാതന്ത്ര്യംവേണം. മറെറാന്നുകൊണ്ടും അവൻ അടങ്ങിയില്ല. പരദേശത്തേക്കു്, അവന്റെ പിതാവില്ലാത്ത രാജ്യത്തിലേക്കു്, അവൻ പോയി. പിതൃസ്വത്തായി അവനു ലഭിച്ച ദൈവാശ്രയം, പ്രാർത്ഥന വിശുദ്ധന്മാരുടെ സംസർഗ്ഗം, വിശുദ്ധ കുർബാനയിലെ യഥാർത്ഥ സാന്നിധ്യം, മാർപ്പാപ്പായുടെ പരമാധിപത്യം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയെ അവൻ ധൂർത്തടിച്ചു. പന്നിയെ മേയ്ക്കുവാൻപോലും അവൻ സന്നദ്ധനായി. അരാജകത്വത്തിൽ നട്ടം തിരിഞ്ഞു. നിരീശ്വരത്വത്തിൽ അവൻ ചെന്നെത്തി. ആത്മീയപ്രചോദനം ഒട്ടും ഇല്ലാത്ത ഒരു മരുഭൂമിയിൽ അവൻ കിടന്നുഴഞ്ഞു. നാശഗർത്തത്തിന്റെ അടിത്തട്ടുവരെ അവൻ താണു. ശാശ്വതശാന്തി ലഭിക്കണമെങ്കിൽ, അവൻ അനുതപിക്കണം; മാനസാന്തരപ്പെടണം; പിതൃഭവനത്തിലേക്കു തിരിച്ചു ചെല്ലണം; അതായതു പുനരൈക്യപ്പെടണം. അപ്പോൾ അവൻ ജയഭേരി മുഴക്കും, "ക്രിസ്തുനാഥൻ വിജയിക്കട്ടെ" എന്നു്.

പുനരൈക്യ

**ജൂബിലിസ്മാരകം**

"കണ്ണുതുറപ്പിച്ച വട്ടിപ്പണം."

(By വറുഗീസ് കിളിച്ചിമല)

പുനരൈക്യം സംബന്ധിച്ച ഇരുത്തി ചിന്തിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളുടെ സമർത്ഥചിത്രണം. നാലണ മുൻകൂറടച്ചു ആവശ്യപ്പെടുക.

വറുഗീസ് കിളിച്ചിമല,
നെല്ലിമററം P. O.

**നീർവീഴ്ചകളുടെ ഉത്ഭവം**

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലർന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശ്ശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിന്റെ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീർക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതീർക്കുകയും ചെയ്യുമ്പോഴാണ് തുമ്മൽ, മൂക്കിൽ നിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പ്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പ്, വായ, മൂക്ക്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പ്, കുരു, നീരു്, കുരു തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണ്. ഉഷ്ണാധിക്യത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണ് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽ നിന്നുതന്നെ ഉഷ്ണാധിക്യത്തിൽ നിന്നാണ് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലൊ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണ്.

**നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം**

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിന്റെ ദൃഷ്ടാന്തമാണ് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശ്ശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

**നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ**

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്ക നിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പ്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പ്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററ അന്നപാനങ്ങളേയും, പ്രവൃത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് | 2—0—0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്കു് | 4—0—0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്കു് | 3—0—0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ,** നെല്ലായി.

# "റീത്തുകാർ"

[റവ. ഫാ. ഡാനിയേൽ അയ്യനേത്തു് L·D·L·Ph·]

"റീത്തുകാരൻ," "റീത്തുപള്ളി," "റീത്തിലെ അച്ചൻ" മുതലായ വാക്കുകൾ, യാക്കോബായസഹോദരങ്ങളുടേയും മററും വായിൽനിന്നു വീഴുമ്പോൾ, ഒരുമാതിരി പരിഹാസരസംകൂടി പൊഴിഞ്ഞു വീഴുന്നതായി തോന്നിപ്പോകും. "എടാ, മോനേ. എവിടെ പോയാലും റീത്തിൽ പോകല്ലേടാ" എന്നു കാരണവന്മാർ ചെറുപ്പക്കാരെ വിലക്കുന്നതു് റീത്തിനോടുള്ള വെറുപ്പുകൊണ്ടാണു്. "അവൻ നശിച്ചു; റീത്തിൽ ചാടിയാൽ എങ്ങനെ നശിക്കാതിരിക്കും!" എന്നിങ്ങനെ "റീത്തിൽ" ചേരുന്നവരുടെ മേൽ ശാപശരങ്ങളും വന്നു പതിയാറുണ്ടു്. കാര്യവിവരമുള്ള ആളുകൾ പോലും "റീത്തെ"ന്നു പറയുന്നതെന്താണെന്നു ധരിച്ചിട്ടില്ലെന്നുള്ളതു ശോചനീയം തന്നെ! അടുത്ത കാലത്തു കാതോലിക്കാബാവാ തിരുമേനി പുറപ്പെടുവിച്ചതും വിമർശനത്തിനു വിധേയമായതുമായ കല്പനയിൽ "റീത്തു" പ്രയോഗം പരിഹാസദ്യോതകമായ വിധത്തിലാണു നടത്തിയിട്ടുള്ളതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ചിലക്കു് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ഈ "റീത്തു" എന്ന വിചിത്രവസ്തു എന്താണു്? കരയ്ക്കുമല്ല വെള്ളത്തിലുമല്ല എന്ന മട്ടിലുള്ള ഒന്നാണിതെന്നാണു് ചിലരുടെ ധാരണ. യാക്കോബായക്കാരുമല്ല, കത്തോലിക്കരുമല്ല, രണ്ടുകൂട്ടരുടേയും ഇടയ്ക്കു് വാവലിനെപ്പോലെ നില്ക്കുന്നവരാണു് "റീത്തുകാർ" എന്നു വേറെ ചിലർ ധരിച്ചിട്ടുണ്ടാവാം. അതിനാൽ അറിവില്ലാത്തവരുടെ അറിവിനും, തെററിധരിച്ചവക്കു് ശരിയായ ധാരണ നൽകാനും "റീത്തു" എന്ന പ്രയോഗത്തെപ്പററി ചില കാര്യങ്ങൾ പ്രസ്താവിക്കാം.

"റീത്തു്" എന്ന പദം റീത്തുസ് (ritus) എന്ന ലത്തീൻ വാക്കിന്റെ തത്സമമാണു്. അന്യഭാഷയിൽ നിന്നുമെടുത്തു് അതേരൂപത്തിലും അർത്ഥത്തിലും ഉപയോഗിക്കുന്ന പദത്തിനാണു് തത്സമമെന്നു പറയുക. മതസംബന്ധമായ ഒരർത്ഥമാണു് സാധാരണയായി റീത്തെന്ന വാക്കിനുള്ളതു്. മതസംബന്ധമായ ആചാരങ്ങൾ നടത്തുന്നതിനുള്ള രീതി, (ക്രമം) ആണു് "റീത്തു." "ആചാരരീതി", "ആരാധനരീതി" എന്നു് ചുരുക്കി അർത്ഥം പറയാം.

അപ്പസ്തോലന്മാരുടെ കാലം മുതല്ക്കുതന്നേ ക്രിസ്തീയസഭയിൽ ആരാധനരീതി (റീത്തു്) നടപ്പിലുണ്ടായിരുന്നു. എന്നാൽ സ്ഥലകാലപരിതസ്ഥിതികളിൽ ഈ റീത്തിനു് പല രൂപഭേദങ്ങളും ഉണ്ടായി. പാശ്ചാത്യം, പൗരസ്ത്യം എന്ന രണ്ടു പ്രധാനവിഭാഗങ്ങളാണു് റീത്തിനുണ്ടായതു്. പാശ്ചാത്യരുടെ ഭാഷയും ആചാരവുമനുസരിച്ചു് പാശ്ചാത്യറീത്തു രൂപമെടുത്തു. അതുപോലെ പൗരസ്ത്യരുടെ ആചാരവും ഭാഷയും അനുസരിച്ചു് പൗരസ്ത്യറീത്തും രൂപമെടുത്തു.

ദേശഭേദവും ഭാഷാഭേദവും അനുസരിച്ചു് പാശ്ചാത്യറീത്തിലും പൗരസ്ത്യറീത്തിലുംപല അവാന്തരവിഭാഗങ്ങളുമുണ്ടു്. പാശ്ചാത്യറീത്തിൽ ഏററം പ്രധാനപ്പെട്ടതു് ലത്തീൻ റീത്താണു്. ലത്തീൻഭാഷ ഉപയോഗിക്കുന്നതിനാലാണു് ഈറീത്തിനെ ലത്തീൻ റീത്തെന്നു പറയുന്നതു്. തിരുസഭയിലെഏറിയ പങ്കു് അംഗങ്ങളും ഈ റീത്തിൽ പെട്ടവരാണു്. ലത്തീൻറീത്തിനുപുറമേ. അംബ്രോസിയൻ, മൊസറാബിക്കു് ഗല്ലിക്കൻ മുതലായി വേറെ റീത്തുകളും പാശ്ചാത്യറീത്തിന്റെ വിഭാഗങ്ങളായിട്ടുണ്ടു്. എന്നാൽ പൗരസ്ത്യറീത്തിനാണു് വളരെ കൂടുതൽ അവാന്തരവിഭാഗങ്ങളുള്ളതു്. അലക്സാണ്ട്റിയൻ, അന്ത്യോക്യൻ, അർമേനിയൻ, കാൽഡിയൻ എന്നു അഞ്ചു കുടുംബങ്ങൾ പൗരസ്ത്യറീത്തിനു് ചിലർ കല്പിക്കുന്നു. ഇവയ്ക്കോരോന്നിനും വേറെ വിഭാഗങ്ങളുമുണ്ടു്.

കേരളസുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പുരാതനകാലം മുതല്ക്കേ ഉപയോഗത്തിലിരുന്നതു കൽദായ റീത്താണെന്നു കാണാൻ കഴിയും. നമ്മുടെ പിതാവായ തോമ്മാശ്ലീഹായിൽനിന്നും കിട്ടിയ ഒരു ദാനമായിരുന്നു ഈ റീത്തു്. കേരളസുറിയാനിക്കാരെല്ലാം സത്യസഭയുടെ അംഗങ്ങളായിരുന്നു. എന്നാൽ ഉദയംപേരൂർ സൂനഹദോസിൽവച്ചു് നടന്ന റീത്തുപരിഷ്കരണംമൂലം, കൽദായറീത്തിലെ ചില കർമ്മങ്ങളും തിരുവസ്ത്രങ്ങൾ, ആചാരമുറകൾ മുതലായവയും ലത്തീൻ റീത്തുപോലെ ആക്കപ്പെട്ടു. ഈ പരിഷ്കരണവും വേറെ ചില സാഹചര്യങ്ങളുമാണല്ലോ കുപ്രസിദ്ധവും നിർഭാഗ്യകരവുമായ കൂനൻകുരിശുസത്യത്തിനു കാരണമാക്കിയതു്. പരിഷ്കരിച്ച കൽദായറീത്തു് ഏറിയകൂറും സുറിയാനിക്കാർ സ്വീകരിച്ചു. അവക്കുപഴയകൂററുകാർ എന്നു പേരുണ്ടായി. എന്നാൽ ഒരു കൂട്ടം സുറിയാനിക്കാർ പരിഷ്കരിച്ച റീത്തു് സ്വീകരിക്കാൻ തയ്യാറായില്ല. അവരാണു് പുത്തൻകൂററുകാർ.

പുത്തൻകൂററുകാർ ഒരു പഴയ റീത്തു തേടി. അവക്കു് ഒന്നു കിട്ടുകയും ചെയ്തു. എന്നാൽ യാക്കോബായ മെത്രാന്മാർ വഴിയാണു് അവക്കാ റീത്തു കിട്ടിയതു്. അങ്ങനെ അവർ യാക്കോബായ ഭരണനുകത്തിൻകീഴിൽ അമർത്തപ്പെട്ടു. പുത്തൻകൂററുകാക്കു കിട്ടിയ ഈ പുതിയ റീത്തു് അന്ത്യോക്യൻ സുറിയാനിറീത്തായിരുന്നു. തിരുസഭയുടെ ആരംഭം മുതല്ക്കേ സത്യസഭയിൽ ഉണ്ടായിരുന്ന ഒരു റീത്താണിതു് യാക്കോബായക്കാരുടെ തറവാട്ടുസ്വത്തൊന്നുമല്ലതു്. അന്ത്യോക്യായിൽ യാക്കോബായസഭ ഉണ്ടായതുതന്നെ അഞ്ചാം നൂററാണ്ടിനു ശേഷമാണല്ലോ. എന്നാൽ അതിനുമുൻപു തന്നെ അന്ത്യോക്യൻ റീത്തു് ഉണ്ടായിരുന്നെന്നു പറഞ്ഞു കഴിഞ്ഞു.

കേരളത്തിൽ വന്ന അന്ത്യോക്യൻ റീത്തിൽ പില്ക്കാലത്തു് സുറിയാനിയോടൊപ്പം നാട്ടുഭാഷയായ മലയാളവും സ്ഥലം പിടിച്ചു. അങ്ങനെ മലങ്കരയ്ക്കു് സ്വന്തമായ ഒരു റീത്തുണ്ടായതാണു് "മലങ്കരറീത്തു്" എന്നു പറയുന്നതു്. സത്യസഭയിൽനിന്നും പിരിഞ്ഞുപോയി യാക്കോബായക്കാരായിത്തീർന്ന പുത്തൻകൂററുകാർ കത്തോലിക്കാസഭയിലേക്കു് തിരിച്ചുപോകുന്നതിനു് പലപ്പോഴും പരിശ്രമിച്ചിട്ടുണ്ടു്. ഈ പുനരൈക്യപരിശ്രമങ്ങളുടെയെല്ലാം ഫലമായിരുന്നു 1930 സെപ്ററംബർ ഇരുപതാം തീയതി തുടങ്ങിയ പുനരൈക്യപ്രസ്ഥാനം. പുനരൈക്യപ്പെടുന്നവരുടെ സൗകര്യം നോക്കിയും പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ അഭിപ്രായം ആദരിച്ചും യാക്കോബായസഭയിലെ റീത്തുതന്നെ (ആരാധനരീതി) അവശ്യംവേണ്ട തിരുത്തലുകൾ ചെയ്തു കത്തോലിക്കാസഭയിലും പാലിച്ചുകൊണ്ടു പോകുവാൻ മാർപ്പാപ്പാ തിരുമേനി സദയം അനുവദിച്ചു. ഇതോടുകൂടി കത്തോലിക്കാസഭയിൽ ഉടലെടുത്ത ഒരു പുതിയ റീത്താണു് "മലങ്കരസുറിയാനി കത്തോലിക്കാറീത്തു്" എന്നു പറയാം. എന്നാൽ വാസ്തവത്തിൽ ഇതു് ഒരു പഴയ റീത്തുതന്നെയാണെന്നു് മുൻപു പറഞ്ഞ കാര്യങ്ങളിൽനിന്നും വ്യക്തമാണു്.

മലങ്കര സുറിയാനി കത്തോലിക്കരുടെ കൂദാശക്രമവും ആചാരങ്ങളും യാക്കോബായസഭയിലേതുതന്നെയാണു്. വിശുദ്ധ കുർബാന, മാമോദീസാ, മുതലായ കൂദാശകളും, നോമ്പു്, പ്രാർത്ഥന, ഉപവാസം മുതലായ അനുഷ്ഠാനങ്ങളുമെല്ലാം ഒന്നുതന്നെ. കത്തോലിക്കർ സത്യസഭാതലവനായ റോമ്മാ മാർപ്പാപ്പായുടെ അധികാരം ആദരിക്കുന്നു; യാക്കോബായക്കാർ അങ്ങനെ ചെയ്യുന്നില്ല എന്നൊരു പ്രധാനവ്യത്യാസമുണ്ടു്.

ഈ പറഞ്ഞ കാര്യങ്ങൾ കൺമുൻപിൽ വച്ചുനോക്കുമ്പോൾ പുനരൈക്യപ്പെട്ട ആളുകളെ "റീത്തുകാർ" എന്നു പരിഹാസപൂർവ്വം വിളിക്കുന്നതിനു എന്തർത്ഥമാണുള്ളതെന്നു് ഗ്രഹിക്കാൻ പ്രയാസമാണു്. കത്തോലിക്കരാകമാനം ഓരോ റീത്തിൽപ്പെട്ടവരാണു്. യാക്കോബായക്കാക്കുമുണ്ടു് റീത്തു്. മലങ്കര സുറിയാനിക്കത്തോലിക്കരെ മാത്രം എന്തുകൊണ്ടു് "റീത്തുകാർ" എന്നു വിളിക്കണം? വാസ്തവത്തിൽ മലങ്കരസുറിയാനി കത്തോലിക്കരും യാക്കോബായക്കാരും ഒരു റീത്തുതന്നെയാണു് ഉപയോഗിക്കുന്നതു്. യാക്കോബായക്കാരേയും അപ്പോൾ "റീത്തുകാർ" എന്നു വിളിക്കേണ്ടതല്ലേ? മലങ്കര സുറിയാനി കത്തോലിക്കരെ താഴ്ത്തിക്കെട്ടാൻ വേണ്ടിയുള്ള ഒരു പ്രയോഗമാണിതെങ്കിൽ, അതു അർത്ഥശൂന്യമാണു്. എല്ലാ പ്രകാരത്തിലും മലങ്കരസുറിയാനിക്കത്തോലിക്കർ യാക്കോബായക്കാരോടു കിടപിടിക്കുന്നവരാണു്. സത്യസഭയുടെ അംഗങ്ങളെന്ന നിലയ്ക്കു് മലങ്കര കത്തോലിക്കർ യാക്കോബായക്കാരേക്കാൾ ഉയർന്നവരാണു്.

തങ്ങളുമായുള്ള ബന്ധം വിട്ടത്താൻവേണ്ടിയാണു യാക്കോബായക്കാർ പുനരൈക്യപ്പെട്ടവരെ ഇപ്രകാരം വിളിക്കുന്നതെങ്കിൽ, അതൊരു വിഫലശ്രമമാണു്. മലങ്കരസുറിയാനി കത്തോലിക്കർ ഒരിക്കൽ യാക്കോബായക്കാരായിരുന്നു. ഇപ്പോഴും അവർ യാക്കോബായിലെ റീത്താണു് ഉപയോഗിക്കുന്നതു്. കൂടാതെ വേറെ പലതരത്തിൽ പരസ്പരബന്ധങ്ങളും ഉണ്ടു്. അതിനാൽ ആ ഉററബന്ധം "റീത്തു" പ്രയോഗം കൊണ്ടു് മറയ്ക്കുവാനോ, മുറിക്കുവാനോ, മറക്കുവാനോ സാദ്ധ്യമല്ല. "റീത്തു" പ്രയോഗക്കാർ ഈ കാര്യങ്ങൾ ഓർത്തിരിക്കണമെന്നപേക്ഷയുണ്ടു്.



1930-ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും. മാർ തെയോഫിലോസ് തിരുമേനിയും താമസിച്ചിരുന്ന കെട്ടിടം തിരുമൂലപുരം, തിരുവല്ല.

# പുനരൈക്യ സ്മരണകൾ

[കെ. ഇ. ജോബ് എം. എ. എൽ. ററി.]

ഈ നാട്ടിൽ മഹത്തായ ക്രൈസ്തവസമുദായത്തിലെ ഒരു കേവലം വിനീതവ്യക്തിയാണെങ്കിലും, കേരളത്തിലെ ക്രൈസ്തവർ തങ്ങളുടെ മതപരമായ അനൈക്യത്തെ ഉപേക്ഷിച്ചു പുനരൈക്യപ്പെട്ടുകാണണമെന്ന വിഷയത്തിൽ കൗമാരം മുതൽ ഈയുള്ളവനു് തീവ്രമായ ആഗ്രഹമുണ്ടായിരുന്നു. സമീപസ്ഥമായ കത്തോലിക്കാ വിദ്യാലയങ്ങളുടെ അഭാവം കൊണ്ടും വിദൂരദേശങ്ങളിൽ പോയി കത്തോലിക്കാവിദ്യാലയങ്ങളിൽ അഭ്യസിക്കുന്നതിനുള്ള ശേഷിക്കുറവുകൊണ്ടും, വൈദികാനുമതിയോടുകൂടി മല്ലപ്പള്ളി, കോട്ടയം എന്നീ സ്ഥലങ്ങളിലുള്ള അകത്തോലിക്കാ വിദ്യാലയങ്ങളിൽ പഠനം നടത്തിയതിന്റെ ഫലമായിട്ടാണു് ഇങ്ങനെ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തെപ്പററി തീവ്രമായ ഒരാഗ്രഹം എന്നിൽ വേരൂന്നിയിട്ടുള്ളതെന്നു തോന്നുന്നു. പ്രോട്ടസ്റ്റൻറു്, യാക്കോബായ, മാർത്തോമ്മാ എന്നീ സഭകളിൽപെട്ട അനേകം കൂട്ടുകാരുമായി ഇടപഴകുകയും, അവരിലുള്ള സൽഗുണങ്ങൾ നേരിട്ടു കണ്ടു ഗ്രഹിക്കുകയും ചെയ്യുവാനിടയായപ്പോൾ, അവരും നാമും ഇങ്ങനെ വിഭിന്നചേരികളിൽ നിലനില്ക്കുന്നതു് വലിയൊരു അനൗചിത്യമാണെന്നും, അവരും നാമുംതമ്മിൽ കൂടുതലായി അടുത്തു സമ്പർക്കം പാലിക്കേണ്ടതാണെന്നും, അങ്ങനെ കത്തോലിക്കാസഭയുടെ മടിയിലേക്കു് നമ്മുടെവിഭിന്നസഹോദരങ്ങളെ കൂട്ടിക്കൊണ്ടു വരണമെന്നും അതിനുവേണ്ടി യാവച്ഛക്യം പരിശ്രമിക്കേണ്ടതു് നമ്മുടെ അപരിത്യാജ്യമായ കടമയാണെന്നും ഈയുള്ളവൻ കൗമാരത്തിലും യൗവനദശയിലും ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്നു.

കോട്ടയം കോളജിൽ ഞാൻ പഠനം നടത്തിക്കൊണ്ടിരുന്ന കാലങ്ങളിൽ തന്നെ അബ്ദുള്ളാ പാത്രിയർക്കീസും വട്ടശ്ശേരി മാർ ദിവന്ന്യാസ്യോസു തിരുമേനിയും തമ്മിലുള്ള വടംവലി തുടങ്ങാം കൊടുംപിരി കൊണ്ടിരുന്നതാണു്. മാർ ഈവാനിയോസ് തിരുമേനി (അന്നത്തെ ഫാദർ പി. ററി. ഗീവറുഗീസ്) അപ്പോഴേക്കും എം. ഡി. സെമിനാരിയുടെ പ്രിൻസിപ്പൽ ഉദ്യോഗം വിട്ടു, സെറാംപൂർ കോളജിൽ പ്രഫസറായി പോയിരുന്നു. പിന്നീടു കത്തോലിക്കാസഭയിൽ ചേർന്നു മരിച്ച ശ്രീ കെ. വി. ചാക്കോ ബി. എ. എൽ. ടി., എം. ഡി. യിലെ ഹെഡ്മാസ്റ്ററും, ഇപ്പോഴും ഒരു തീവ്രകത്തോലിക്കനായി ജീവിച്ചിരിക്കുന്ന ശ്രീ വട്ടശ്ശേരിൽ ഗീവറുഗീസ് ബി. എ. എൽ. ടി. അന്നവിടെ ഒരു സഹായാദ്ധ്യാപകനും ആയിരുന്നു. പ്രഫസ്സർ കെ. ജെ. അഗസ്റ്റിൻ എം. എ. തുടങ്ങിയ ഞങ്ങൾഏതാനും ചില കത്തോലിക്കാവിദ്യാർത്ഥികൾ കോട്ടയത്തെമഹാഭൂരിപക്ഷം അകത്തോലിക്കാവിദ്യാർത്ഥികളുടെ ഇടയിൽ കഴിച്ചുകൂട്ടിയിരുന്നു. അകത്തോലിക്കായുവജനങ്ങൾക്കും പ്രഫസ്സറന്മാക്കും കത്തോലിക്കാസഭയെ വളരെ പുച്ഛമായിരുന്നു എന്നതു പരമാർത്ഥമാണു്. എങ്കിലും വ്യക്തികളെന്ന നിലയിൽ അവർ ഞങ്ങളെ സ്നേഹിക്കുകയും മാനിക്കുകയും ചെയ്തിരുന്നു എന്നതു ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. ക്രൈസ്തവസഭകളുടെ പുനരൈക്യം—കത്തോലിക്കാസഭയിൽ ലയനം കൊള്ളുക എന്ന അർത്ഥത്തിലല്ലെങ്കിലും—അവക്കും പഞ്ചാമൃതമായിരുന്നു എന്നു ആയിടയ്ക്കു നേരിട്ടു ഗ്രഹിക്കുവാൻ സാധിച്ചു. യാക്കോബായക്കാരുടെ ആരാധനക്രമങ്ങളും വേഷഭൂഷാദികളും, മാർപ്പാപ്പാതിരുമേനി അനുവദിച്ചുകൊടുത്തു",



അവരെ ഒരു പ്രത്യേക (റീത്തു അഥവാ) സഭയായി സ്വീകരിക്കുന്ന പക്ഷം, യാക്കോബായക്കാരിൽ മഹാഭൂരിപക്ഷം കത്തോലിക്കസഭയിൽ ചേരുവാൻ സാദ്ധ്യതയുണ്ടെന്നു്, അന്നു ഞങ്ങളുടെ സതീർത്ഥ്യരായി ഉണ്ടായിരുന്ന പലരും പറയുക പതിവായിരുന്നു. എന്നാൽ അവരെ എല്ലാം കത്തോലിക്കസഭയിൽ നിന്നകററി നിറുത്തിയിരുന്നതു് ചരിത്രപരമായ തെററിദ്ധാരണകളായിരുന്നു എന്നും അക്കാലത്തു മനസ്സിലായി. ഈ അനുഭവം മൂലമാണു് ഈ എഴുത്തുകാരൻ "കേരളത്തിലെ ക്രിസ്തുമതം" സംബന്ധിച്ചു് വളരെ അദ്ധ്വാനം ചെലുത്തി ഒരു ഗ്രന്ഥം രചിക്കുവാനിടയായിട്ടുള്ളതു്. അതിൻെറ ഉദ്ദേശ്യം സാമാന്യം സഫലമായിട്ടുണ്ടെന്നുള്ള വസ്തുത ഈ ലേഖകൻ വാർദ്ധക്യദശയിലേക്കു കാലൂന്നിക്കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ കൃതാർത്ഥതാപൂർവ്വം അനുസ്മരിച്ചുകൊള്ളട്ടെ.

മലങ്കരസഭാനഭോമണ്ഡലത്തിലെ പുനരൈക്യഭാസുരന്മാരായിരുന്നു ദിവംഗതന്മാരായ മഹാമഹിമ ശ്രീമാന്മാർ മാർ ഈവാനിയോസ്, മാർ സെവേരിയോസ് എന്നീ തിരുമേനിമാരും, ഇപ്പോഴും ആലസ്യവശഗനായി കഴിയുന്ന മാർ തിയോഫിലോസ് തിരുമേനിയും, ഈയുള്ളവനെ അത്യന്തം വിശ്വസ്തനായ ഒരു പുനരൈക്യബന്ധുവായി പരിഗണിച്ചുവന്നിരുന്നു. പുനരൈക്യവാർത്തകൾ വിദേശപത്രങ്ങൾക്കും, മാസികകൾക്കും N C. W C, Fides. തുടങ്ങിയ വിദേശവാർത്താസംഭരണസമിതികൾക്കും, ആദ്യകാലങ്ങളിൽ അയച്ചുകൊടുക്കുന്നതിലും, ലഘുഗ്രന്ഥങ്ങൾ രചിച്ചുകൊടുക്കുന്നതിലും, മിഷൻകേന്ദ്രങ്ങളിൽ പ്രസംഗങ്ങൾ നടത്തുന്നതിലും, മാത്രമല്ല, സ്വന്തം പട്ടക്കാരില്ലാതിരുന്ന ആ അവസരങ്ങളിൽ, ഔദ്യോഗികമായ എഴുത്തുകുത്തുകളുടെ നക്കൽ തയ്യാറാക്കുന്നതിലും ആ അഭിവന്ദ്യതിരുമേനിമാർ ഈയുള്ളവനെ ഭരമേല്പിക്കാറുണ്ടായിരുന്നു എന്നുള്ള വസ്തുത അവിസ്മരണീയമാണു്. ആ അഭിവന്ദ്യതിരുമേനിമാർ ഈയുള്ളവനിൽ നിക്ഷേപിച്ചിരുന്ന വിശ്വാസത്തിനു യാതൊരു പ്രതിസമ്മാനവും നൽകുവാൻ ഈയുള്ളവനു സാധിച്ചിട്ടില്ലല്ലോ എന്നൊരു സങ്കടം മാത്രമേ ഇപ്പോൾ ശേഷിക്കുന്നുള്ളു.

വാർദ്ധക്യവും ഹൃദയക്ഷീണവും മൂലം കാര്യമായ സാഹിത്യപ്രയത്നങ്ങളൊന്നും ചെയ്യുവാൻ നിവ്വാഹമില്ലാതെ കഴിയുന്ന ഈ അവസരത്തിൽ പോലും, കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അല്പസ്വല്പമായി വല്ലതും പ്രയത്നിക്കുന്നതിൽ ഈയുള്ളവൻ ബദ്ധശ്രദ്ധനാണെന്നു് പ്രസ്താവിക്കുന്നതോടുകൂടി, പുനരൈക്യപ്രസ്ഥാനത്തിലെ സംപൂജ്യവൈദികാദ്ധ്യക്ഷനേതാക്കൾക്കും അതിലെ ബഹുമാന്യരായ അംഗങ്ങൾക്കും സകലവിധ ഭാവിഭാവുകങ്ങളും നേർന്നുകൊണ്ടു് ഈ ചെറുലേഖനത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

---

(16-ാംപേജ് തുടർച്ച)

ഷം നടന്നുകൊണ്ടിരുന്ന പുനരൈക്യശ്രമങ്ങൾ വിജയമകുടം ചൂടിയതു് 1930-ൽ മാർ ഈവാനിയോസിൻെറ നേതൃത്വത്തിൽ ഒരുഗണം കത്തോലിക്കാസഭയിലേക്കു ചേർന്നപ്പോഴാണു്. ഇങ്ങനെ മാതൃസഭയിൽനിന്നും പിരിഞ്ഞുപോയ വിഭാഗം ശീശ്മയെ ഉപേക്ഷിച്ചു് മാതൃസഭയിൽ വന്നു ചേരുന്നതിനെയാണു് പുനരൈക്യമെന്നു പറയുന്നതു്.

---

# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ എം ഈശോ, ഓമല്ലൂർ]

ജനനംമുതൽ യുവത്വത്തിൻെറ ചോരത്തിളപ്പുവരെനീണ്ടൊരു കാലഘട്ടമാണു് 25 കൊല്ലം. 1930 സെപ്റ്റംബറിൽ കേരളത്തിൽ പുനരൈക്യപ്രസ്ഥാനം സജീവമായി ഉടലെടുത്തു. അതിനുമുമ്പുള്ള പുനരൈക്യനിലയെ ഒന്നു തിരിഞ്ഞുനോക്കുന്നതു ഈ അവസരത്തിൽ മധുരസ്മരണോദ്ദീപകവും, ഉപകാരപ്രദവും, ദൈവത്തിൻെറ അത്ഭുതാവഹമായ നടത്തിപ്പിനു മകുടോദാഹരണവുമായിരിക്കും.

### മലങ്കരസഭ

ലോകരക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരമെടുത്ത ദൈവപുത്രനായ മിശിഹാ, രക്ഷാകരമായ വ്യാപാരങ്ങൾ നിവർത്തിച്ചു്, ലോകാവസാനംവരെയുള്ള എല്ലാവരേയും രക്ഷാമാർഗ്ഗത്തിലേക്കാനയിക്കുന്നതിനു് ഏകവും വിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ തിരുസഭയെ പത്രോസാകുന്ന പാറമേൽ സ്ഥാപിക്കയും ലോകമെങ്ങും ഈ സദ്വാർത്തയറിയിച്ചു വിശ്വസിച്ചു മാനസാന്തരപ്പെടുന്നവരെയെല്ലാം ജ്ഞാനസ്നാനപ്പെടുത്തി തിരുസഭയുടെ അംഗങ്ങളാക്കുന്നതിനു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു പഠിപ്പിച്ചയക്കയുംചെയ്തു. അപ്പസ്തോലന്മാരാകട്ടെ ദിവ്യഗുരുവിൻെറ ദൗത്യനിർവ്വഹണാർത്ഥം ലോകത്തിൻെറ വിവിധഭാഗങ്ങളിൽപോയി സുവിശേഷം പ്രസംഗിച്ചു് വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തി ക്രിസ്തുവിൻെറ മൗതികശരീരമാകുന്ന തിരുസഭയോടു ചേർത്തുകൊണ്ടിരുന്നു. തിരുസഭയുടെ പ്രാരംഭദശയിൽതന്നെ—1-ാംനൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ—ക്രിസ്തുവിൻെറ ദ്വാദശശിഷ്യവർഗ്ഗത്തിൽപ്പെട്ട മാർതോമ്മാശ്ലീഹാ, മലങ്കരവന്നു രക്ഷാമാർഗ്ഗമറിയിച്ചു് അനേകംപേരെ ജ്ഞാനസ്നാനപ്പെടുത്തി ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായുമുള്ള തിരുസഭയുടെ അംഗങ്ങളാക്കി ഏകസത്യസഭയോടു സംയോജിപ്പിച്ചു. അതു ക്രിസ്തു ഇഹത്തിൽ സ്ഥാപിച്ച സ്വർഗ്ഗസാമ്രാജ്യമാകുന്ന—അദൃശ്യമായി അവിടുന്നു ലോകാവസാനത്തോളംവാണു്—ദൃശ്യസ്ഥാനപതിയായ പത്രോസുവഴി—പരിശുദ്ധാത്മാവാകുന്ന ദൈവത്തെ അയച്ചു് ലോകത്തിൻെറ പ്രലോഭനങ്ങളിൽ പെടുത്താതേയും പാതാളശക്തികൾക്കു കീഴ്പ്പെടുത്താതേയും സകലസത്യത്തിലും വഴിനടത്തിക്കൊണ്ടിരിക്കുന്ന കത്തോലിക്കാസഭയോടായിരുന്നു.

ഈ സംയോജിപ്പു് ബാബേൽ—കൽദായപാത്രിയർക്കാസിംഹാസനംവഴി മലങ്കരസഭ പാലിച്ചുകൊണ്ടിരുന്നു. ബാബേൽ പാത്രിയർക്കാസിംഹാസനം റോമിലെ ശ്രേഷ്ഠസിംഹാസനത്തോടു് അനുബന്ധിച്ചിരുന്ന അന്ത്യോക്യാ പാത്രിയർക്കാ സിംഹാസനത്തിൻെറ ഒരു ഘടകവുമായിരുന്നു. ഈ ബന്ധത്തിൻെറ ഫലമായി ക്രിസ്ത്വാബ്ദത്തിൻെറ ആദിമശതകങ്ങളിൽ ബാബേൽപ്രദേശങ്ങളായ സിറിയായിൽനിന്നും മററും അനേകം ക്രിസ്ത്യാനികൾ വ്യാപാരത്തിനായും കുടിയേററത്തിനായും വേദപ്രചാരത്തിനായും ഇവിടെവന്നു വാസമുറപ്പിച്ചു് ഏകസഭയിലെന്നപോലെ, ഇവിടത്തെ ക്രിസ്ത്യാനികളോടുകൂടി രാഷ്ട്രീയാന്തരീക്ഷത്തിൽ സംയോജിച്ചു് ഏകസമൂഹമായിത്തീന്നു. ഈവിധം കത്തോലിക്കാസഭയിൽ ജനിച്ചു്, കത്തോലിക്കാവിശ്വാസത്തിൽ വളന്നു്, കത്തോലിക്കാസഭയുമായി അഭേദ്യമായി ഐക്യത്തിലിരുന്ന സുറിയാനിക്കാരെയാണു് 16-ാം നൂററാണ്ടിൽ പോർട്ടുഗീസുകാർ—പറങ്കികളായ ലത്തീൻകാർ—ഭരിക്കാനായി ഒരുമ്പെട്ടതു്.

### ഭിന്നതയുടെ ആവിർഭാവം

ഇവിടെ ഉപയോഗിച്ചിരുന്ന സുറിയാനിറീത്തു ബാബേലിലെ നെസ്തോർപാത്രിയർക്കീസിൻെറ ഇടത്തുടു കലന്നിട്ടുള്ളതാണെന്നു തെററിദ്ധരിച്ചു്, ആരാധനക്രമം ലത്തീൻരീതിയനുസരിച്ചു് പരിഷ്കരിച്ചുകൊണ്ടാണു് പറങ്കികൾ സുറിയാനിക്കാരെ പറങ്കിഭരണത്തിനു കീഴ്പ്പെടുത്താൻ ശ്രമിച്ചതു. എന്നാൽ ചിരപരിചിതവും പ്രിയംകരവുമായ സുറിയാനിറീത്തിൽ മാററംവരുത്തുന്നതിനോ ലത്തീൻ റീത്തു സ്വീകരിക്കുന്നതിനോ സുറിയാനിക്കാർ വിമുഖരായിരുന്നു. ഇതുസംബന്ധമായുണ്ടായ ഉരസ്സലിൻെറ ഫലമായി ശീമയിൽ— ബാബേലിൽ— നിന്നു മേല്പട്ടക്കാർ ഇവിടെ വരുന്നതിനു തടസ്സംനേരിട്ടു. 17-ാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ, 1653-ൽ, ശീമയിൽനിന്നു അഹത്തള്ളാ എന്നൊരു സുറിയാനിമെത്രാൻ, മാർപ്പാപ്പായിൽനിന്നു വേണ്ട പിടിപാടുകളോടുകൂടി മൈലാപ്പൂരിലെത്തി പറങ്കികളുടെ കപ്പലിൽ ഇവിടെ വരുന്നുവെന്നു കേട്ടു സുറിയാനിക്കാർ ഏകയോഗമായി അദ്ദേഹത്തെ സ്വീകരിക്കുന്നതിനു കൊച്ചിത്തുറമുഖത്തു വന്നുചേന്നു. നിർഭാഗ്യമേ! പറങ്കിഭരണം ഇവിടെ ഉറപ്പിക്കുന്നതിനുവേണ്ടി ആ സുറിയാനിമേല്പട്ടക്കാരനെ അവർ ഇവിടെ ഇറക്കാതെ ഗോവാവഴി പോർട്ടുഗലിലേക്കു കൊണ്ടുപോകയാണു ചെയ്തതു്. ഇതിൽ ക്ഷുഭിതരായ സുറിയാനിക്കാർ, തങ്ങളുടെ പാത്രിയക്കീസിനെ പറങ്കികൾ കൊച്ചി അഴിമുഖത്തു കെട്ടിത്താഴ്ത്തിയെന്നു പറഞ്ഞുപരത്തി. ഈ ശ്രുതിയുടെ യാഥാർത്ഥ്യത്തെപ്പററി അന്വേഷിച്ചറിയുന്നതിനു ക്ഷമയില്ലാതെ, ക്ഷോഭാകുലരായ സുറിയാനിക്കാർ നസ്രാണികൾ തങ്ങളുടെ നേതാവായ തോമ്മാ അർക്കദിയാക്കോൻെറ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ ഒരുമിച്ചുകൂടി മേലിൽ പറങ്കികളുമായി യാതൊരു ബന്ധവും പാടില്ലെന്നു അവിടെയുള്ള കൂനൻകുരിശിൽ കയറുകെട്ടി അതിൽ പിടിച്ചുകൊണ്ടു സത്യംചെയ്തു പിരിഞ്ഞു.

പറങ്കികളോടുണ്ടായ ഈ വിയോജിപ്പു്, 1653 മേയ് 22-ാം തീയതി പെന്തക്കുസ്താ ഞായറാഴ്ച നസ്രാണികളിൽ ഒരു വമ്പിച്ച കൂട്ടർ ആലങ്ങാട്ടുവച്ചു 12 പട്ടക്കാർകൂടി തോമ്മാ അർക്കദിയാക്കോൻെറ തലയിൽ അസാധുവായും നിയമവിരുദ്ധമായും കൈവെച്ചു്, അദ്ദേഹത്തെ 1-ാം മാർത്തോമ്മാ മെത്രാപ്പോലീത്തായായി വാഴിച്ചതോടുകൂടി മലങ്കരയിൽ ശീശ്മക്കു അടിസ്ഥാനമിട്ടു. 1600 കൊല്ലത്തോളം പറയത്തക്ക പ്രതിലോമശക്തികൾക്കൊന്നും വശപ്പെടാതെ മാർത്തോമ്മാശ്ലീഹായിൽനിന്നു ലബ്ധമായ സത്യവിശ്വാസത്തെ സംരക്ഷിച്ചുകൊണ്ടു് അന്ത്യോക്യാബന്ധംവഴി ഏക വിശുദ്ധ സഭയുടെ ഐക്യത്തെ പുലത്തിയിരുന്ന മലങ്കരസഭയിൽ ഈ സംഭവം ഭിന്നതയ്ക്കിടയാക്കി. ഈ സാഹസികസംരംഭം മാർപ്പാപ്പായുടേയും തിരുസഭയുടേയും കല്പനയുംകൊണ്ടുവന്ന അഹത്തള്ളാ പാത്രിയർക്കീസിനെപ്രതിയായിരുന്നുവെന്നാണു് അപ്പോൾ പ്രഖ്യാപിച്ചതു്. മാർപ്പാപ്പായോടോ കത്തോലിക്കാ സഭയോടോ ഉള്ള വിയോജിപ്പല്ല ഇതിനു കാരണം. പറങ്കികളോടും അവരുടെ ഭരണത്തോടുമുള്ള വിയോജിപ്പാണു്. ഈ അവസരത്തിൽ ഇവിടെ യാക്കോബായക്കാരോ യാക്കോബായ വിശ്വാസമോ ഉണ്ടായിരുന്നില്ല. മാർത്തോമ്മാശ്ലീഹാ മലങ്കരെ കൊണ്ടുവന്നു സ്ഥാപിച്ചതു് യാക്കോബായസഭയോ യാക്കോബായ വിശ്വാസമോ അല്ല. അദ്ദേഹം നമ്മുടെ കർത്താവിൽനിന്നു കാതോലിക്കാവിശ്വാസം പഠിച്ചു കത്തോലിക്കാസഭയുടെ പ്രേഷിതനായി തിരഞ്ഞെടുക്കപ്പെട്ടവനാണല്ലോ. യാക്കോബായസഭ, 5-ാം നൂററാണ്ടിൽ എവുത്തിക്കൻ വേദവിപരീതത്തിൽനിന്നുളവായ ഏകസ്വഭാവവാദത്തിൻെറ തണലിൽ അലക്സാന്ത്രിയായിലെ ദീയസ്കോറസിനാൽ പ്രഖ്യാപനം ചെയ്യപ്പെട്ട വിശ്വാസവൈപരീത്യത്തിൽനിന്നുടലെടുത്തതും അതിൻെറ അധഃപതനാവസരത്തിൽ—6-ാം നൂററാണ്ടിൽ—യാക്കോബുബുർദ്ദാനായാൽ ഉദ്ധരിക്കപ്പെട്ടതുമായ ഒരു ശീശ്മസഭയാണു്. 5-ാം നൂററാണ്ടുവരെ ഇങ്ങനെയൊരു സഭ ലോകത്തിലില്ലാതിരുന്ന സ്ഥിതിക്കു മലങ്കരസഭ യാക്കോബായബന്ധം പാലിച്ചിരുന്നതാണെന്നു വിവരമുള്ളവർ പറയുമോ? കൂനൻകുരിശുസത്യം നടക്കുന്ന അവസരത്തിൽ ഇവിടെ യാക്കോബായക്കാരോ യാക്കോബായ വിശ്വാസമോ ഉണ്ടായിരുന്നില്ല. ഇതെത്തുടന്നു ആ ബന്ധം ഇനിയുണ്ടാകാൻ പോകയാണു്.

### യാക്കോബായ ബന്ധം

1-ാം മാർത്തോമ്മായുടെ അവരോധനം നിയമവിരുദ്ധവും അസാധുവുമെന്നു മനസ്സിലാക്കിയവർ ക്രമേണ അതിൽനിന്നു പിന്തിരിഞ്ഞു പറങ്കിഭരണത്തിനു—ഗാർഷ്യാമെത്രാപ്പോലീത്തായ്ക്കു—മനസ്സില്ലാമനസ്സോടെ കീഴ്പ്പെട്ടുകൊണ്ടു്, തിരുസഭാദ്ധ്യക്ഷനായ മാർപ്പാപ്പാവഴി അതിനു പരിഹാരം തേടിക്കൊണ്ടിരുന്നു. മാർപ്പാപ്പായാകട്ടെ, ഈ ഭിന്നത അവസാനിപ്പിക്കുന്നതിനു സുറിയാനിക്കാരുടെ അപേക്ഷപ്രകാരം റോമിൽനിന്നു ഏതാനും കർമ്മലീ

(ശേഷം 9-ാംപേജിൽ)



1930-ൽ പുനരൈക്യത്തിനുശേഷം മാർ തിയോഫിലോസ് തിരുമേനി താമസിച്ച കൂലികെട്ടിടം തിരുവല്ല.

---

### എന്താണീ ജൂബിലി?

മാർ ഈവാനിയോസിൻെറ നേതൃത്വത്തിൽ നടന്ന പുനരൈക്യം 1930 സെപ്റ്റംബർ 20-ാംനു-യാണല്ലോ സംഭവിച്ചതു്. അതു കഴിഞ്ഞിട്ടു് 25 കൊല്ലം തികയുന്ന ശുഭമുഹൂർത്തമാണു് 1955 സെപ്റ്റംബർ 20-ാം തീയതി. അതുകൊണ്ടു് 1954 സെപ്റ്റംബർ 20 മുതൽ ഒരു ജൂബിലിവർഷം സമാരംഭിക്കുകയും ആ ജൂബിലിവർഷം ഈമാസം 20 ാംനു- സമാപിക്കുകയും ചെയ്യുന്നു. പുനരൈക്യപ്രസ്ഥാനത്തിൻെറ പിള്ളത്തൊട്ടിയായ തിരുമൂലപുരം എന്ന സ്ഥലത്തു, പുനരൈക്യത്തിൻെറ മാലുമിയായ മാർ ഈവാനിയോസിൻെറ നാമധേയത്തിൽ സജ്ജീകരിച്ചിരിക്കുന്ന "മാർ ഈവാനിയോസ് നഗറി"ൽവച്ചാണു് സമാപനം സംബന്ധിച്ച ആഘോഷപരിപാടികൾ നടക്കുന്നതു്.

### എന്തിനാണീ സ്പെഷൽ?

ഇത്ര മഹത്തായ ഒരവസരത്തെ അതിനനുയോജ്യമായ വിധത്തിൽ ആചരിക്കേണ്ടതു് എല്ലാവരുടേയും കർത്തവ്യമാണല്ലോ. പുനരൈക്യത്തിൻെറ പ്രാരംഭകാലം മുതൽ അതിൽ ആത്മാർത്ഥമായി സഹകരിച്ചു കഴിവതു പ്രവർത്തിക്കുന്നതിൽ "സത്യദീപം" ജാഗരൂകമായിരുന്നുവെന്നുള്ളതു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണു്. അതുകൊണ്ടു ഈ ശുഭാവസരത്തിൽ സത്യദീപത്തിൻെറ പ്രകാശകതിരുകളെ ജനഹൃദയങ്ങളിൽ പ്രവേശിപ്പിച്ചു ദൈവാനുഗ്രഹങ്ങൾക്കു നന്ദിപ്രകാശിപ്പിക്കുന്നതിനും, പുനരൈക്യപ്രസ്ഥാനത്തിൻെറ നാളതുവരെയുള്ള വിജയത്തിൽ അനുഗൃഹീതമായ ആ വിഭാഗത്തോടൊത്തു സന്തോഷിക്കുന്നതിനും, അതിൻെറ ഭാവിപുരോഗതിക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്നതിനു എല്ലാവരേയും പ്രത്യേകവിധമായി ആഹ്വാനം ചെയ്യുന്നതിനുമാണു് ഈ "സ്പെഷൽ" ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, നമ്മുടെ സഹോദരീസഹോദരന്മാരിൽ വലിയൊരുവിഭാഗം ഇനിയും മാതൃസഭയിലേക്കു പുനരൈക്യപ്പെടേണ്ടിയിരിക്കുന്നു. പ്രാർത്ഥനയുടേയും പരിഹാരകൃത്യങ്ങളുടേയും പ്രവർത്തനങ്ങളുടേയും വലിയൊരുസമരം നടത്തുന്നതിനു ഈശോയുടെ കുഞ്ഞുപടയാളികളായ നിങ്ങൾ യുദ്ധക്കളത്തിലേക്കിറങ്ങുമോ? ക്രിസ്തുവിൻെറ രക്ഷണീയയജ്ഞം അവരിലോരോരുത്തരിലും സഫലമാകുന്നതിനു്, മാർതോമ്മാശ്ലീഹായുടെ മക്കളെല്ലാവരും ആ പിതാവു് അവിടുത്തെ വിയപ്പുതുള്ളികളാൽ നനച്ചു വളത്തുകയും സജീവരക്തംകൊണ്ടു വളംചേക്കുകയും ചെയ്ത സത്യൈകസഭയിലേക്കു വന്നുചേരുന്നതിനു് അക്ഷീണം പടവെട്ടുമോ? പുനരൈക്യം വിജയിക്കട്ടെ!

# തൊഴുത്തിൽകുത്ത് അവസാനിപ്പിക്കുക

(കുര്യൻ വറുഗീസ് കണ്ണന്താനം)

ഏതാനും വർഷങ്ങൾക്കുമുമ്പു നാം ഇല്ലായിരുന്നു. ഏതാനും നിമിഷമോമണിക്കൂറോവർഷങ്ങളോ കഴിയുമ്പോൾ നാം ഇല്ലാതാകുകയുംചെയ്യും. എന്നാൽ നമ്മുടെ ആത്മാക്കളോ, അവ നിത്യരക്ഷയിലോ നിത്യശിക്ഷയിലോ ആയിത്തീരും. അതിനാൽ മാനസാന്തരപ്പെട്ട് സ്വന്ത ആത്മാവിനെ രക്ഷിക്കയും ദൈവം നമ്മെ ഏല്പിച്ചിട്ടുള്ള അടുത്ത തലമുറകളേയും മററും ദൈവവിശ്വാസത്തിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രായോഗികമാർഗ്ഗം അന്വേഷിക്കയും ചെയ്യുവിൻ.

രക്ഷിക്കപ്പെടേണ്ടവരെ സഭയോടു ചേർത്തു (നട: 2: 47) എന്നും, സത്യത്തിൻെറ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിൻെറ സഭ (1 തിമോ: 3: 15) എന്നും, സഭയെ അനുസരിക്കാത്തവൻ നിനക്കു ചുങ്കക്കാരനെപ്പോലെയുംപുറജാതിയെപ്പോലെയും ആയിരിക്കട്ടെ (മത്താ: 18 17) എന്നും വിശ്വാസപ്രമാണത്തിൽ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവും ആയ സഭ എന്നും, കർത്താവു തന്നോടു സംസാരിക്കേണ്ടുന്നവരെല്ലാം സഭ ഉൾപ്പെടട്ടെ, ഇതാ താനതിൽ മേവീടുന്നു എന്നു് യാക്കോബായ ക്യംതാ പ്രാർത്ഥന രാത്രി ആരാധന ഒന്നാം കൗമാഭാഗത്തും വിവരിച്ചിരിക്കയാൽ ആദ്യകാലം മുതല്ക്കേ സഭ ഉണ്ടായിരുന്നു എന്നും, അതു് ഏകമായിരുന്നു എന്നും, ദൃശ്യമായിരുന്നു എന്നും ആ സഭ ദൈവത്തിൻേറതാണെന്നും അതിൽ ദൈവം വസിക്കുന്നെന്നും വ്യക്തവും ആ സഭയുടെ അംഗത്വം കൂടാതെ ആർക്കും ക്രിസ്ത്യാനി ആയിരിപ്പാൻ നിവൃത്തിയില്ലെന്നു് നിശ്ചയവും ദൈവം വസിക്കുന്നതായ ദൈവത്തിൻെറ സഭ ഒരുകാലത്തും തെററിപ്പോകയില്ലെന്നുള്ളതു് അവിതർക്കിതവും ആണു്.

എന്നാൽ, യേശുക്രിസ്തുവിൽ വിശ്വസിക്കുക, അപ്പോൾ നീയും നിൻെറ കുടുംബവും രക്ഷിക്കപ്പെടുമെന്നുള്ള വാക്യത്തിൽമാത്രം ആശ്രയിച്ചു് രക്ഷപ്രാപിക്കുന്നതിനു് യാതൊരു സഭയുടെയും അംഗത്വം ആവശ്യമില്ലെന്നു വിശ്വസിക്കുന്നവരും, ശിശുസ്നാനത്തിലും വി. കുർബാനയിലും വി. കുർബാനയിലുള്ള ക്രിസ്തുസാന്നിദ്ധ്യത്തിലും മരിച്ചവർക്കു വേണ്ടിയുള്ള അപേക്ഷയിലും പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിലും വിശ്വസിക്കുന്നവരും, മേല്പറഞ്ഞവയിൽ, ശിശുസ്നാനത്തെ മാത്രം സ്വീകരിക്കയും വി. കുർബാന ഓർമ്മക്കായി മാത്രം നടത്തുകയും മററുള്ളവ എല്ലാം നിഷേധിക്കയും ചെയ്യുന്നവരും മാമോദീസായോ വി. കുർബാനയോ ആവശ്യമില്ലെന്നും കൊടിക്കീഴിൽ വഴങ്ങി ക്രിസ്തുവിൽ വിശ്വസിച്ചു് പ്രതിജ്ഞ ചെയ്താൽ മതി എന്നു് വിശ്വസിക്കുന്നവരും, ശിശുസ്നാനം കൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നും മുതിന്ന സ്നാനമാണു് ആവശ്യമെന്നുംവിശ്വസിക്കുന്നവരും മുതിന്ന സ്നാനത്തിനും പുറമേ മറുഭാഷക്കൂടെ ലഭിച്ചെങ്കിലേ മണവാട്ടി ആവൂ എന്നു വിശ്വസിക്കുന്നവരും, ഞായറാഴ്ച ആചാരം ആവശ്യമില്ലെന്നും, ശനിയാഴ്ചയാണു് ആചരിക്കേണ്ടതു് എന്നും വിശ്വസിക്കുന്നവരും, വി. ത്രിത്വത്തേയും നിത്യനരകത്തേയും നിഷേധിക്കുന്നവരും, സത്യവിശ്വാസം പഠിപ്പിക്കുന്ന യേശുക്രിസ്തുവിൻെറ മണവാട്ടി സഭ ഒന്നുമാത്രവും അതു തങ്ങളുടേതുമാത്രവും എന്നു വിശ്വസിക്കുന്നവരും ഇങ്ങനെ ക്രിസ്ത്യാനികൾക്കു് പൊതുവിൽ അപമാനം വരുത്തുന്ന പരസ്പരവിരുദ്ധങ്ങളായ വിശ്വാസങ്ങൾ പഠിപ്പിക്കുന്ന പല സഭകളിലായിട്ടാണു് ഇപ്പോൾ നാം നില്ക്കുന്നതു്.

വേദപുസ്തകത്തെ പലതരത്തിൽ വ്യാഖ്യാനിച്ചതിൻെറ ഫലമായി സംഭവിച്ച ഇങ്ങനെയുള്ള വിവിധവിശ്വാസരീതികൾമൂലം സത്യം ഏതെന്നുള്ള ചിന്തയിൽ ചിലർക്കൊക്കെ അവരുടെ വിശ്വാസത്തെപ്പററി സംശയം ഉണ്ടാകുന്നുണ്ടു്. വേദപുസ്തകം നമുക്കു തന്നതു സഭയാണെന്നും അതു വ്യാഖ്യാനിച്ചു് തീരുമാനം ചെയ്യുന്നതിനു് സഭയ്ക്കു മാത്രമേ അധികാരമുള്ളു എന്നുമാണു് യാക്കോബായ സി. സ. ചോ. 17-ം, 18-ം വശങ്ങളിൽ വിവരിച്ചിട്ടുള്ളതു്. മേൽ വിവരിച്ച തരത്തിലുള്ള എല്ലാ വിശ്വാസരീതികളും എല്ലാ സഭകളും ഒരുപോലെ ശരിയായിരിക്കുമോ? പരസ്പരവിരുദ്ധങ്ങളായ എല്ലാ വേദപുസ്തകവ്യാഖ്യാനങ്ങളും പരിശുദ്ധാത്മാവിൻെറ വ്യാഖ്യാനങ്ങളായി വരുമോ? ഇതെല്ലാം ശരി എന്നു പറയുന്നതു് 4-ം 3-ം 6 എന്നും 7 എന്നും 8 എന്നും പറയുന്നതിനു തുല്യമല്ലേ? ആത്മരക്ഷ പ്രാപിക്കുന്നതിനു് മേൽ വിവരിച്ച ഏതെങ്കിലും ഒരു സഭയുടെ അംഗമായി ആ സഭയുടെ വിശ്വാസത്തിനു് അനുസരിച്ചു് ജീവിച്ചാൽ മതി എന്നു പറയുന്നതും വിവേകമാണോ? അങ്ങനെ എങ്കിൽ ഒരു സഭയിൽ നിന്നു് മറെറാരു സഭയിലേക്കു ചിലർ പോയിട്ടുള്ളതെന്തിനാണു്? ദൈവം ഒരുവൻ മാത്രമാകയാൽ അവിടുത്തെ സഭയും ഒന്നുമാത്രമാകാനല്ലാതെ നിവൃത്തിയുണ്ടോ? വഴി ഒന്നുമാത്രമാകയാൽ ആ വഴി ഏതെന്നറിഞ്ഞു് അതിൽക്കൂടെ യാത്രചെയ്യാത്തവർക്കു് ഉദ്ദിഷ്ടസ്ഥലത്തു് ചെന്നെത്തുവാൻ സാധിക്കുമോ? ബൈബിളിലെ ചില വാക്യങ്ങളിൽ മാത്രമല്ല നാം ആശ്രയിക്കേണ്ടതു്. യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ള എല്ലാ സത്യവും അറിഞ്ഞു് അനുസരിക്കേണ്ടതു് നമ്മുടെ ചുമതലയാണു്.

മേൽ വിവരിച്ച ഭിന്നതകൾക്കൊക്കെ ഒരു പരിഹാരം വരുത്തി ക്രിസ്തീയസഭകൾക്കു് ഒരു പരസ്പരബന്ധം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പല സഭകളിൽപെട്ട വിദേശികളും സ്വദേശികളുമായ മിഷനറിമാർ പ്രസംഗിക്കുന്നുണ്ടു്. പല സഭാനേതാക്കന്മാർ ആംസ്റ്റർഡാം ഇവാൻസ്റ്റിൻ ആദിയായ സ്ഥലങ്ങളിൽ ഒന്നിച്ചുകൂടി ആലോചനകളും നടത്തുന്നു. പക്ഷെ ഇതിൻെറ ഒക്കെ ഫലമെന്തായി? വിശ്വാസവിഷയങ്ങളിലും ഭരണത്തിലും യോജിപ്പുണ്ടാകുമെങ്കിലേ പൂർണ്ണമായ സഭാഐക്യം സാധ്യമാകൂ എന്നാണതിൻെറ ഉത്തരം. ക്രിസ്തീയസഭകളിൽ മഹാഭൂരിപക്ഷമുള്ള കേരളത്തിലെ 25 ലക്ഷമുൾപ്പെടെ 45 കോടിയോളം വരുന്ന കത്തോലിക്കാസഭാവിഭാഗത്തെ ഒഴിച്ചുള്ള യോജിപ്പ് ക്രൈസ്തവസഭകളുടെ യഥാർത്ഥയോജിപ്പാകുമോ?



പരേതനായ റാവുസാഹിബ്
മി. പി. കെ. വർഗ്ഗീസ്

ക്രൈസ്തവർ ദസ്നഹത്തിൽ പരിപൂർണ്ണരായിരിക്കണമെന്നും ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായുമേ പാടുള്ളു എന്നും വിശ്വസിച്ചിരുന്ന ജനക്കൂട്ടത്തിനു് ഒരാത്മാവും ഒരു മനസ്സുമായിരുന്നു എന്നും ആണല്ലോ ബൈബിളിൽ വിവരിച്ചിട്ടുള്ളതു്. ഇങ്ങനെയല്ലാതുള്ള അനുഭവം യേശുക്രിസ്തുവിനു് സങ്കടകരവും ക്രിസ്തുമതപ്രചാരണത്തിനു് തടസ്സവുമല്ലേ?

മേൽവിവരിച്ച അനുഭവത്തിലാണു് ക്രിസ്തുസഭ ഇരിക്കേണ്ടതെങ്കിൽ നോമ്പുദിവസവ്യത്യാസങ്ങളിൽ ഉണ്ടായ യോജിപ്പുപോലെ വിശ്വാസവിഷയത്തിലും ഉണ്ടാകേണ്ടതു ആവശ്യമാണു്. വിശ്വാസത്തിൽ ഏകീകരണവും ഭരണത്തിൽ ക്രമവും വിശ്വാസസ്ഥിരതയും ഏതു സഭയിൽ ഉണ്ടോ അതല്ലേ യേശുക്രിസ്തുവിൻെറ മണവാട്ടിയായ തിരുസഭ. ഒരു മണവാളനും ഒരു മണവാട്ടിയും മാത്രമേയുള്ളു എന്നു് വി. മത്തായി 25-1 മുതൽ 11 വരെയും വി. യോഹ: 3-29-ലും എഫേ: 1-23-ലും 5-23-ം, 25—27 വരെയും വെളി: 21-2-ലും.മിശിഹാതൻ മണവാട്ടി ആയിട്ടും വിശുദ്ധസഭ എന്നു് യാക്കോബായക്യംതാ പ്രാർത്ഥന ഒന്നാം കൗമാഭാഗത്തും, നരകവാതിലുകൾ അതിനെ ജയിക്കയില്ലെന്നു് വി. മത്തായി 16-18-ലും വിവരിച്ചിരിക്കയാൽ ആ സഭ ഒരു കാലത്തും തെററിപ്പോകാവുന്നതല്ല. ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടിയുണ്ടെന്നു് വി. മത്താ: 28-20-ൽ വിവരിച്ചിരിക്കയാൽ കർത്താവു് ലോകാവസാനത്തോളം സഭയോടുകൂടി ഉണ്ടെന്നുള്ളതും വ്യക്തമാണു്. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല- ഞാൻ ജീവിക്കുന്നതുകൊണ്ടു് നിങ്ങളും ജീവിക്കും എന്നു് വി. യോഹ: 14-18-ലും 19-ലും സത്യത്തിൻെറ ആത്മാവു് സകല സത്യത്തിലും നടത്തുമെന്നു വി. യോഹ: 16-13ലും വിവരിച്ചിരിക്കയാൽ ഈ സഭ നേർവഴിയിൽക്കൂടി നമ്മേ നയിക്കുമെന്നുള്ളതും നിശ്ചയമാണു്. കത്തോലിക്കസഭയിൽ അല്ലാതെ മറെറതെങ്കിലും ഒരു സഭയിൽ ഈ അനുഭവം കാണുമാറുണ്ടോ? കത്തോലിക്കസഭയോടുള്ള യോജിപ്പുകൊണ്ടു ആത്മീയമായുള്ള യാതൊരനുഭവങ്ങൾക്കും കുറവു വരുന്നില്ല എന്നാണു് മാർത്തോമ്മാ, യാക്കോബായ, ഓർത്തഡോക്സ് ആദിയായ സഭകളുടെ നേതൃസ്ഥാനങ്ങളും സമ്മതിച്ചിട്ടുള്ളതു്.

ഈ നിലയ്ക്കു് കത്തോലിക്കർ കല്പനമാററി എന്നും അവർ വിഗ്രഹാരാധനക്കാർ ആണെന്നും മററും പ്രോട്ടസ്റ്റൻറു ചുററുപാടുകളിൽനിന്നു് ചിലർതെററിദ്ധരിച്ചിട്ടുള്ളസംഗതികളുടെസത്യസ്ഥിതിഎങ്ങനെയെന്നു് പരിശോധിച്ചറിഞ്ഞുംവിഗ്രഹാരാധനഎന്താണെന്നു്തന്നെ പഠിച്ചും കത്തോലിക്കു് ബൈബിൾ (യഥാർത്ഥ വേദപുസ്തകം) വിശ്വാസസംബന്ധമായുള്ള അവരുടെ ഇതരപ്രസിദ്ധീകരണങ്ങൾ ആദിയായവ വായിച്ചും പണ്ഡിതന്മാരായ കത്തോലിക്കു് വൈദികരിൽനിന്നു കേട്ടും പ്രോട്ടസ്റ്റൻറു ബൈബിളിൽ എന്തെങ്കിലും തെററുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിൻെറ കാരണം എന്തെന്നും പിന്നത്തെ പതിപ്പിൽ എന്തുകൊണ്ടാണു് അതു് പരിഹരിക്കാഞ്ഞതു് എന്നും തെററുകൾ അടങ്ങിയിട്ടുള്ള ബൈബിൾ ആരെങ്കിലും വായിക്കേണ്ടതെന്നും (പ്രോട്ടസ്റ്റൻറു ബൈബിൾഅപൂർണ്ണമാണെന്നുയാക്കോബായക്കാരും ബൈബിളിൻെറ പരിഭാഷകളിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്നു് മാർത്തോമ്മാ മെത്രാപ്പോലീത്താതിരുമേനിയും സമ്മതിക്കുന്നുണ്ടു്.) സി. സ. ചോ. ഉ. 17-ാംപേജും 1955 ജൂലായി 24-ാംനു-യിലെ മനോരമയും മററും വായിച്ചു് സംഗതിയുടെ സൂക്ഷ്മസ്ഥിതികൾ വേണ്ടപോലെ അറിഞ്ഞു് കത്തോലിക്കാസഭയെപ്പററിയുള്ള തെററിദ്ധാരണകൾ ദൂരീകരിച്ചു് സ്വന്ത ആത്മാവിൻെറ രക്ഷയ്ക്കുവേണ്ടി കത്തോലിക്കുസഭയെ മുൻവിധിയോടുകൂടി നിഷേധിക്കുന്ന ചുററുപാടുകളിൽനിന്നുണ്ടാകാവുന്ന എതിർപ്പുകളേയും പരിഹാസങ്ങളേയും ക്രിസ്തുവിനുവേണ്ടി സഹിച്ചു് യഥാർത്ഥ ഇടയൻെറ ഭരണത്തിലുള്ള ആട്ടിൻകൂട്ടത്തിൽ ആയിത്തീരുന്നതിനു് ഏവർക്കും ശ്രമിക്കാം. ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും. (വി. യോ: 10-16)

പ്രിയ സഹോദരാ! നമുക്കു് രണ്ടാത്മാവു് ഉണ്ടായിരുന്നെങ്കിൽ ഒന്നിനെ നാം ഇപ്പോൾ ഉൾപ്പെട്ടുനില്ക്കുന്ന നമ്മുടെ പ്രിയ സഭയ്ക്കും മററതിനെ ദൈവത്തിനും കൊടുക്കാമായിരുന്നു. എന്തു ചെയ്യാം, ഒരാത്മാവുമാത്രമേയുള്ളു വല്ലോ.

എൻെറ ഈ ചെറിയ ലേഖനത്തെപ്പററി വായനക്കാർ എന്തൊക്കെ വിമർശിച്ചാലും ലോകത്തിൽ സമാധാനമായി ജീവിക്കുന്നതിനും അതിസമാധാനമായി മരിക്കുന്നതിനും ക്രൈസ്തവർ പല ചേരികളിൽ ആകാതെ യേശുക്രിസ്തുവിലുള്ള സ്ഥിരവിശ്വാസത്തിൽ ഭക്തിപരമായ ഒരു അന്തരീക്ഷത്തിൽക്കൂടെ ഒന്നായിപുരോഗമിക്കുന്നതിനുള്ള ഏകപ്രായോഗികമാർഗ്ഗം കത്തോലിക്കാസഭാ പുനരൈക്യം മാത്രമാണെന്നു് മേൽവിവരിച്ചിട്ടുള്ള സംഗതികൾകൊണ്ടു് നിങ്ങളെ ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണു് ഇതു് പ്രസിദ്ധപ്പെടുത്തുന്നതു്. നമ്മുടെ അടുത്ത തലമുറകളും ക്രിസ്തുവിശ്വാസത്തിൽ നിലനില്ക്കണമെന്നാഗ്രഹിക്കുന്നവർ ദയവുചെയ്തു ഇതിനെപ്പററി ചിന്തിക്കണമെന്നും നാം ഒരു സഭയിൽ ആയിത്തീരേണ്ടതു് ലൗകികമായുള്ള നമ്മുടെ പല ആവശ്യങ്ങൾക്കു പോലും അത്യന്താപേക്ഷിതമാണെന്നും കർത്താവിൽ എൻെറ സഹോദരങ്ങളായ ഏവരേയും അറിയിച്ചുകൊണ്ടു് തൽക്കാലം വിരമിക്കുന്നു.

—ം—

ഒറക്കോട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.



കുറുപ്പംപടിയിലെ പ്രസംഗമഹായോഗാവസാനത്തിൽ കത്തോലിക്കാസഭയിലേക്ക പുനരൈക്യപ്പെട്ടവരും യോഗപ്രവർത്തകരും

# ധീരജേതാവ്

(കഥാപ്രസംഗം)

[വറതീസ് കിളിച്ചിമല]

(മഞ്ജരി)

ആരുചെയ്തീച്ചതി കഷ്ടമേ
കഷ്ടമി-
ങ്ങാരും വിറയ്ക്കുമീഘോരകൃത്യം
രക്തപ്പശയിൽ പിരണ്ടു കരു
ത്തനാം
യോദ്ധാവൊരുത്തൻ കിടന്നി
ടുന്നു
അഞ്ചെട്ടു മല്ലരോടൊററയ്ക്കു
തീർക്കുവാൻ
നെഞ്ചും കരവും കരുവുമുള്ളോൻ

ഒരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടുകിടക്കുന്നു. ഒരാദ്ധ്യാത്മിക മന്ദിരത്തെ മലിമസമാക്കി ആ ഭീകരകൊലപാതകം. കോട്ടയം പഴയ സെമ്മിനാരിയാണ് ഈ പൈശാചികപാതകത്തിനു കളം തെളിച്ചതു്.

കട്ടരക്തം ഒലിച്ച് കറുത്തതറയിൽ ആ ചെറുപ്പക്കാരൻ മരിച്ചുകിടക്കുന്നു. ആ ആജാനുബാഹുവിന്റെ നീണ്ടുവളഞ്ഞ തലമുടിനാരുകൾ പൂഴിയിലും രക്തപ്പശയിലും പൊതിഞ്ഞുകിടക്കുന്നു. അവന്റെ തലയോട്ടി പതിമൂന്നായി പൊട്ടിക്കീറിയിരിക്കുന്നു നീതികേടിന്റെ ഭീകരചിത്രം പോലെയാണ് ഇരുണ്ടുകരുവാളിച്ച ആ പ്രേതത്തിന്റെ കിടപ്പ്.

പലരും ആ കൊലക്കളത്തിലോടിച്ചെന്നു. ഒററനോട്ടത്തിൽ ആളെ മനസ്സിലായി. വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ അംഗരക്ഷകനാണു മരിച്ചുകിടക്കുന്നതു്. അക്രമത്തിനു പോകുന്നവനായിരുന്നില്ല ആ സാധു. എല്ലാവരും ആശ്ചര്യത്തോടെ ആരാഞ്ഞു:

ആരുചെയ്തീച്ചതി കഷ്ടമേ
കഷ്ടമി-
ങ്ങാരുംവിറയ്ക്കുമീഘോരകൃത്യം?

ചിലർ മെത്രാപ്പോലീത്തായെ സമീപിച്ചു. തന്റെ അംഗരക്ഷകൻ കൊലപ്പെട്ടതിലുള്ള കുണ്ഠിതത്തെക്കാൾ ശീമക്കാരോടുള്ള വാശിയും പകയും വിദ്വേഷവുമാണ് ആ വിക്രമസിംഹം അപ്പോൾ പ്രകടിപ്പിച്ചതു്.

ശീമക്കാർ, ശീമക്കാർ, വത്സ
രേ, നമ്മളെ-
പ്പാട്ടിലമത്താനൊരുങ്ങിടുന്നു.
മത്തോമ്മാത്താതന്റെ മക്കളേ,
നമ്മൾക്കി
ദ്ധിക്കാരമൊട്ടും സഹിച്ചുകൂടാ.
മുന്നം പറങ്കികളാക്രമിച്ചപ്പോ
ൾ നാ-
മൊന്നിച്ചുനിന്നു ചെറുത്ത
തില്ലേ?
അപ്പൂർവ്വനസ്രാണിവീരർതൻ
ധീരത-
യിപ്പോഴുമില്ലേ നമുക്കുമുവിൽ?

ശീമക്കാരോടുള്ള സമരവീര്യം ആ തിരുമേനി സമുദായപ്രേമികളിൽ കുത്തിവയ്ക്കുകയാണു്. അവരുടെ ആഗമനശേഷമാണ് ചേരിതിരിവും തൊഴുത്തിൽക്കുത്തും വിപ്ലവവും സമുദായത്തിൽ മുളയെടുത്തതെന്നും ഇപ്പോഴത്തെ ഭയങ്കര കൊലപാതകംതന്നെ അതിന്റെ പരിണാതഫലമാണെന്നും അദ്ദേഹത്തിനറിയാം

1905-ലാണ് അബ്ദുള്ളാ പാത്രിയക്കീസ് ശീമയിൽനിന്നു കേരളത്തിലേക്കു വന്നതു്. ഇവിടത്തെ യാക്കോബായവൈദികമേലദ്ധ്യക്ഷന്മാരോട് അദ്ദേഹം ആജ്ഞാപിച്ചു:

സർവ്വാധിപത്യം സമസ്തവു
മന്ത്യോക്യാ-
ബാവായ്ക്കു തൽക്ഷണമേകി
ടേണം.

മലങ്കരസഭയുടെ ലൗകികാധികാരവും ഉൾഭരണവും പാത്രിയക്കീസിനാണെന്നു സമ്മതിച്ചുകൊണ്ടുള്ള ഒരുടമ്പടിക്കു വഴിപ്പെടുവാനാണു ബാവായുടെ കല്പന. വട്ടശ്ശേരിമെത്രാൻ ചെറുത്തു: "ഇത്രനാളും മലങ്കരയുടെ ലൗകികാധികാരം പാത്രിയക്കീസിനു തീറെഴുതിയിട്ടില്ല. ആത്മീയവും ലൗകികവുമായ വിഷയങ്ങളിൽ ഇവിടെ സഭാഭരണം നടത്തിയിട്ടുള്ളതു മലങ്കരമെത്രാപ്പോലീത്തന്മാരത്രേ ശീമക്കാർ ഇവിടെ പ്രവേശിക്കയാൽ വഴക്കും വയ്യാവേലിയുമുളവായി. ആത്മീയകാര്യത്തിൽ സഭയെ സഹായിക്കാൻ മാത്രമേ അവർക്കവകാശമുള്ളു."

വളഞ്ഞുകൊടുക്കുന്ന മനസ്ഥിതിക്കാരനായിരുന്നില്ല വട്ടശ്ശേരി മെത്രാൻ. അദ്ദേഹത്തെ പിന്തിരിക്കുവാൻ ബാവാ ഭഗീരഥയത്നം ചെയ്തു. എങ്കിലും, മാർ ദീവന്നാസ്യോസ് കടുകിട വ്യതിചലിച്ചില്ല. രുക്ഷനായി പാത്രിയക്കീസ് ഭത്സിച്ചു:

വന്നുഭവിക്കുമനർത്ഥമനേകമി-
ദ്ധിക്കാരമിത്ഥം തുടർന്നുനി
ന്നാൽ.
ഊറിശ്ലേമിവ്വാനിയോസിൻ
കഥ നിങ്ങൾ
സാരജ്ഞനെങ്കിൽ നിനച്ചു
നോക്കു

ഒന്നും രണ്ടും പ്രാവശ്യമല്ല ബാവായും മെത്രാനുംതമ്മിൽ ഈ ഉടമ്പടിയെക്കുറിച്ചു വാഗ്വാദമുണ്ടായിട്ടുള്ളതു്. പുതുപ്പള്ളിപ്പള്ളിയിൽവച്ചു ബാവാ മെത്രാപ്പോലീത്തായെ ഭത്സിച്ചു. പഴയ സെമ്മിനാരിയിൽവച്ചു മററു മെത്രാന്മാർ കൂടിയിരിക്കവെ പാത്രിയക്കീസ് മെത്രാപ്പോലീത്തായെ ഭീഷണിപ്പെടുത്തി: "മററു മെത്രാന്മാർ ചെയ്തതുപോലെ നിങ്ങളും ചെയ്തില്ലെങ്കിൽ—" എന്നു്.

സഭയിൽ ചേരിതിരിവുണ്ടായി. രണ്ടു പാർട്ടിയിലും ആളുകൾ ചേർന്നു നിലയും വിലയുമുള്ളവർ രണ്ടിടത്തുമുണ്ടായിരുന്നു. വാശിയോടും മാത്സര്യത്തോടും വടംവലി മുറുകി.

(ഓട്ടംതുള്ളൽ)

കാറും കോളും തിങ്ങിനിറഞ്ഞു
കൂരിരുൾ ചുററുമയന്നുകഴിഞ്ഞു
ബാവാ മെത്രാൻ പാർട്ടികൾ
തമ്മിൽ
കൊണ്ടുപിടിച്ചു വഴക്കുമുഴുത്തു

പഴയ സെമ്മിനാരി വിപ്ലവരംഗമായി. ആ ആദ്ധ്യാത്മിക മന്ദിരത്തിന്റെ ഭിത്തികളിൽ കരിതേക്കുന്ന സംഭവങ്ങളാണ് അപ്പോൾ നടന്നതു്. അവിടത്തെ അന്തരീക്ഷത്തിൽ കാർമേഘപടലം പടർന്നു. ചട്ടമ്പികളുടേയും ആഭാസന്മാരുടേയും വിഹാരരംഗമായി ആ സ്ഥലം. പലവിധത്തിലായിരുന്നു അവിടെ അക്രമികളുടെ വിക്രിയകൾ. അർദ്ധരാത്രിക്കു ചട്ടമ്പികൾ അവിടെ മൽപ്പിടുത്തം നടത്തിയിട്ടുണ്ടു്. ഉറങ്ങിക്കിടക്കുന്ന വന്ദ്യപിതാക്കളെ ലക്ഷ്യമാക്കി വെട്ടുകത്തി ഉയർത്തിയിട്ടുണ്ടു്. റിക്കാർട്ടുപെട്ടികൾ അവിടെനിന്നു മോഷണം പോയിട്ടുണ്ടു്. ഭീകരമായ കൊലപാതകംവരെയെത്തി അവിടെ അക്രമം.

വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ ജീവൻതന്നെ അപകടത്തിലല്ലേയെന്നു പലരും ശങ്കിച്ചു. അദ്ദേഹത്തിനു അംഗരക്ഷകനായി ഒരാളെ നിയോഗിക്കണമെന്നു സമുദായാഭിമാനികൾ ഉറച്ചു. അതിനു തിരുവല്ലാക്കാരൻ ആററുപുറത്തു പാപ്പിയെയാണു അവർ കണ്ടുപിടിച്ചതു്.

ധീരനായിരുന്നു പാപ്പി. ഉറച്ചു കരുത്തേറിയ ശരീരമുള്ള അവനെ "ആനപ്പാപ്പി" എന്നാണു പലരും വിളിച്ചതു്. തന്റെ സ്വാമിയെ രക്ഷിക്കാൻ അവൻ സദാ ജാഗരൂകനായിരുന്നു. അക്രമം അവൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

ചട്ടമ്പികൾക്കു രസിച്ചില്ല, പാപ്പിയുടെ ആഗമനം. ഇംഗിതമനുസരിച്ചു പ്രവർത്തിക്കാൻ അവർക്കു സാധിക്കാതെവന്നു. അവർ സമയംപാർത്തു കഴിഞ്ഞുകൂടി.

ഒരു പ്രഭാതത്തിൽ കേട്ടു, ആരോ ആനപ്പാപ്പിയെ തല്ലിക്കൊന്നെന്നു്. കേട്ടവരെല്ലാം ഞെട്ടിപ്പോയി. എന്താണിനി അവിടെ നടക്കുവാൻ പോകുന്നതെന്നു പലരും ഭയപ്പെട്ടു.

പാപ്പിയുടെ മൃതദേഹം കണ്ടു വികാരം കൂടാതെ നിലകൊള്ളുവാൻ ഒരുത്തർക്കും കഴിഞ്ഞില്ല. ഓരോരുത്തരും ചോദിക്കാൻ തുടങ്ങി: "യാക്കോബായക്കാരേ! നിങ്ങൾ കാണുന്നോ ആനപ്പാപ്പിയുടെ മൃതദേഹം? നിങ്ങളുടെ നേതാവിനെ ആത്മാർത്ഥമായി സേവിച്ചവനാണവൻ. ആരാണവനെ തല്ലിക്കൊന്നതു്? നിങ്ങളല്ലേ ആ ക്രൂരകൃത്യം ചെയ്തതു്? ആ സാധുവിന്റെ തലയോട്ടി പതിമൂന്നു കഷണങ്ങളായി തല്ലിക്കീറിയതു നിങ്ങളല്ലേ? അതേ, നിങ്ങളുടെ സമുദായത്തിലെ വഴക്കും തൊഴുത്തിൽക്കുത്തും ദൈവഭയമില്ലായ്മയുമാണ് ഈ കൊലപാതകം നടത്തിയതു്. നിങ്ങളുടെ സമുദായത്തിലെ മാത്സര്യപ്പിശാചിന്റെ ബീഭത്സരൂപംപോലെ ഇരുണ്ടു കരിവാളിച്ച ഈ മൃതദേഹം, നിങ്ങളുടെ വഴിപിഴച്ച പോക്കു നോക്കി പല്ലിളിച്ച് ഹസിച്ചുകിടക്കുന്ന ഈ മൃതദേഹം, നിങ്ങൾ കാണുന്നോ?"



പരേതനായ
മി. ജോർജ്ജ് ജോസഫ്
എം. എ. ബാർ-അററ് ലാ

ആനപ്പാപ്പിയുടെ രക്തം ഊററിക്കുടിച്ചിട്ടും പഴയ സെമ്മിനാരിയിലെ മാത്സര്യപ്പിശാചിന്റെ തിരാദാഹം ശമിച്ചില്ല. മററു പലതുമവിടെ നടന്നു. സമുദായത്തെ സാരമായി സ്പർശിച്ച പലതും അവിടെ നടന്നു.

തന്റെ ആജ്ഞയെ ധിക്കരിച്ച മെത്രാപ്പോലീത്തായെ നല്ല പാഠം പഠിപ്പിക്കണമെന്നു് ബാവാ ഉറച്ചു. പഴയ സെമ്മിനാരിയുടെ അവകാശം സ്ഥാപിച്ചു കിട്ടുവാനുള്ള കേസ് അന്നു കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേസിൽ വിജയം ലഭിക്കുവാൻ മെത്രാപ്പോലീത്തായെ മുടക്കേണ്ട ആവശ്യവും വന്നു.

പാത്രിയക്കീസിനു മെത്രാപ്പോലീത്തായുടെ മേൽ പ്രയോഗിക്കാവുന്ന ഏററവും വലിയ ഒരു ശിക്ഷയാണ് മുടക്കു്. തന്റെ അധികാരത്തെ ധിക്കരിച്ച വട്ടശ്ശേരി മാർ ദീവന്നാസ്യോസിന്റെ മേൽ ബാവാ മുടക്കുഖഡ്ഗം ആഞ്ഞുവീശി. അതു ശക്തിയായി കൊണ്ടു. യാക്കോബായസഭയുടെ ചങ്കിനായിരുന്നു ആ വെട്ടു കൊണ്ടതു്.

## II

കാറും കോളും തിങ്ങി-
നിറഞ്ഞു
കൂരിരുൾ ചുററുമയന്നു-
കഴിഞ്ഞു.
ബാവാമെത്രാൻ പാ-
ർട്ടികൾ തമ്മിൽ
കൊണ്ടുപിടിച്ചു വഴ-
ക്കു മുഴുത്തു

"പാപി ചെല്ലുന്നിടം പാതാളം" എന്നതുപോലെയായി ഈ സമുദായവ്യവഹാരത്തിൽ ഏർപ്പെട്ടവരുടെ സ്ഥിതി. മുടക്കു ലഭിച്ച മെത്രാപ്പോലീത്തായുടെ കക്ഷി ഒരു കാതോലിക്കായെ വാഴിച്ചു. അബ്ദുൽമിശിഹാ ബാവായാണു മലങ്കരയിലെ കാതോലിക്കാ സിംഹാസന സ്ഥാപകൻ. തുർക്കിസുൽത്താൻ ഫെർമാൻ (അംഗീകാരപത്രം) പിൻവലിക്കയാൽ സ്ഥാനഭ്രഷ്ടനാണദ്ദേഹം. സുൽത്താന്റെ ഫെർമാനില്ലെങ്കിൽ ബാവായുടെ ആദ്ധ്യാത്മികാധികാരം നഷ്ടപ്പെടുമെന്നത്രേ ബാവാപാർട്ടിക്കാരുടെ പറച്ചിൽ. വാശികൊണ്ടു കയർത്ത ബാവാകക്ഷി വ്യവഹാരവുമായി കോടതിയെ അഭയം പ്രാപിച്ച് ഇങ്ങനെ വാദിച്ചു: "അബ്ദുൽമിശിഹാ സ്ഥാനഭ്രഷ്ടനാണ്. അദ്ദേഹം കൊടുത്ത പട്ടം പട്ടമല്ല. അദ്ദേഹത്തിൽനിന്നു സ്ഥാനം സ്വീകരിച്ച കാതോലിക്കാ വെറും ചുവപ്പുവേഷധാരിയാണ്."

(വഞ്ചിപ്പാട്ട്)

വ്യവഹാരവടംവലി മുറുകിയി
രുവശത്തു-
മവിരതം നിരന്നുനിന്നനേക
യോധർ
ചെറുതല്ലിക്കമ്പക്കയർ മത്സര
ത്താം ബാവാമെത്രാൻ-
നിരകൾ തൻ ബലാബലമര
ച്ചുനോക്കൽ

വാശിയും മാത്സര്യവും വർദ്ധിച്ചു രണ്ടുകൂട്ടർക്കും. പണം വാരിക്കോരി ചെലവാക്കാൻ ഒരുത്തരും മടിച്ചില്ല.

മറിച്ചും തിരിച്ചും വന്നു ജയാപജയങ്ങൾ. ഏതു കക്ഷിയാണ് ശരിയെന്നറിയുവാൻ മാർഗ്ഗമില്ലാതായി. 1919-ൽ ഒരു വിധിയുണ്ടായി. ഓർത്തഡോക്സുകാർക്കായിരുന്നു വിജയം. അവർ തുള്ളിച്ചാടി. ബാവാപ്പാർട്ടി കണ്ണീരൊഴുക്കി.

തോററ കക്ഷി അപ്പീൽ കൊടുത്തു. 1923-ൽ വിധിച്ചു. ഓർത്തഡോക്സുകാർ തോററു. ബാവാ കക്ഷിക്കു പിടി മുറുകി.

കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടി നഷ്ടപ്പെടുമെന്ന ഘട്ടമായി. സഭയുടെ ദയനീയതയിൽ സമുദായാഭിമാനികൾ സങ്കടപ്പെട്ടു. അടിത്തറയുടെ ഉറപ്പില്ലായ്മയാണ് ഈ സമാധാനക്കേടിനെല്ലാം കാരണമെന്നു് ചിന്തകന്മാർ മനസ്സിലാക്കി.

നേതാക്കന്മാർ വിലപിച്ചു. ദുർഘടതയിലേക്കാണ് അനുദിനം സമുദായം നീങ്ങിയതു്. അവരുടെ മുറവിളി ഇങ്ങനെ അന്തരീക്ഷത്തിലുയർന്നു:

(മഞ്ജരി)

ഒന്നു ശമിച്ചിടിൽ മറെറാന്നു
ണ്ടിവ്വണ്ണം
പിന്നെയും പിന്നെയും വിപ്ല
വമായ്,
പുത്തൻകൂർ നസ്രാണിമാരെ
ത്ര ബീഭത്സ-
ഗർത്തത്തിലേക്കു മറിഞ്ഞുവീണു!

ഇന്നത്തെ കാതോലിക്കാ അന്നു പ്രസ്താവിച്ചു: "നമ്മുടെ സഭയെപ്പററി ഒരാശയും എന്റെ മനസ്സിലില്ല. ദൈവം നമ്മളെ കൈവെടിഞ്ഞിരിക്കുന്നു. സംശയമില്ല. ഇതിൽ ജനിക്കാൻ ഇടയായതിൽ ഖേദിക്കുന്നു."

സാഗരത്തിൽ തരംഗങ്ങളുയരു
മ്പോലടിക്കടി
ഭീകരമാം കോളുകളിസ്സഭാനഭ
സ്സിൽ

ചെറിയ മഠത്തിൽ ഫാദർ സ്കറിയാ വിലപിച്ചു: "യാക്കോബായസഭ അധോഗതി പ്രാപിച്ചുവരികയാണ്." മട്ടയ്ക്കൽ ഫാദർ അ

## പ്രഥമ ചരമവാർഷികം



**പോത്താനിക്കാട്ട് കരുവിള വർക്കി**

കോതമംഗലം

"ദയാപരനായ ഈശോ, ഈയാളുടെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ."

R. I. P.

ലക്കാന്ത്രയാസ് എഴുതി: "ശീമയിലുള്ള നമ്മുടെസഭ നാൾക്കുനാൾ ക്ഷയിച്ചുവരികയാണു്. ശീമക്കാർ കള്ളന്മാരാണ്. അവരിൽ നിന്നു ഒരു ഗുണവും നമ്മുടെ സഭയ്ക്കു ഉണ്ടാവുകയില്ല."

തൊറിപ്പോയ് നമ്മളെന്നോ
ഷ്പീക്കാനല്ലേയി-
ശിക്ഷകളീശൻ തുടന്നീടുന്നു

എന്നായി മാറു ചീച്ചരുടെ മുറവിളി.

III

ഈ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കവേ ആ സഭയുടെ അണിയറയിൽ ഒരു ധീമാൻ നിൽപ്പുണ്ടായിരുന്നു.

സരസരസികമാകും വാക്യസ
മ്പൽപ്രഭാവൻ
ലളിതലസിതരൂപൻ ലാല
സൻ ലോലകല്യൻ
പഠനപടുതയേറും പണ്ഡിത
ൻ പുണ്യപൂർണ്ണൻ
മഹിയിൽ മഹിതനാണി
ഫാദർ പി. റ്റി. പണിക്കർ

നസ്രാണിസമുദായത്തിൽ ആദ്യമായി എം. എ. ബിരുദ കരസ്ഥമാക്കിയതു് അദ്ദേഹമാണു്. മികച്ചബുദ്ധിശക്തിയും സേവനതൽപ്പരതയും അദ്ദേഹത്തെ മററുള്ളവരിൽ മുമ്പനാക്കി. പ്രശസ്തപാരമ്പര്യമുള്ള മല്ലിട്ടിപ്പണിക്കർ കുടുംബത്തിലാണു് ആ സമുദായപ്രേമിയുടെ ജനനം. എം. എ. അച്ചൻ, പണിക്കരച്ചൻ, ഫാദർ പി. റ്റി. ഗീവറുഗീസ് എന്നീ പേരുകളിലാണു് അദ്ദേഹം അറിയപ്പെട്ടതു്. കേരളത്തിൽ മാത്രമല്ല ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും യൂറോപ്യൻനാടുകളിലും ആ യുവവൈദികന്റെ കീർത്തി പരന്നുകഴിഞ്ഞിരുന്നു. സമുദായം ആ പ്രത്യുല്പന്നമതിമാനെ ഒരു സമ്പത്തായി കരുതി.

സെറാമ്പൂരിലെ പ്രശസ്തമായ പ്രൊഫസർസ്ഥാനം രാജിവച്ചു് ആ ത്യാഗധീരൻ സമുദായമദ്ധ്യത്തിലേക്കു വന്നു. അദ്ദേഹത്തിന്റെ സ്വരം ഇങ്ങനെ ഉയന്നു:

ആദ്ധ്യാത്മികോത്തമ സൗരഭ്യം
പേറുവാ-
നെത്തുവിൻ തൽക്ഷണം
സോദരരേ,
ആശ്രയമുള്ളവസ്വവും കൈ
വെടി-
ഞ്ഞാശ്രമവാസം വരിച്ചിടു
വാൻ

മനോഹരമായ ഈ ആഹ്വാനം നാടിന്റെ നാലുഭാഗത്തും മാറെറാലികൊണ്ടു. പല ചെറുപ്പക്കാരും ആദ്ധ്യാത്മികപ്രബുദ്ധതയോടുകൂടി അച്ചനെ സമീപിച്ചു. മുണ്ടൻമലയിലുള്ള ഒരു ആശ്രമത്തിലേക്കാണു തന്റെ അനുഗാമികളോടുകൂടി പ്രൊഫസറച്ചൻ പോയതു്. ബഥനിക്കാരെന്നു ആ സന്യാസികൾ അറിയപ്പെട്ടു.

ബഥനി ആദ്ധ്യാത്മികവേലിയേററമുളവാക്കി. ബാവാ–മെത്രാൻ വഴക്കു കൊടുമ്പിരിക്കൊണ്ടപ്പോൾ ശാന്തിയും സമാധാനവും ആദ്ധ്യാത്മികതയും നിറഞ്ഞ അന്തരീക്ഷത്തിൽ ദൈവാരാധന നടത്താൻ ഉടലെടുത്ത ബഥനിയുടെ ലക്ഷ്യം കുറിക്കുകൊണ്ടു. സമുദായപ്രമുഖന്മാർ ബഥനിജനയിതാവിനെ പിന്താങ്ങി. മാർ ദിവന്നാസ്യോസു് പ്രഭൃതികൾ അദ്ദേഹത്തെ അകമഴിഞ്ഞു സഹായിച്ചു.

ടാഗോറിന്റെ ശാന്തിനികേതനമാതൃക, ഭാരതീയമുനീന്ദ്രരുടെ ആചാരക്രമം, പൗരസ്ത്യപരിശുദ്ധൻ മാർ ബസേലിയോസിന്റെ സന്യസ്തനിയമങ്ങൾ, എളിയ ജീവിതം—എല്ലാം ബഥനിയെ ആകർഷകമാക്കി.

സ്ത്രീജനങ്ങളുടെ ഉന്നമനത്തിലും ബഥനിയച്ചൻ ശ്രദ്ധിച്ചു. വിദ്യാലയങ്ങൾ സ്ഥാപിക്കുക, സ്ത്രീവർഗ്ഗത്തിന്റെ ആദ്ധ്യാത്മികത ഉണർത്തുക, ആതുരസേവനം നിവ്വഹിക്കുക, വിജാതീയസ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയുമിടയിൽ സുവിശേഷം പ്രസംഗിക്കുക എന്നിവ കന്യാസ്ത്രീകളെക്കൊണ്ടു സാധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. മഹിളകളെ അദ്ദേഹം ആഹ്വാനംചെയ്തു:

(അന്നനട)

വരു, വരു, സഹോദരി
മണികളേ,
വരു നിരുപമപദവി പൂകു
വാൻ
മഹിളമാർമണിമരിയമാതാ
വിൻ
മഹിതജീവിതമനുകരിക്കു
വാൻ

അഭ്യസ്തവിദ്യരും അഭിജാതരമായ പല മാനിനിമാരുമെ



For favours received



Mrs. Mary Sebastian
Trichur

ത്തി കന്യകാജീവിതം നയിക്കാൻ.

കന്യാസ്ത്രീകൾക്കുള്ള മഠവും സന്യാസിമാക്കുള്ള ആശ്രമവും മാത്രമായിരുന്നില്ല ബഥനിസ്ഥാപനങ്ങൾ. ബഥനിയച്ചൻ ചുററുപാടും കണ്ണോടിച്ചു.

(മാവേലി)

കണ്ണീരും കൈയുമായ് വാണിടുവോർ
ബന്ധനമേറി വലഞ്ഞിടുവോർ
ആയിരമായിരമല്ലനാഥർ
വേവുന്ന ചിത്തരായ് മേവിടുവോർ

അങ്ങനെയുള്ളവരെ സഹായിക്കാതിരിക്കുവാൻ സഹതാപഹൃദയം ബഥനിയച്ചനെ അനുവദിച്ചില്ല. ആശ്രമത്തോടനുബന്ധിച്ചു് ഒരു അനാഥമന്ദിരംകൂടി അദ്ദേഹം സ്ഥാപിച്ചു. രക്ഷാകത്താക്കളോ സഹായികളോ ഇല്ലാത്ത കുഞ്ഞുങ്ങളെ് അവിടെ സ്വീകരിച്ചുവളത്തി.

ആശ്രമം, മഠം, അനാഥമന്ദിരം തുടങ്ങിയവയുടെ ഭാരിച്ച ചെലവുകൾ വഹിക്കേണ്ടിവന്നു. ഒരു കൈയിൽ ഭിക്ഷപ്പാത്രവും മറേറ കൈയിൽ സവാരിവടിയും മാറിടത്തിൽ കുരിശും വഹിച്ചുകൊണ്ടു് കാഷായവേഷധാരിയായ ബഥനിയച്ചൻ അനുചരന്മാരോടുകൂടി നാടിന്റെ നാനാഭാഗത്തും ചെന്നു.

(മഞ്ജരി)

ആശ്രമക്കാരെ മറക്കല്ലെ
ഭിക്ഷയാ-
ണാശ്രയമല്ലാതെയൊന്നുമില്ലെ

ബഥനിക്കു സംഭാവനചെയ്യുവാൻ ഒരുത്തരും മടിച്ചില്ല. ഹിന്ദുക്കളും മഹമ്മദീയരും ക്രിസ്ത്യാനികളും ബഥനിയെ സഹായിച്ചു. അപ്പോൾ കേൾക്കാം ചുററുപാടും വേറൊരു നിലവിളി:

തൊട്ടുകൂടാത്തവരെങ്കിലുമാ
ശയ-
ണ്ടെങ്ങൾക്കുമീശനെയാരാ
ധിപ്പാൻ

"മാനുഷൻ സമീപിച്ചാൽ മാനുഷന്നശുദ്ധി" എന്ന പ്രമാണം അന്നു പ്രാബല്യത്തിലിരിക്കുകയാണു്. അധഃകൃതനെ നിസ്സഹായതയിൽനിന്നും ഉദ്ധരിക്കുവാൻ ആരുമുണ്ടായിരുന്നില്ല. ക്രൈസ്തവമിഷനറിമാരാണു് അധഃകൃതോദ്ധാരണസന്ദേശവുമായി മുമ്പോട്ടു വന്നതു്. കേരളത്തിലെ വിജാതീയരുടെയിടയിൽ ബഥനിക്കാർ വിജയപ്രദമായി മിഷൻപ്രവത്തനമാരംഭിച്ചു.

ബഥനിയുടെ പുരോഗതിയെ എല്ലാവരും ആശ്ചയ്യത്തോടും പ്രതീക്ഷകളോടുംകൂടെ വീക്ഷിച്ചു. സന്യാസസംഘം, സന്യാസിനീസമൂഹം, അനാഥശാല, പള്ളിക്കൂടങ്ങൾ, പള്ളികൾ തുടങ്ങി പലതിന്റേയും ജനയിതാവായ ഫാദർ പി. ടി. ഗീവറുഗീസു് പണിക്കരുടെ പ്രാഗത്ഭ്യത്തെ അത്ഭുതത്തോടുകൂടിയല്ലാതെ വീക്ഷിക്കുവാൻ ഒരുത്തക്കും കഴിഞ്ഞില്ല. ആ അഗാധചിന്തകന്റെ സേവനങ്ങളോടുള്ള മതിപ്പും ആദരവും പ്രത്യക്ഷപ്പെടുത്തുവാൻ സമുദായം സന്നദ്ധമായി. ബഥനിക്കു അഭിമാനിക്കുവാൻ സന്ദർഭംവന്നു. എം. എ. അച്ചനെ മെത്രാനായി സമുദായം ഉയത്തി. ഫാദർ പി. ടി. ഗീവറുഗീസ് മാർ ഈവാനിയോസായി. ജയഘോഷം നാലുഭാഗത്തുമുയന്നു:

വെന്നാലും വെന്നാലും വന്ദ്യ
മഹാത്മാവേ,
മിന്നും ബഥനി ജനയിതാവേ,
വിജ്ഞാനവൈദ്യുത ദീപികേ,
ശാന്തിപ്ര-





സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ അസാദ്ധ്യമെന്നു കരുതിയ രോഗം സുഖപ്പെട്ടതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

Mrs. Mathew
Channoth House
Kokamangalam

സുകൃതിപ്രകീർത്തിക്കും പൂങ്കു
യിലേ,
നിസ്തുലമോഹനസന്യസ്ത
താരകേ,
സ്തുത്യാഭിരാമമാം പുണ്യമൂർത്തേ,
വെന്നാലും വെന്നാലും വന്ദ്യ
മഹാത്മാവേ,
മിന്നും ബഥനി ജനയിതാവേ

ബഥനിയെ സൽക്കരിക്കുവാൻ ഇത്രമാത്രമല്ല യാക്കോബായ സമുദായം ചെയ്തതു്. ആ സമൂഹത്തിലെ ഒരു മാതൃകാവ്യക്തിയായ യാക്കോബച്ചനെ എപ്പിസ്കോപ്പായായി ഉയത്തി. മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്തായായി അഭിഷേകംചെയ്തു. (തുടരും)

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

### പുനരൈക്യ മഹാരഥന്മാർ

(2-ാംപേജ് തുടർച്ച)

നനിമിഷംവരെ ആ പോരാളി വീരൻ ഉഗ്രവും വ്യഗ്രതരവുമായ സാഹസികജീവിതം നയിച്ചു. ആ ലളിതഹൃദയൻ ഐക്യത്തിന്റെ വീരഭടനായി പടപൊരുതുകൊണ്ടു് തന്റെ ജീവിതമാട്ടം അവസാനിപ്പിച്ചു.

ഈ പുനരൈക്യമഹാരഥന്മാർ നട്ടുനനച്ചു പരിപോഷിപ്പിച്ച പുനരൈക്യപ്രസ്ഥാനം മലങ്കരസഭാമണ്ഡലത്തിൽ തെളിഞ്ഞു പ്രകാശിച്ചുകൊണ്ടിരിക്കുന്നതു് ആത്മശാന്തി നഷ്ടപ്പെട്ടിരിക്കുന്ന വിഭിന്നസഹോദരങ്ങൾക്കു് ആദ്ധ്യാത്മികപ്രബുദ്ധത നൽകുവാനും, ആഞ്ഞടിക്കുന്ന ലോകായതികതാതരംഗപരമ്പരകളുടെ വേലിയേററത്തെ തടയുവാനുംവേണ്ടിയാണു്. ക്രിസ്തുനാഥന്റെ സ്നേഹമസൃണമായ ആഹ്വാനമാണു് അവൾ മുഴക്കുന്നതു്. പതിനായിരങ്ങളുടെ കനത്ത ദുർവാശിയും, ദുരഭിമാനവും ഇവളുടെ മുമ്പിൽ വെൺമഞ്ഞുപോലെ ഉരുകിപ്പോയി. അവരെ ക്രിസ്തീയജീവിതത്തിന്റെ ഉയന്ന പടിയിലേക്കു് ഉയത്തുകയും ചെയ്തു. ഏകതൊഴുത്തും, ഏകഇടയനുമാകുന്നതിനുള്ള ക്രിസ്തുവിന്റെ പാവനമായ ആഗ്രഹം സാധിച്ചുകൊടുക്കുവാൻ ക്രിസ്തുസ്നേഹികളായ ഏവക്കും ഗൗരവമായ ചുമതലയില്ലേ? അവനവന്റെ ആത്മരക്ഷയ്ക്കു് അതാവശ്യമല്ലേ? എല്ലാവരും ഒന്നാകേണ്ടതിനു് അങ്ങുന്നു് ഹൃദയം നൊമ്പരപ്പെട്ടുകൊണ്ടു് പ്രാത്ഥിച്ചതാണു്. വേദനാജനകമായ ആ ഞെരുക്കത്തിനു് ഉപശാന്തിവരുത്തുവാൻ ഏവരുടേയും ഹൃദയകവാടങ്ങൾ തുറക്കേണ്ടതല്ലേ? പുനരൈക്യപ്രസ്ഥാനരജതജൂബിലി ആഘോഷിക്കുന്ന ഈ അനുഗ്രഹവേള ആത്മാത്ഥമായ ഒരു ഹൃദയപരിശോധനയ്ക്കു സുവർണ്ണാവസരം എല്ലാ ക്രിസ്തീയസഹോദരങ്ങളുടേയും മുമ്പിൽ നിരത്തിയിരിക്കുകയാണു്. പുനരൈക്യമഹാരഥന്മാർ നൽകുന്ന സ്വർഗ്ഗീയസന്ദേശവും ഇതുതന്നെ.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0



Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam September 21, 1955 No. 7

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുദോമിനിയുടെ ജീവിതത്തിലെ അന്ത്യരംഗങ്ങളിലേക്കാണ് നാം കടക്കുന്നതു്. പുണ്യപ്പെട്ട ആ ബാലൻ എങ്ങിനെ ദൈവത്തെ സ്നേഹിച്ചിരുന്നു എന്നും ദൈവസ്നേഹത്തെപ്രതി നന്മപ്രവൃത്തികൾ ചെയ്യുന്നതിനും തപക്രിയകൾ അനുഷ്ഠിക്കുന്നതിനും ശ്രദ്ധാലുവായിരുന്നു എന്നും നാം കണ്ടു. ഈ പ്രവൃത്തികളെല്ലാം ദൈവം ആനന്ദത്തോടുകൂടി വീക്ഷിച്ചതിൻെറ ഒരു അടയാളമെന്നവണ്ണം ചില അത്ഭുതസിദ്ധികൾ ദൈവം ദോമിനിക്കിനു നൽകുകയുണ്ടായി. അതാണ് കഴിഞ്ഞ തവണത്തെ രണ്ടു ചിത്രങ്ങൾ നമ്മെ കാണിച്ചതു്. അൾത്താരയുടെ മുമ്പിൽ ധ്യാനപരവശനായി നിലം തൊടാതെ അന്തരീക്ഷത്തിൽ പൊങ്ങിനില്ക്കുന്ന കാഴ്ച വിശുദ്ധനായ ഡോൺബോസ്കോതന്നെ കാണുവാനിടയായി.

വല്യേട്ടൻ.




## 39-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

| | | | | |
|---|---|---|---|---|
| 1 | 15 | 14 | 4 | |
| 12 | 6 | 7 | 9 | |
| 8 | 10 | 11 | 5 | 34 |
| 13 | 3 | 2 | 16 | |

## പ്രശ്നം നമ്പ്ര് 40

(ജോസഫ് ജെ. വെള്ളാനിക്കാരൻ, വയസ്സ് 13)

ഞാൻ നിങ്ങളുടെ ഒരു കുഞ്ഞുസഹോദരനാണ്. എൻെറ പേരിനു മൂന്നക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം ജോത്സ്യനിലുണ്ടു്, വൈദ്യനിലില്ല. രണ്ടാമത്തെ അക്ഷരം ട്രൗസറിലുണ്ടു്, ഷർട്ടിലില്ല. മൂന്നാമത്തെ അക്ഷരം ജിറാഫിലുണ്ടു്, കങ്കാരുവിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## പുനരൈക്യ ജൂബിലി

(വല്യേട്ടൻ)

ഇത്തവണത്തെ പത്രം ഒരു "ജൂബിലിസ്പെഷലാ"ണെന്നു നിങ്ങളെല്ലാവരും നേരത്തെ മനസ്സിലാക്കി. ഇപ്പോൾ അതു നിങ്ങളുടെ കൈവശം വന്നുകഴിയുകയും ചെയ്തു. എന്താണീ പുനരൈക്യം? എന്താണീ ജൂബിലി? എന്താണീ സ്പെഷൽ? എല്ലാവരുടേയും മനസ്സിൽ സ്വാഭാവികമായി പൊന്തിവരുന്ന പ്രശ്നങ്ങളാണിവ. പത്രം ഒരാവർത്തി വായിക്കുന്നവർക്കു ഇതെല്ലാം ഒരുവിധം മനസ്സിലാക്കാൻ സാധിക്കും. എങ്കിലും വല്യേട്ടൻെറ കുഞ്ഞനുജന്മാർക്കെല്ലാവർക്കും അതെളുപ്പത്തിൽ സാധിക്കുമോ എന്നറിഞ്ഞുകൂടാ. അതുകൊണ്ടു അതു ചുരുക്കത്തിൽ നിങ്ങളെ മനസ്സിലാക്കാനാണ് വല്യേട്ടൻെറ ശ്രമം. ഇത്തവണ സ്പെഷൽപ്പതിപ്പിൻെറ മുഴുവൻ ഭാഗവും പുനരൈക്യസംബന്ധിച്ച കാര്യങ്ങളായിരിക്കണമെന്നാണ് പത്രാധിപസമിതി നിശ്ചയിച്ചതു്. അതുകൊണ്ടു പത്രം മുഴുവനും പുനരൈക്യമാണ് പ്രതിപാദ്യം. പരമ്പരാലേഖനങ്ങൾപോലും മാററിവച്ചിരിക്കയാണ്. ബാലരംഗത്തിൻെറ കാര്യം വന്നപ്പോൾ വല്യേട്ടൻ സാഹസം പറഞ്ഞു, അതു മാററല്ലേ എന്നു്. കുഞ്ഞനുജന്മാരോടും കുഞ്ഞനിയത്തികളോടും പുനരൈക്യത്തിൻെറ കാര്യം പറയാനുള്ളതാണ്; അതുകൊണ്ടു് ആ രംഗം അത്യാവശ്യമാണ്, എന്നിങ്ങനെയുള്ള വാദങ്ങൾക്കു ബഃ പത്രാധിപർ കീഴ്പ്പെടാതെ നിവൃത്തിയില്ലെന്നായി. മാത്രമല്ല പുനരൈക്യത്തെപ്പററി കൂടുതൽ മനസ്സിലാക്കുമ്പോൾ ബാലികാബാലന്മാരുടെ ഒരു പട്ടാളം പുനരൈക്യപ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിനു അവരുടെ മാതൃകയും മദ്ധ്യസ്ഥനുമായ വിശുദ്ധ ദോമിനിക്കിനെ അനുകരിച്ച പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളുമാകുന്ന ആയുധങ്ങൾ ധരിച്ചുകൊണ്ടു രംഗത്തേക്കിറങ്ങുമെന്നു വല്യേട്ടൻ വാദിച്ചപ്പോൾ അവർ കൂപ്പുകൈയോടുകൂടി പിന്മാറി. ബാലരംഗത്തിനുവേണ്ടിയുള്ള വല്യേട്ടൻെറ വാദം ജയിച്ചു. ഇനി ചെയ്യേണ്ടതു ഉത്തരവാദിത്വങ്ങൾ നിറവേററുകയാണ്. അതു നിങ്ങളുടെ ശ്രമത്തിൽ പെട്ടതാണുതാനും.

### എന്താണീ പുനരൈക്യം?

ക്രിസ്തുവർഷം 52-ൽ ക്രിസ്തുവിൻെറ ശിഷ്യന്മാരിൽ ഒരാളായ മാർതോമ്മാശ്ലീഹാ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിക്കുന്നതിനു കേരളത്തിൽവന്നു. മാർതോമ്മാശ്ലീഹായുടെ വരവിനെ സംബന്ധിച്ച് നാം ബാലരംഗത്തിൽ പഠിച്ചതാണല്ലോ. ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭ വർദ്ധിച്ചു വളന്നു് ഉറച്ചൊരു സ്ഥാപനമായി ഇവിടെ പ്രശോഭിച്ചിരുന്നു. 16-ാം നൂററാണ്ടിൽ പോർത്തുഗീസുകാർ ഇവിടെ വന്നു. കച്ചവടസംബന്ധമായും മററും അവർക്കിവിടെ പ്രാമാണ്യം ലഭിച്ചു. ഭരണപരമായി അവർക്കു ധാരാളം സ്വാധീനവും അധികാരവും കൈവന്നു. മതപ്രചാരണത്തിലും അവർ ഉത്സുകരായിരുന്നു. വിശുദ്ധ ഫ്രാൻസീസ് സേവ്യർ മുതലായ മിഷനറിമാരുടെ പ്രവർത്തനം വളരെ വിജയിച്ചു. കേരളത്തിലെ ക്രൈസ്തവവിശ്വാസത്തിനു അതു വലിയൊരു നേട്ടമായിരുന്നു. എന്നാൽ ലത്തീൻറീത്തുകാരായ അവർ ഇവിടത്തെ സുറിയാനിക്രിസ്ത്യാനികളെക്കൂടി ലത്തീൻഭരണത്തിൽ കൊണ്ടുവരുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നു. ഇതു സാമുദായികമായി വലിയ അസ്വസ്ഥതകൾക്കു വഴിതെളിച്ചു. ഒടുവിൽ പോർത്തുഗീസുകാർക്കെതിരായി സുറിയാനിക്കാർ ഒന്നടങ്കം 1653-ൽ കൊച്ചിമട്ടാഞ്ചേരിയിൽ കൂനൻകുരിശിങ്കൽകൂടി പോർത്തുഗീസ് വൈദികഭരണത്തിനു കീഴ്പ്പെടുകയില്ലെന്നൊരു സത്യംചെയ്തു. ദുരന്തമായ സംഭവഗതികൾ സമുദായത്തിൽ ഒരു വലിയ ശീശ്മയിൽ ചെന്നവസാനിച്ചു. കത്തോലിക്കാസഭയുടെ കാനോനകൾക്കെതിരായി 12 പട്ടക്കാർകൂടി ആർക്കദിയാക്കോൻെറ തലയിൽ കൈവച്ചു അദ്ദേഹത്തിനു മെത്രാൻസ്ഥാനം കൊടുത്തു. ഈ കൈവെപ്പു അസാധുവും നിയമവിരുദ്ധവുമാണെന്നു മനസ്സിലാക്കിയ ഒരു വിഭാഗം ആ കക്ഷി ഉപേക്ഷിച്ചു. എന്നാൽ ഇതരവിഭാഗം ആ തെററിൽ ശഠിച്ചുനില്ക്കുകയും 1665 ൽ അന്ത്യോഖ്യാക്കിയായിൽനിന്നു മാർ ഗ്രിഗോറിയോസ് എന്നൊരു യാക്കോബായമെത്രാനെ വരുത്തി അദ്ദേഹത്തിൽനിന്നു പട്ടം സ്വീകരിച്ചു ശീശ്മയിൽ പെടുകയുംചെയ്തു. ഇങ്ങനെ രണ്ടായിത്തീർന്ന മാർതോമാക്രിസ്ത്യാനികളിൽ ശീശ്മയിൽപെട്ട വിഭാഗം വീണ്ടും കത്തോലിക്കാ ഐക്യത്തിലേക്കു തിരിച്ചുവരുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നു. കരിയാററിൽ യൗസേപ്പുമല്പാൻ ഈ കാര്യസാദ്ധ്യത്തിനായി പോർത്തുഗലിലും റോമയിലുംപോയി അതിനുവേണ്ട എല്ലാ അധികാരാനുവാദങ്ങളും വാങ്ങിച്ചു് മെത്രാപ്പോലീത്തായായി അഭിഷിക്തനായി മടങ്ങിവരവെ ഗോവയിൽവച്ചു 1786-ൽ മരണമടഞ്ഞു. ആ ശ്രമം സഫലമായില്ല. അതിനുശേ

(ശേഷം 12-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I